www.malankaralibrary.com

സെപ്റ്റംബർ 2023

# ക്രൈസ്തവ കാഹളം



## പുനരൈക്യ സ്മരണകളിൽ മലങ്കര സുറിയാനി കത്തോലിക്കാസഭ

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, സത്യസന്ധമായ വാക്കിലും ദൈവത്തിന്റെ ശക്തിയിലും വലത്തുകൈയിലും ഇടത്തുകൈയിലുമുള്ള കൃപാനിറവിന്റെ ആയുധത്തിലും എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.


www.malankaralibrary.com



സെപ്റ്റംബർ എട്ട്
പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ

www.malankaralibrary.com

ക്രൈസ്തവ കാഹളം
സെപ്റ്റംബർ 2023 വാല്യം 84 ലക്കം 9




രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്, പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

# ഉള്ളടക്കം

എഡിറ്റോറിയൽ 5

പിതൃമൊഴി 6

വിശ്വാസവഴിയിൽ പ്രത്യാശയായ പുനരൈക്യം 8

പുനരൈക്യത്തിന്റെ വചനാധിഷ്ഠിത പ്രസക്തി. 12

വിദ്യ പുറത്തായ വിദ്യാഭ്യാസം 15

കാന്റർബറിയിലെ വി. ആൻസലം 19

ഖജനാവ് കാലിയായാലെന്ത്,
സ്വന്തം കീശ വീർക്കുമല്ലോ! 28

ശ്ഹോഗോ ദ് ഉറ്ഹോ-(വഴിവിളക്ക്) 32



www.malankaralibrary.com

# എഡിറ്റോറിയൽ

## ദൈവം കാത്തുപരിപാലിച്ച മലങ്കര പുനരൈക്യ പ്രസ്ഥാനം

കേരളത്തിലെ പുത്തൻകൂർ സമുദായ ചരിത്രത്തിൽ യാഥാർത്ഥ്യമായ മലങ്കര പുനരൈക്യ പരിശ്രമങ്ങൾ 93 വർഷങ്ങൾ പിന്നിടുന്നു. കൂനൻ കുരിശിൽ പ്രതിജ്ഞ ചെയ്ത് സഭ രണ്ടായി പിളർന്നപ്പോൾ അന്നു മുതൽ ഐക്യത്തിനുള്ള ആഗ്രഹവും ആഹ്വാനവും പരിശ്രമങ്ങളും നടന്നു വന്നു. നൂറ്റാണ്ടുകൾ ഫലം കാണാതെ കടന്നുപോയപ്പോൾ 1930 സെപ്തംബർ 20 –ന് കൊല്ലം തങ്കശ്ശേരി അരമന ചാപ്പൽ ആ ചരിത്ര നിയോഗത്തിന്റെ ഫലപ്രാപ്തിക്ക് സാക്ഷിയായി. ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയും മാർ തെയോഫിലോസും ജോണച്ചനും അലക്സാണ്ടർ ശെമ്മാശനും കിളിലേത്ത് ചാക്കോയും അഭിവന്ദ്യ അലോഷ്യസ് മരിയ ബൻസിഗർ തിരുമേനിയുടെ മുൻപാകെ സാർവ്വത്രിക സഭാ കൂട്ടായ്മയിലേക്കുള്ള തങ്ങളുടെ പ്രവേശനം യാഥാർത്ഥ്യമാക്കി. അന്നുമുതൽ ഇന്നുവരെയും ഈ സഭയെയും സഭാ തലവന്മാരെയും എതിർക്കുക എന്നുള്ളത് ഓരോ കൂട്ടർ ജീവിതവ്രതമായി എടുത്തു. അന്നും ഇന്നും വ്യാജ കഥകൾ പ്രചരിപ്പിച്ച് ഈ ചെറിയ സഭയെ തളർത്തുക എന്നുള്ളത് പലരുടെയും  അജണ്ടയായിരുന്നു. എന്നാൽ കേസ് പറഞ്ഞും ഉരുളയ്ക്ക് ഉപ്പേരി പോലെ മറുപടി പറഞ്ഞും തിരികെ അതേ നാണയത്തിൽ പ്രസ്താവനകൾ നടത്തിയും ഊർജ്ജവും സമയവും കളയാൻ ഈ സഭയിലെ പിതാക്കന്മാർ ഒരു കാലഘട്ടത്തിലും ശ്രമിച്ചിട്ടില്ല. അകത്തോലിക്കരുടെ പുനരൈക്യത്തിനും അക്രൈസ്തവരുടെ സുവിശേഷവൽക്കരണത്തിനും ഈ സഭ ഊന്നൽ നൽകിക്കൊണ്ട് മുന്നോട്ടു പോയി. ഉന്നയിക്കപ്പെട്ട ആരോപണങ്ങളുടെ മുനയെല്ലാം ദൈവസംരക്ഷണത്തിന്റെ ചിറകിൻ കീഴിൽ ഒടിഞ്ഞുപോയതേയുള്ളൂ.

മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരത്ത് എത്തിച്ചേർന്ന് നൽകിയ ശുശ്രൂഷ നമുക്ക് എല്ലാവർക്കും അറിവുള്ളതാണ്. തിരുമേനി കൈകൊണ്ട നടപടികൾ ആരുമില്ലാത്തവരേയും സുവിശേഷം അറിയാത്തവരേയും ചേർത്തുനിർത്തുന്നതായിരുന്നു. തന്റെ പിൻഗാമികൾ ശ്രമിച്ചതും ആ വഴിക്കുതന്നെയാണ്. ധൂപക്കുറ്റി മണികളുടെ എണ്ണംനോക്കി പോകാതെയും കറുത്ത കുപ്പായത്തിന്റെ ഇറക്കം നോക്കി പോകാതെയും മാർ ഈവാനിയോസ് തിരുമേനിയും പിൻഗാമികളും അവരുടെ വൈദികരും ഇറങ്ങി പുറപ്പെട്ടതിന്റെ കർമ്മഫലങ്ങളാണ് ഇന്ന് കാണുന്ന മലങ്കര കത്തോലിക്കാ സഭ. വ്യാജ ആരോപണങ്ങളും ‘തങ്ങളുടെ ഇടവകകളുടെ പോലും വലിപ്പമില്ലാത്ത സഭ’യെന്ന കുത്തുവാക്കുകളും ഈ സഭ സ്വീകരിച്ചത് വളരെ സന്തോഷത്തോടെയാണ്. ഈ ദിവസങ്ങളിലെ കേരള സഭാ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ അത്യഭിവന്ദ്യ ബാവാ തിരുമേനിയേയും ഈ കൊച്ചു സഭയേയും ആക്ഷേപിച്ച് സംതൃപ്തിയടയാൻ ഇറങ്ങിപുറപ്പെട്ട സഭാവിരുദ്ധന്മാരോട് ഈ സഭയ്ക്ക് പ്രത്യേകിച്ച് ഒന്നും പറയാനില്ല. കാലം അവരുടെ കണ്ണുകൾ തുറപ്പിക്കും എന്ന പ്രത്യാശയാണ് ഈ സഭയ്ക്കുള്ളത്. ആരംഭ കാലഘട്ടങ്ങളിൽ ഒപ്പം നിന്ന് വളർത്തിയവർ തലമുറകൾ മാറിവന്നപ്പോൾ കുതികാൽ വെട്ടിയും പരിഹസിച്ചും സംതൃപ്തിയടഞ്ഞ സമയങ്ങളിൽ ഈ കൊച്ചു സഭ ദൈവത്തിന് നന്ദി പറഞ്ഞു. അതുകൊണ്ടൊന്നും ഈ സഭ തളരില്ല. തങ്ങളുടെ ദൗത്യം വിസ്മരിച്ച് സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം ശ്രദ്ധമാറ്റിയും വ്യാജ ആരോപണങ്ങൾ ഉന്നയിച്ചും മുന്നോട്ടുപോയാൽ തങ്ങളുടെ കണ്ണിലെ തടിക്കഷണങ്ങൾ മാറാതെ അവിടെ കിടക്കും. ഈ തിരിച്ചറിവ് എല്ലാവർക്കും നല്ലതാണ്.



നവമാധ്യമങ്ങൾവഴി മാത്രം മലങ്കര സുറിയാനി കത്തോലിക്കാ സഭയെ വളർത്താമെന്നു കരുതുന്ന പുതുതലമുറയോട് ഒരു വാക്ക്. സോഷ്യൽ മീഡിയ വളർത്തിയ സഭയല്ലിത്. മേലനങ്ങി അധ്വാനിച്ചവരുടെ സഭയാണ്. എന്നും സമർപ്പണബുദ്ധിയോടെ പ്രാർത്ഥിക്കുന്നവരുടെ സഭയാണിത്. സഭയുടെ എല്ലാ പ്രശ്നങ്ങളും സോഷ്യൽ മീഡിയായിൽ ചർച്ച ചെയ്ത് പരിഹരിക്കാമെന്നുള്ളത് തലയ്ക്ക് വെളിവില്ലാത്തവരുടെ ചിന്തയാണ്. അതുകൊണ്ട് സഭാഗാത്രത്തെ ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നവർ മൗനം പാലിക്കേണ്ടിടത്ത് അത് പാലിച്ചും ചർച്ച ചെയ്യേണ്ട പ്ലാറ്റ്ഫോമുകളിൽ അത് ചർച്ചചെയ്തും ആണ് പരിഹരിക്കേണ്ടത്. പള്ളിയിൽ കയറാതെ, സഭാ നിയമങ്ങൾ ലംഘിച്ച്, കൗദാശിക സ്വീകരണത്തിന് മുടക്കം വാങ്ങി ഫേസ്ബുക്കിലെ പരസ്യവരുമാനത്തിനായി ഈ സഭയെ വിറ്റ് തിന്ന് ജീവിക്കാമെന്ന് ആരും കരുതരുത്. ഈ സഭ ദൈവം തന്റെ ചിറകിൽ സംരക്ഷിച്ച് വളർത്തിയ സഭയാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!



**റവ. ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com

പിതൃമൊഴി

# ഐക്യം: സ്വാതന്ത്ര്യത്തിലേക്കും സമർപ്പണത്തിലേക്കുമുള്ള വിളി



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യ പ്രസ്ഥാനം 93 സുവർണ്ണ വർഷങ്ങൾ പിന്നിടുകയാണ്. പരിശുദ്ധാത്മ നടത്തിപ്പിൽ സമാധാന പൂർണ്ണമായ എന്നാൽ ചടുലമായ വളർച്ചയുടെ പാതയിൽ ഈ സഭാസമൂഹം ഒരു നൂറ്റാണ്ടോളം പൂർത്തിയാക്കുന്നു എന്നത് ദൈവസന്നിധിയിൽ എത്ര നന്ദി പറഞ്ഞാലും മതിയാകാത്ത കാര്യമാണ്. ഇത് ചരിത്രത്തിലുണ്ടായ മുറിവുകൾക്ക് സ്വർഗ്ഗം നൽകിയ ഔഷധമാണ്. സഭാഗാത്രം എന്നും ഒന്നായിരിക്കാനുള്ള പരിശുദ്ധാത്മാവിന്റെ ആഗ്രഹത്തിന്റെ പ്രതിഫലനമാണ്. തർക്കവിതർക്കങ്ങളും വ്യവഹാരങ്ങളുമല്ല സ്നേഹവും സമാധാനവുമാണ് തീർത്ഥാടക സഭയ്ക്ക് ഉചിതം എന്ന ഓർമ്മപ്പെടുത്തലാണ് ഈ ഐക്യശുശ്രൂഷയ്ക്ക് മർമ്മമായി നിൽക്കുന്നത്.

അസമാധാനത്തിന്റെയും വിഭജനത്തിന്റെയും ആലാത്തുകൾ വലിച്ചുകെട്ടിയ 1653-ലെ കൂനൻ കുരിശു സത്യത്തിന്റെ മാറ്റൊലികൾ ഭാരതസഭയുടെ ചരിത്രത്തിൽ ഒന്നിനുപുറകെ ഒന്നായി അനേകം വിഭജനങ്ങൾക്ക് കാരണമായി. ഒന്നായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ പലസഭകളിലായി ഇന്ന് നിലകൊള്ളുന്നത് കൂനൻ കുരിശിലെ പ്രഖ്യാപനാനന്തരമുണ്ടായ അനേക കാരണങ്ങളാലാണ്. സാർവ്വത്രിക സഭാകൂട്ടായ്മയിൽ നിന്നുമുള്ള വേർപിരിയൽ മലങ്കര സഭയ്ക്കുണ്ടാക്കിയ മുറിവുകളും വേദനകളും തിരിച്ചറിഞ്ഞ മലങ്കര സഭാ പിതാക്കന്മാരും സഭാമക്കളും വിഭജനം നടന്ന് ഏറെക്കാലം കഴിയുന്നതിനു മുൻപുതന്നെ ഐക്യത്തിനായി രംഗത്തുവന്നി രുന്നുവെന്നത് ചരിത്രം!

300 വർഷക്കാലത്തെ നിരന്തരമായ ഈ പരിശ്രമങ്ങളെ ഫലപ്രാപ്തിയിൽ എത്തിക്കുവാനുള്ള അസുലഭ ഭാഗ്യവും അതുല്യ നിയോഗവുമാണ് 1930 സെപ്റ്റംബർ 20-ന് മാർ ഈവാനിയോസ് എന്ന മലങ്കര സൂര്യതേജസ്സിലേക്ക് കൃപയായി ഒഴുകിയെത്തിയത്. കൂടെ നിന്നവരും പ്രോൽസാഹിപ്പിച്ചവരും വിവിധ കാരണങ്ങളാൽ പിന്മാറിയപ്പോഴും വിമർശന ശരങ്ങൾ തൊടുത്തപ്പോഴും ദൈവബന്ധത്തിന്റെ അടിത്തറയിൽ ഉറച്ച കാൽവയ്പ്പോടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ മുന്നോട്ടു നീങ്ങി. ആ തീരുമാനത്തിന്റെ ദൈവിക ഭാവവും ശരിയും 93 വർഷക്കാലത്തെ നമ്മുടെ സഭയുടെ വളർച്ചയിലൂടെ ദൈവം നമുക്കു ബോധ്യപ്പെടുത്തിത്തന്നു. നമ്രശിരസ്കരായി നമുക്ക് കർത്താവിന് നന്ദിപറയാം.

തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയുമായി തുടങ്ങിയ നമുക്ക് ഇപ്പോൾ പന്ത്രണ്ട് രൂപതകളും ഒരു മേജർ

www.malankaralibrary.com

ആർച്ചുബിഷപ്പ് കാതോലിക്കോസും ഒരു ആർച്ചുബിഷപ്പും റിട്ടയർ ചെയ്ത രണ്ടു മെത്രാപ്പോലീത്താമാരും ഉൾപ്പെടെ 15 വൈദിക മേലദ്ധ്യക്ഷന്മാരും സഭയ്ക്കുണ്ട്. ഭാരതം മുഴുവൻ പ്രേഷിത ശുശ്രൂഷ ചെയ്യു വാൻ ആഗ്രഹിച്ച ഭാഗ്യസ്മരണാർഹനായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥന അന്വർത്ഥമാക്കുമാറ് മലയാളം, തമിഴ്, കന്നഡ, ഹിന്ദി, പഞ്ചാബി, ഒറിയ, തെലുങ്ക്, മറാത്തി, ആസാമീസ്, നോർത്ത് ഈസ്റ്റ് എന്നി പത്തോളം ഭാഷാസമൂഹങ്ങളിലെ തദ്ദേശീ യരായ മക്കൾ മലങ്കര സുറിയാനി കത്തോലിക്കാ വിശ്വാസികളായി ഭാരതത്തിലുണ്ട് എന്നത് നമ്മുടെ പ്രത്യേകതയാണ്. ഭാരതത്തിനു പുറത്ത് വടക്കേ അമേരിക്കയും കാനഡയും ഉൾപ്പെട്ട സമാധാന രാജ്ഞി ഭദ്രാസനം ന്യൂയോർക്ക് കേന്ദ്രമാക്കി സജീവമായി ശുശ്രൂഷയിൽ മുന്നേറുന്നു. യൂറോപ്പിലും ഓഷ്യാനായിലും അപ്പസ്തോലിക് വിസിറ്റർമാരുടെ നേതൃത്വത്തിൽ സഭാ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഗൾഫിലെ മിക്ക രാജ്യങ്ങളിലും നമ്മുടെ കൂട്ടായ്മകൾ ശക്തമായി വളരുന്നു.

ഇതെല്ലാം ആഗോള സഭാസംസർഗ്ഗത്തിലൂടെ മാത്രം നമ്മുടെ സഭയ്ക്ക് കൈവന്ന ഭാഗ്യമാണ്. വ്യവഹാരങ്ങളും അസമാധാനങ്ങളുമില്ലാതെ കഴിയണമെങ്കിൽ കത്തോലിക്കാസഭയിൽ പ്രവേശിക്കുകയെന്ന ആ വന്ദ്യപിതാവിന്റെ തീരുമാനം ശരിയെന്ന് 93 വർഷക്കാലത്തെ സഭാശുശ്രൂഷകളിലുടെയും ഉയർച്ചകളിലൂടെ പരിശുദ്ധാത്മാവ് നമുക്ക് മനസ്സിലാക്കിത്തരുന്നു.

സ്വാതന്ത്ര്യം എപ്പോഴും കൂടുതൽ ഉത്തരവാദിത്വം ആവശ്യപ്പെടുന്നു. വളർച്ച എപ്പോഴും കൂടുതൽ കൂട്ടുത്തരവാദിത്വം ആവശ്യപ്പെടുന്നു. വിശ്വാസവും സഭാജീവിതവുമൊക്കെ വിമർശനാത്മകമായി ചർച്ച ചെയ്യപ്പെടുകയും അത് അകൽച്ചകൾക്ക് കാരണമാവുകയും ചെയ്യുന്ന സമകാലിക സമൂഹത്തിൽ 'ഐക്യം' എന്നത് ഒരു 'ഗോൾഡൻ' വാക്കാണ്. ഭിന്നതകളുടേയും ഉതപ്പുകളുടെയും വിഷമസന്ധിയിൽ ഐക്യം ഒരു സുവർണ്ണ നിയമമാണ്. ഇനിയൊരിക്കലും ഒന്നിന്റേയും പേരിൽ വിഭജിതരാവാതിരിക്കുക എന്നത് പുനരൈക്യ പ്രസ്ഥാനത്തിന്റെ മക്കളുടെ കടമയാണ്. സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ നമുക്കു പരിശ്രമിക്കാം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തൊണ്ണൂറ്റിമൂന്നാം പുനരൈക്യ വാർഷികവും സഭാ സംഗമവും 2023 സെപ്റ്റംബർ 20, 21 തീയതികളിൽ മൂവാറ്റുപുഴയിൽ വച്ച് നടത്തപ്പെടുന്നു. തദവസരത്തിൽ സഭാമക്കളേവരുടേയും പ്രാർത്ഥനയും സാന്നിദ്ധ്യവും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു.

സ്വാതന്ത്ര്യ ബോധവും സമർപ്പണ മനസ്സുമാണ് സഭാജീവിതത്തിന്റെ സജീവ ഘടകങ്ങൾ. ദൈവമക്കളുടെ സ്വാതന്ത്ര്യം സുവിശേഷ മൂല്യങ്ങളിലേക്കുള്ള സമർപ്പണം എന്നിവ ഒഴിച്ചുകൂടാനാവാത്ത ഭാവങ്ങളാണ്. സഭാസ്നേഹിതരെ സംബന്ധിച്ചിടത്തോളം വ്യവഹാരങ്ങൾ കണ്ടു മനസ്സു മടുത്ത സഭാമക്കളെ ഏറ്റവും ഔന്നത്യഭാവത്തിൽ പരിപാലിക്കുകയെന്നതാണ് പ്രധാന ധർമ്മം. അതിൽ സുപ്രധാന ഭാവങ്ങളാണ് ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യവും സമർപ്പണ മനോഭാവവുമെന്നത് നമ്മുടെ ഓർമ്മയിൽ ഇരിക്കണം!

ദൈവം അനുഗ്രഹിക്കട്ടെ!

നിങ്ങളുടെ പിതാവ്,

+Baselios Cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

www.malankaralibrary.com





# വിശ്വാസവഴിയിൽ പ്രത്യാശയായ പുനരൈക്യം



ദൈവപരിപാലനയുടെ ഒൻപത് പതിറ്റാണ്ടുകൾ പിന്നിട്ട് പുനരൈക്യ പ്രസ്ഥാനം ഇന്നു ഉത്തമ ക്രൈസ്തവസാക്ഷ്യത്തിന്റെ പ്രഘോഷകയായി മലങ്കരസഭയുടെ ആരാധനാപാരമ്പര്യവും സ്വയം ഭരണാധികാരവും അലംഘനീയമായി കാത്തുസൂക്ഷിച്ച് സാർവ്വത്രിക സഭയിൽ നിലനിൽക്കുന്നു. യേശുവിന്റെ സത്തയുടെ പ്രതിരൂപമാണ് സഭ. അപ്പസ്തോലന്മാർ പ്രസംഗിച്ച സുവിശേഷം ഒന്നുതന്നെയാണ്. വിശ്വാസത്തിന്റെ ഉള്ളടക്കവും ഒന്നാണ്. സ്ഥലത്തിന്റെ സവിശേഷതകളും സാംസ്കാരിക പശ്ചാത്തലവും പ്രഘോഷണരീതിയിൽ വ്യത്യസ്തതയ്ക്കു കാരണമായി. എന്നാൽ സുവിശേഷത്തിന്റെയും വിശ്വാസത്തിന്റെയും സാരത്തിന് (Content of Faith) മാറ്റമില്ല. നവസുവിശേഷവൽക്കരണത്തിന്റെ ഇക്കാലത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭ സമാനകതകളില്ലാത്ത പ്രേഷിത

**റവ. ഫാ. ഗീവർഗ്ഗീസ് വലിയചാങ്ങവീട്ടിൽ**



www.malankaralibrary.com

പ്രവൃത്തിയിലൂടെ ആഗോളകത്തോലിക്കാ സഭയിൽ ഏവരുടെയും ശ്രദ്ധ നേടിക്കഴിഞ്ഞു.

സഭ എന്നും ദൈവസാന്നിധ്യത്തിന്റെ അടയാളമാണ്. "ദൈവവുമായുള്ള സംസർഗത്തിന്റെയും, മനുഷ്യവർഗ്ഗം മുഴുവനിലുമുള്ള ഐക്യത്തിന്റെയും അടയാളവും, ഉപകരണവുമാകുന്നു" (തിരുസ്സഭ 1). ചരിത്രപരമായ വിശകലനത്തിനപ്പുറം പുനരൈക്യത്തിന്റെ ഇന്നത്തെ സ്ഥിതിയും പ്രസക്തിയും തിരിച്ചറിയണം. മേൽപ്പറഞ്ഞ സഭയുടെ സ്വഭാവം തിരിച്ചറിഞ്ഞപ്പോൾ തന്നെതന്നെ ശൂന്യവൽക്കരിച്ച് മാതൃസഭയോട് ഐക്യപ്പെടാനുള്ള തീവ്രാഭിലാഷം ഫലപ്രാപ്തിയിലെത്തിയതാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തുടക്കമിട്ട പുനരൈക്യം.

**മലങ്കരസഭയുടെ പൂർവ്വദൃശ്യം**

സത്യത്തിന്റെ അജയ്യശക്തിക്കു മനസാക്ഷി വിധേയപ്പെടുന്നതാണ് പുനരൈക്യമാർഗ്ഗം (മൂന്നാം സഹസ്രാബ്ദത്തിലേക്ക്, പേജ് 59) 1653-ലെ കൂനൻകുരിശു സത്യത്തോടെ ഭിന്നിക്കപ്പെട്ട കേരളത്തിലെ അപ്പസ്തോലിക സഭയായിരുന്ന മലങ്കരസഭ, തുടർന്നുള്ള നൂറ്റാണ്ടുകളിൽ വിദ്വേഷത്തിന്റെയും കോടതിവ്യവഹാരങ്ങളുടെയും രോക്ഷാഗ്നിയിൽ എരിഞ്ഞടങ്ങുകയായിരുന്നു. വിശ്വാസവൈപരീത്യം ആത്മീയ ജീർണ്ണതയ്ക്കു കാരണമായി. പരസ്പരമുള്ള കലഹങ്ങളും വിഭജനത്തിന്റെ മുറിവിന് ആഴംകൂട്ടി. മാർ തോമ്മാശ്ലീഹാ പകർന്നു നൽകിയ സുവിശേഷസാക്ഷ്യത്തിന്റെ ജീവിതം അന്യമായി മലങ്കരസഭയ്ക്ക്. പ്രേഷിതപ്രവൃത്തിയിൽ നിന്നകന്ന സഭ അധികാരകേന്ദ്രങ്ങളിലും ഭൗതികസമ്പാദ്യങ്ങൾ നേടാനുള്ള വ്യഗ്രതയിലും മുഴുകി.

ഒരിടയനും തൊഴുത്തുമെന്ന സുവിശേഷ സങ്കൽപത്തിന്റെ ആവിഷ്കാരമായിരുന്നു ഇവിടുത്തെ ക്രൈസ്തവസമൂഹം. എന്നാൽ നമ്മുടെ ആരാധനാ പാരമ്പര്യങ്ങളും, ആചാരനുഷ്ഠാനങ്ങളും പാശ്ചാത്യവത്ക്കരിക്കാനുള്ള മിഷനറിമാരുടെ പരിശ്രമത്തെ തദ്ദേശീയരായ സഭാ നേതൃത്വം എതിർത്തു എങ്കിലും അവർ വരുത്തിയ ഭേദഗതികളെ അംഗീകരിച്ച ഒരുകൂട്ടം നസ്രാണികൾ കത്തോലിക്കാസഭയുമായുള്ള സംസർഗ്ഗത്തിൽ ഉറച്ചുനിന്നു. ഒരുവിഭാഗം സഭയുടെ സാർവ്വത്രികമാനം ഉപേക്ഷിച്ച് കത്തോലിക്കാ സഭയിൽ നിന്നും വേർപെട്ടുപോയി. പിന്നീടുള്ള കാലങ്ങളിൽ അവിസ്മരണീയമായവിധത്തിൽ പുനരൈക്യപരിശ്രമങ്ങൾ കേരള ക്രൈസ്തവ സഭയിൽ നടന്നു. വിഭജനത്തിന്റെ പരിണിതഫലമായി ഉണ്ടായ വിശ്വാസജീവിതാപചയവും, ആത്മീയ ജീർണ്ണതയും സഭൈക്യപ്രവർത്തനങ്ങൾ ഫലപ്രാപ്തമാകുന്നതിന് വിഘാതമായി. അതിനെക്കുറിച്ച് മാർ ഈവാനിയോസ് പിതാവ് ഇപ്രകാരം പറയുന്നു. "പുണ്യശ്ലോകനായ മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമെന്നും പത്തിരുപതു നൂറ്റാണ്ടുകളോളം പഴക്കമുള്ളതെന്നും അഭിമാനിച്ചുവരുന്ന മലങ്കര സുറിയാനി സമുദായം ഇക്കാലത്തിനകം, അതിന്റെ കർത്തവ്യകർമ്മമേതോ ആ വിഷയത്തിൽ – സ്ഥാപനോദ്ദേശ്യമേതോ ആ കാര്യത്തിൽ ഇത:പര്യന്തം ഗണ്യമായി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളത് വലിയൊരു അപരാധമായി തന്നെ കണക്കാക്കേണ്ടതെന്നുള്ളതാണ്. ക്രിസ്ത്വാബ്ദം 52-ാം ആണ്ടിൽ രക്ഷകനായ മിശിഹാതമ്പുരാന്റെ നിർദ്ദേശപ്രകാരം കൊളുത്തിവെക്കപ്പെട്ട ആ മഹാപ്രദീപം ഇന്നും അതേനിലയിൽത്തന്നെ ഇരിക്കുന്നതല്ലാതെ, അതുകൊണ്ടു നിഷ്പ്രഭങ്ങളായ പരിസരങ്ങൾക്കു പ്രകാശവും പ്രസരിപ്പും ലഭിക്കാനിടയായിട്ടില്ലെന്നുള്ളത് സമ്മതിച്ചേ മതിയാകുകയുള്ളൂ. (ഗിരിദീപം, പേജ് 56). വിഭജനം ഏല്പ്പിച്ച മുറിവ് ദൗത്യനിർവ്വഹണത്തിലെ പരാജയത്തിനു കാരണമായി സത്യവിശ്വാസം പരിത്യജിച്ച് സാർവ്വത്രിക സഭയിൽ നിന്നകന്നപ്പോൾ ദൈവത്തിൽ നിന്നും കേരള സുറിയാനി സമുദായം അകന്നു. മാരകമായ ഭിന്നിപ്പിന്റെ രോഗം സഭയുടെ മുഖ്യ ലക്ഷ്യമായ മിഷണറി സംരംഭത്തെ നിഷ്പ്രഭമാക്കുന്നു. സുവിശേഷ പ്രഘോഷണത്തിന് തടസ്സമുണ്ടാക്കുന്നു.(മൂന്നാം സഹസ്രാപ്ദത്തിലേക്ക്, പേജ് 58) . പ്രതികൂല സാഹചര്യങ്ങളാൽ കഴിഞ്ഞുപോയ തലമുറയ്ക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. അതിനാൽ പ്രശ്നപരിഹാരത്തിനായി മലങ്കരസുറിയാനി സമുദായം ഉണർന്നു പ്രവർത്തിക്കണം. കാരണം "ക്രൈസ്തവസഭയുടെ സർവ്വപ്രധാനമായ ചുമതല സുവിശേഷപ്രചാരണമത്രെ, (ഗിരിദീപം പേജ് 56). രക്ഷകനായ യേശുതമ്പുരാനെ ഏവർക്കും കാണിച്ചുകൊടുക്കുക എന്നതാണ് അതിന്റെ മുദ്രാവാക്യക്യം.

**സെറാമ്പൂർ: ജ്ഞാനോദയത്തിന്റെ പവിത്ര ഇടം**

കത്തോലിക്കാ സഭയുമായുള്ള ഐക്യം വീണ്ടെടുക്കാനുള്ള മാർ ഈവാനിയോസ് പിതാവിന്റെ ബോധ്യം പ്രവാചകതുല്യമായ ഒരു ജീവിത നിയോഗവും തീരുമാനവുമായിരുന്നു. പത്രോസിന്റെ പിൻഗാമിയുമായുള്ള സംസർഗ്ഗം മലങ്കര സഭയിൽ നിലനിൽക്കുന്ന സമാധാനവും പുരോഗതിയും സംജാതമാക്കുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. കത്തോലിക്കാ സഭാ വിജ്ഞാനീയവും, ക്രിസ്തുശാസ്ത്രവും കൂടുതൽ ആഴത്തിൽ പഠിക്കാൻ പിതാവ് തുടങ്ങി. തത്ഫലമായി വിഭജനം ക്രിസ്തുസാക്ഷ്യത്തിന് തടസ്സമാണെന്ന് അദ്ദേഹം മനസ്സിലാക്കി 1919 വരെ സെറാമ്പൂരിൽ സഭാചരിത്രം പഠിപ്പിച്ച നാളുകൾ ജ്ഞാനോദയത്തിന്റെ പുണ്യദിനങ്ങളായിരുന്നു. വിദ്യാഭ്യാസത്തിലൂടെ മാത്രമെ തന്റെ സഭയുടെ വളർച്ച സാധ്യമാകൂ എന്ന തിരിച്ചറിവിൽ ധാരാളം യുവതി യുവാക്കന്മാരെ പഠിപ്പിക്കാൻ ആരംഭിച്ചു. സന്ന്യാസജീവിതത്തിനാവശ്യമായ പരിശീലനവും അവർക്കു നൽകി. തന്റെ സെറാമ്പൂർ വാസത്തെ സുവിശേഷ പ്രചരണത്തെ ലാക്കാക്കി വേലക്കാരെ ഒരുക്കുന്നതിനുവേണ്ടി അദ്ദേഹം വിനിയോഗിച്ചു. "സമൂദായത്തിലുണ്ടായിട്ടുള്ള വ്രണങ്ങൾ കരിയുമാറ് ഇടവകകൾ തോറും സഞ്ചരിച്ച് പ്രസംഗങ്ങൾ നടത്തുക, അവിടവിടെയുള്ള ആത്മീയാസ്വാസ്ഥ്യങ്ങൾക്ക് പരിഹാരമുണ്ടാക്കുക, സണ്ടേസ്കൂളുകൾ വർദ്ധിപ്പിച്ച് ബാലികാബാലന്മാരിൽ ആത്മീയബോധം കൈവരുത്തുക, വിജാതീയരുടെ ഇടയിൽ സുവിശേഷം അറിയിച്ചുകൊണ്ട് അവരെ സത്യവിശ്വാസികളാക്കിത്തീർക്കുക, മുതലായി സുവിശേഷവേലക്കാരായി ഇറങ്ങുന്നവരെകൊണ്ടും

www.malankaralibrary.com



പലതും സാധിക്കാവുന്നതാണ്” (ഗിരിദീപം 57). ഇന്നും പൂർണാർത്ഥത്തിൽ യാഥാർത്ഥ്യമാകാത്ത മഹത്തായ സ്വപ്നമാണിവിടെ പരാമർശിക്കുന്നത്. എല്ലാത്തരത്തിലുമുള്ള ജീർണാവസ്ഥകളെയും സുവിശേഷ ദീപ്തിയാൽ ഉജ്വലിപ്പിക്കാനാകും. സുവിശേഷപ്രചാരണത്തിന് നാം പ്രഥമ സ്ഥാനം നൽകണം. ഭൗതിക വളർച്ചയെ അടിസ്ഥാനമാക്കി സുവിശേഷ പ്രചാരണത്തിന്റെ വ്യാപ്തി നിർണ്ണയിക്കാൻ സാധിക്കില്ല. “ദൈവസ്നേഹത്തെ ജീവിത പ്രമാണമാക്കിയവരായി, ദൈവഭക്തി യിൽ പരിപോഷിക്ക പ്പെടുന്നവരായുള്ള വരെ തെരഞ്ഞെടുത്ത് രൂപീകരിക്കപ്പെടുന്ന ഒരു സ്ഥാപനം കൊണ്ടു മാത്രമെ സുറിയാനി സമുദായത്തിന് യഥാർത്ഥമായ അഭ്യുദയവും സുവിശേഷപ്രചരണ വേലയ്ക്കു വാസ്തവമായ ഫലപ്രാപ്തിയും ഉണ്ടാകയുള്ളൂ'' (ഗിരിദീപം 59). മാർ ഈവാനിയോസിന്റെ പിതാവിന്റെ വാക്കുകളിൽ പറഞ്ഞാൽ, സുവിശേഷ പ്രചരണം വാക്കുകളാലോ, വാക്യങ്ങളാലോ മാത്രമല്ല, സുകൃതനടപടികളാലും പരോപകാർത്ഥമായ സ്നേഹവ്യാപാരങ്ങളാലും നിർവ്വഹിക്കപ്പെടേണ്ടതാണ്. സെറാമ്പൂർ വാസത്തിനിടയിലാണ് ഇത്തരത്തിൽ സമുദായാഭിവൃദ്ധിയെ അഭിമുഖീകരിച്ചുള്ള ചിന്തകളുടെ ഫലമായിട്ടാണ് മിഷനറി സംഘത്തെക്കുറിച്ചുള്ള ആലോചനകൾ പിതാവിന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചത്.

**ബഥനി: ദൈവസാന്നിധ്യത്തിന്റെ കെടാവിളക്ക്**

കലഹങ്ങളും വ്യവഹാരങ്ങളും ശമിച്ച് മലങ്കര സഭയിൽ പ്രശാന്തതയുണ്ടാക്കുക ക്ഷണസാധ്യമല്ലെന്നു മനസ്സിലാക്കിയ പിതാവ് സെറാമ്പൂരിൽ തുടങ്ങിയ ശൈശവാശ്രമത്തെ തിരികെവന്ന് മുണ്ടൻമലയിൽ സ്ഥാപിച്ചു. സുവിശേഷാനുസൃതം സഭയെ നവീകരിക്കാൻ സന്യാസജീവിതത്തിലൂടെ മാത്രമെ ആകുകയുള്ളൂ എന്ന ബോധ്യത്തിൽ അങ്ങനെ ‘ബഥന്യാശ്രമം’ യാഥാർത്ഥ്യമായി. ഭാരതീയ സന്ന്യാസ ദർശനത്തിൽ രൂപംകൊണ്ട ബഥനി പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും മലങ്കര സമുദായത്തിന്റെ ദയനീയ സ്ഥിതി പരിഹരിക്കാൻ അക്ഷീണം പരിശ്രമിച്ചു.

സുവിശേഷ ധ്യാനങ്ങളും ആത്മനവീകരണ ശുശ്രൂഷകളും നിർവ്വഹിച്ച് എല്ലാത്തരത്തിലുമുള്ള കലഹങ്ങളിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നും ഒഴിഞ്ഞു നിന്നു. പിതാവ് ഇപ്രകാരം പറയുന്നു, “സുകൃതങ്ങൾ സുകൃതരിൽ നിന്നു മാത്രമെ സംജാതമാവുകയുള്ളൂ. പുണ്യപ്രവർത്തികളെക്കാൾ പ്രാധാന്യം കൊടുക്കേണ്ടത് പുണ്യജീവിതത്തിനത്രെ. ലോകരെ ദൈവത്തിങ്കലേക്കു തിരിക്കണമെങ്കിൽ യഥാർത്ഥമായ ദൈവഭക്തിയും ദൈവസ്നേഹവുമുള്ള സുവിശേഷകന്മാർ ഉണ്ടായിരിക്കണം” (ഗിരിദീപം, 59). സ്നേഹബന്ധങ്ങളെ മുറിപ്പെടുത്തിക്കൊണ്ടുപോലും സത്യത്തെ ആശ്ലേഷിക്കുവാൻ മനസാക്ഷി സന്നദ്ധമായി സഭാ ഭിന്നതയുടെ അകൽച്ച കുറയ്ക്കണം. ഐക്യത്തിന്റെ കാഹള ധ്വനി തന്നിലൂടെ മുഴങ്ങണമെന്നത് ദൈവനിയോഗമാണെന്നു തിരിച്ചറിഞ്ഞ പിതാവ് അതിനായി സ്വയം ശൂന്യവൽക്കരിക്കാൻ തീരുമാനിച്ചു. 1929 ജനുവരി 14-ന് മാമ്മൻ മാപ്പിളയ്ക്ക് എഴുതിയ കത്തിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാനുള്ള തന്റെ ഉള്ളിലെ ആഗ്രഹം പിതാവ് വെലിപ്പെടുത്തി.

‘‘ദൈവത്താൽ നയിക്കപ്പെടുകയാണ് നമ്മുടെ മുമ്പോട്ടുള്ള ചുവടുവയ്പ്പിൽ താൻ വളർന്നു വന്ന സമൂഹത്തെ നവീകരിച്ച് ഐശ്വര്യത്തിലേക്ക് നയിക്കാൻ ആഗ്രഹിക്കുന്നു. അതിനു റോമുമായുള്ള ഐക്യം മാത്രമാണ് പോംവഴി. അതിനായി തന്റെ ജീവിതം ബലിയായി അർപ്പിക്കാൻ പരിശുദ്ധാത്മാവ് തന്നെ നിരന്തരം പ്രചോദിപ്പിക്കുന്നു. കുലീനമായൊരു ആദർശമുള്ള പ്രസ്ഥാനത്തിനു മാത്രമെ നവീകരണം സാധ്യമാക്കി ഈ സമൂഹത്തെ രക്ഷിക്കാനാകൂ. ആ ആദർശം ഉയർത്തിപ്പിടിക്കാൻ ദൈവം എന്നെ വിളിക്കുന്നു. വ്യക്തിപരമായ നേട്ടങ്ങൾക്കല്ല ദൈവമഹത്വത്തിനാണ് ഞാൻ റോമുമായി ഇടപ്പെട്ടത്. മറിച്ച് ഞാൻ ലക്ഷ്യമാക്കിയത് യാക്കോബായ സമൂഹത്തിന്റെ ഉന്നതിയും അപ്പസ്തോലനായ മാർതോമായുടെ വേർപെട്ടുപോയ മക്കളുടെ പുനരൈക്യവുമാണ്. നമ്മുടെ സഭയുടെ നിലവിലെ ആരാധനാ പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും സഭാനേതൃത്വവും നിലനിർത്തിക്കൊണ്ടുള്ള പുനരൈക്യമാണ് ഞാൻ ആവശ്യപ്പെട്ടത്. അങ്ങനെ പുത്തൻ കൂറ്റുകാർ- പഴയ കൂറ്റുകാർ സമുദായത്തിനു മുൻപിൽ പുനരൈക്യത്തിന്റെ കവാടം തുറക്കാനും”(ജി. ചേടിയത്ത്, മലങ്കര കത്തോലിക്കാ സഭ, പേജ് 101-102). ഭാരത സുവിശേഷവൽക്കരണത്തിന് സഭകൾ ഒന്നിച്ച് മുന്നേറണമെന്ന പിതാവിന്റെ തീവ്രമായ ആഗ്രഹം ദൈവപരിപാലനയിൽ ഫലപ്രാപ്തിയിലെത്തി 1930 സെപ്തംബർ 20-ൽ നടന്ന പുനരൈക്യത്തിൽ. സാർവ്വത്രിക സഭയിൽ തനതായ ആരാധനാനുഷ്ഠാനങ്ങളോടും അധികാര നിർവ്വഹണത്തോടും മലങ്കര സുറിയാനി കത്തോലിക്കാ സഭ ജന്മമെടുത്ത പുണ്യ ദിനം. കാർമേഘങ്ങൾക്കിടയിൽ മങ്ങിപോയ സുവിശേഷദീപം ഭാരത സഭയിലും കേരളസഭയിലും തെളിമയോടെ വീണ്ടും കത്തിജ്വലിച്ചു. പ്രേക്ഷിത ചൈതന്യത്താൽ നിറഞ്ഞ മലങ്കര കത്തോലിക്കാ സഭ ലോകത്തിന്റെ

www.malankaralibrary.com

നാനാഭാഗങ്ങളിൽ ദൈവസാന്നിധ്യത്തിന്റെ മനുഷ്യ സേവനത്തിന്റെ സാക്ഷ്യമായി പരിലസിക്കുമ്പോൾ പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രസക്തി ഏറുകയാണ്.

**പ്രത്യാശയുടെ പുനരൈക്യം**

പുനരൈക്യത്തിലൂടെ സത്യവിശ്വാസം പുൽകിയ ദൈവസാൻ ആർച്ചു ബിഷപ് മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാ വിശ്വാസം അഭംഗുരം കാത്തു സൂക്ഷിച്ചു, അതു അത്തരത്തിൽ സംരക്ഷിക്കുവാനും അനുഷ്ഠിക്കുവാനും ദൈവജനത്തെ നിരന്തരം ആഹ്വാനം ചെയ്തിരുന്നു. കാതോലികവും അപ്പസ്തോലികവും ഏകവും വിശുദ്ധവുമായ സത്യസഭയിൽ ചേർന്നത് പൂർവാധികമായ ദൈവാനുഗ്രഹം പ്രാപിക്കാൻ ഇടയായെന്ന് പിതാവ് സാക്ഷ്യപ്പെടുത്തുന്നു (27 ആഗസ്റ്റ് 1931). പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയെപ്പറ്റി പറയുന്ന ഇടയലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു. 'ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും കത്തോലിക്കാ സഭാ പുനരൈക്യം അപരിത്യാജ്യമാണ്" (ജാഗരൂകനായ ഇടയൻ, പേജ് 185). അതുകൊണ്ടാണ് ഏതു പ്രയാസത്തെയും അതിജീവിച്ചു മുമ്പോട്ടു പോകുവാൻ പിതാവ് പ്രയത്നിച്ചത്. നേരിടേണ്ടിവന്ന പ്രതിസന്ധികളെല്ലാം പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തി. അതിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

– സുവിശേഷപ്രചരണം സുഗമമാക്കാൻ

– അർത്ഥപൂർണ്ണമായ ക്രൈസ്തവസാക്ഷ്യത്തിനും ആത്മീയനവീകരണത്തിനും

– മലങ്കര സുറിയാനി സഭയിൽ വിഭാഗീയത ഉളവാക്കിയ വ്രണങ്ങൾ സുഖപ്പെടുത്താൻ

– വിജാതീയരുടെ ഇടയിൽ സുവിശേഷം അറിയിച്ച് അവരെ സത്യവിശ്വാസികളാക്കാൻ

അങ്ങനെ വിഭിന്ന വിശ്വാസങ്ങളും വിഭാഗീയ ചിന്തകളുമുപേക്ഷിച്ച് സുവിശേഷ പ്രകാശത്തിൽ കേരള സുറിയാനി സമുദായം ഏക ഇടയനും ഏക തൊഴുത്തും എന്ന നിലയിൽ പുരോഗമിക്കാൻ പിതാവ് ആഗ്രഹിച്ചു. അതുകൊണ്ട് യോഹന്നാൻ 17:11 തന്റെ നിരന്തര പ്രാർത്ഥനയായും ജീവിതാദർശമായും പിതാവ് സ്വീകരിച്ചു, "പരിശുദ്ധ പിതാവേ നമ്മേപോലെ അവരും ഒന്നായിരിക്കേണ്ടതിന്..."

കേരളത്തിലെ അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യം കാണാൻ തീവ്രമായി പിതാവ് ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി അക്ഷീണം പരിശ്രമിച്ചു. ഇന്നത്തെ കാലഘട്ടത്തിൽ പിതാവിന്റെ ആഗ്രഹം സാക്ഷാത്ക്കരിക്കാനുള്ള ഉത്തരവാദിത്വം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കാണ്. ആഗോള കത്തോലിക്കാ സഭയിൽ സ്വയം ഭരണാധികാരമുള്ള സഭയെന്ന നിലയിൽ ഭാരതസുവിശേഷ വൽക്കരണത്തിന് നേതൃത്വം നൽകാൻ ദൈവം നിയോഗിച്ചിരിക്കുന്നത് നമ്മെയാണ്. "കത്തോലിക്കാ സഭ അതിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ ഒരിടത്തും അത് അന്യയല്ല (നിരാധാരയല്ല). ഭാരതത്തിലും അങ്ങനെ തന്നെയെന്ന് കാണിക്കുവാനായി തിരുസഭാദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ അതിപുരാതനവും പ്രശസ്തവുമായ ഭാരതീയ സംസ്കാരത്തെ സുവിശേഷ പ്രകാശത്താൽ ശോഭിപ്പിക്കുവാൻ നമുക്ക് കടമയുണ്ട്'' (ജാഗരൂകനായ ഇടയൻ, പേജ് 149). നമ്മിൽ നിക്ഷിപ്തമായിട്ടുള്ള ഈ ദൗത്യം നിർവ്വഹിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ കാലിക പ്രസക്തി നാം മനസിലാക്കേണ്ടത്.

**വിശ്വാസവഴിയിൽ ഇനിയും സജീവമാകണം പുനരൈക്യം**

തന്റെ കുരിശിൽ സർവ്വജനത്തെയും ഒന്നിപ്പിച്ച യേശുവിന്റെ പാത നമുക്കും പിന്തുടരാം. പുനരൈക്യത്തിന്റെ വാർഷികാഘോഷങ്ങൾ പുനർ സമർപ്പണത്തിനും ആത്മശോധനയ്ക്കുള്ള അവസരങ്ങളാക്കാം. ഭൗതികലോകവുമായുള്ള അമിതസംസർഗവും, പ്രാർത്ഥനയിലും ആത്മീയ ജീവിതത്തിലും സംഭവിച്ച അപചയവും വിഭാഗീയതയുടെ ഭിന്നതയുടെ അപസ്വരങ്ങൾ കേൾക്കാൻ ഇടയാക്കുന്ന ഇക്കാലത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭ അതിന്റെ സ്ഥാപിതലക്ഷ്യങ്ങളെ കൂടുതലായി ധ്യാനിച്ച് പ്രാവർത്തികമാക്കണം. മാർ ഈവാനിയോസ് പിതാവ് ഓർമ്മിപ്പിക്കുന്നു, "നിങ്ങൾ കത്തോലിക്കരായിത്തീർന്നിരിക്കുന്നതിൽ അഭിമാനം കൊള്ളുവിൻ, നിങ്ങളുടെ ജീവിത വിശുദ്ധിയും സന്മാതൃകയും അകത്തോലിക്കർക്ക് മാതൃകയായി ഭവിക്കട്ടെ. നമ്മുടെ സ്നേഹനാഥനായ മിശിഹായെ നിങ്ങളിൽ പ്രതിബിംബിപ്പിക്കുവാൻ ഓരോരുത്തനും ഓരോ മിശിഹ ആയി രൂപാന്തരപ്പെടുവാൻ അഹമഹമികയാ പരിശ്രമിക്കുവിൻ" (ജാഗരൂകനായ ഇടയൻ, പേജ് 190). പ്രേക്ഷിത കർത്തവ്യ നിർവ്വഹണത്തിന്റെ നൂതന സാധ്യതകൾ നമുക്കു മുമ്പിൽ ദൈവം തുറന്നു തരുമ്പോൾ ആലസ്യം വിട്ടു നാമുണരണം. ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്ന തോടൊപ്പം ദൈവസമ്പാദനത്തിനുള്ള ആഗ്രഹവും നമ്മിലുണ്ടാകണം, മറ്റുള്ളവരിൽ ആ ആഗ്രഹം ജനിപ്പിക്കണം. സുവിശേഷവീഥിയിൽ ഇനിയുമേറെ ചെയ്യാനുണ്ട് നമുക്ക്. ചുറ്റുപാടും സാഹചര്യങ്ങൾ കലുഷിതമാകുമ്പോഴും, പ്രേഷിത ശുശ്രൂഷയും മിഷൻ ചൈതന്യവും നഷ്ടപ്പെടരുത്. ദൈവപരിപാലനയിൽ മനുഷ്യബുദ്ധിക്കതീതമായ വിധത്തിൽ പുനരൈക്യ പ്രസ്ഥാനം വളർന്നുവെങ്കിൽ ഇനിയും ദൈവം നമ്മെ പരിപാലിക്കും. സുവിശേഷ ദീപ്തിയാൽ അന്ധകാരമകറ്റി വിശ്വാസദീപം ഭാരതം മുഴുവൻ തെളിക്കാനുള്ള നമ്മുടെ നിയോഗം അർത്ഥവത്തായി തുടരുവാൻ ഐക്യത്തിന്റെ പാതയിൽ നമുക്കും മുന്നേറാം.

www.malankaralibrary.com



# പുനരൈക്യത്തിന്റെ വചനാധിഷ്ഠിത പ്രസക്തി

**ആമുഖം**

മലങ്കര സുറിയാനി കത്തോലിക്കാ സഭ തൊണ്ണൂറ്റി മൂന്നാമത് പുനരൈക്യ വാർഷികം ആഘോഷിക്കുന്ന ധന്യ നിമിഷമാണിത്. പരിശുദ്ധ കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ഇടം നേടിയ മലങ്കര പുനരൈക്യം ഇന്ന് ആഗോള



കത്തോലിക്കാ സഭയിൽ തന്നെ വലിയൊരു ചർച്ചയ്ക്ക് വഴിയൊരുക്കുന്നുണ്ട്. ലോക രാഷ്ട്ര ങ്ങളിൽ ചില ഭൂപ്രദേശങ്ങളിൽ വിശ്വാസികളുടെ എണ്ണം കുറയുന്നതും പള്ളികളിൽ വളരെ കുറച്ച് ആളുകൾ പ്രാർത്ഥനകൾക്കും കൂദാശകൾക്കും സംബന്ധിക്കുന്നതും കാണുമ്പോൾ വീണ്ടും മലങ്കര സുറിയാനി കത്തോലിക്കസഭ ചർച്ചാ വിഷയമാകുന്നു. പുനരൈക്യത്തിന്റെ നൂറാം വാർഷികം ആഘോഷിക്കാൻ ഏതാനും വർഷ ങ്ങൾ ബാക്കി നിൽക്കെ ഈ ചെറിയ കാലയള വുകൊണ്ട് ഒരു സ്വതന്ത്രസഭ വളർച്ചയുടെ പടവുകൾ സധൈര്യം ഒന്നൊന്നായി കയറുന്നത് മറ്റുള്ളവർക്കൊക്കെ അസൂയ ജനിപ്പിക്കുന്ന ഒന്നാണ്.

### 1. പുനരൈക്യം: ഒരിടയന്റെ ഒരാട്ടിൻ പറ്റമാകാനുള്ള വിളി

'ഞാൻ നല്ല ഇടയനാണ്. പിതാവ് എന്നെയും ഞാൻ പിതാവിനെയും അറിയുന്നതു പോലെ ഞാൻ എനിക്കുള്ളവയെയും എനിക്കു ള്ളവ എന്നെയും അറിയുന്നു. ആടുകൾക്കു വേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു. ഈ തൊഴുത്തിൽ പ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടു വരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരി ടയനുമാകും.(യോഹ 10:14-16). ഈ സുവിശേഷ ഭാഗം പുനരൈക്യത്തിന്റെ പ്രാരംഭഗാനവും പ്രാർത്ഥനയും ആണ്.

റവ. ഫാ. ജോഷ്വാ കൊച്ചുവിളയിൽ



www.malankaralibrary.com

യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിനുശേഷം പെന്തിക്കോസ്തി തിരു നാളിൽ ശക്തി സംഭരിച്ച് ഭൂമിയുടെ വിവിധഭാഗ ങ്ങളിലേക്ക് സുവിശേഷ വാഹകരായി പോയ ശിഷ്യന്മാർ ഓരോ ഭൂപ്രദേശത്തെയും സംസ്ക്കാര ത്തിനും ഭാഷയ്ക്കും ആചാരമര്യാദകൾക്കും കോട്ടംതട്ടാതെ വചനം പ്രസംഗിച്ചു. അങ്ങനെ ക്രിസ്തു സഭയുടെ അടിസ്ഥാനശില സ്ഥാപിച്ചു. ഗ്രാമഗ്രാമ ന്തരങ്ങളിലേക്കും ദേശദേശാന്തരങ്ങളിലേക്കും ഈ സുവിശേഷത്തിന്റെ അഗ്നി കത്തിപടർന്നു. ആദ്യമായി നിയതമായ ഒരു ചട്ടക്കൂടിൽ നിന്ന് വി. കുർബാനയുടെ അർപ്പണം നടത്തിയത് അന്ത്യോക്യയിൽ വച്ച് വി. യാക്കോബ് ശ്ലീഹയാണ്. അന്ത്യ അത്താഴവേളയിൽ 'എന്റെ ഓർമ്മയ്ക്കായ് ചെയ്യുവിൻ' (ലൂക്കാ 22:19) എന്ന ക്രിസ്തുവിന്റെ ആഹ്വാനം അങ്ങനെ നിറവേറി. ഒരേ സമയം ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ തികച്ചും വ്യത്യസ്തമായ രീതികളിൽ ഈ ബലിയർപ്പണം നടന്നുകൊണ്ടിരുന്നു. അനുഷ്ഠാനക്രമങ്ങളിൽ വ്യത്യസ്തത നിലനിൽക്കുമ്പോഴും അടിസ്ഥാനപരമായ ഘടനയ്ക്കും അർത്ഥത്തിനും മാറ്റമുണ്ടായിരുന്നില്ല. അങ്ങനെ ക്രിസ്തു ശിഷ്യനായ തോമാശ്ലീഹായിലൂടെ ഭാരതത്തിലും സുവിശേഷത്തിന്റെ ആദ്യവെളിച്ചം ഉണ്ടായി. തുടർന്ന് ഈ വെളിച്ചം ഇരുളിനെ വകഞ്ഞു മാറ്റി ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. കേരളക്കരയിൽ ഈ സുവിശേഷ വെളിച്ചം വളരെ സവിശേഷമായി അംഗീകരിക്കപ്പെട്ടു. വൈദേശിക ആക്രമണങ്ങളും യുദ്ധങ്ങളും ഒക്കെ വിവിധ ഭിന്നിപ്പുകൾക്ക് കാരണമായി. അങ്ങനെ കേരളസഭയിൽ തന്നെ പിളർപ്പുകളും വ്യത്യസ്തതകളും സംഭവിച്ചു. ഈ പിളർപ്പുകളെ ഏകീകരിക്കാൻ ധാരാളം പരിശ്രമങ്ങൾ നടന്നിട്ടും അവയൊന്നും വിജയംവരി ക്കാതെ പോയി. പ്രവാചക തുല്യമായ ശക്തിയോടും ഭാരതസന്യാസനിഷ്ഠയോടുംകൂടി കാലത്തിന്റെ പൂർണ്ണതയിൽ മാർ ഈവാനിയോസ് തിരുമേനി ഒരു ഇടയനും ഒരു തൊഴുത്തും എന്ന വചനത്തിന്റെ പൂർണ്ണതയിലേക്ക് പ്രവേശിച്ചു. അങ്ങനെ മലങ്കരമണ്ണിൽ ആദ്യ പുനരൈക്യം പിറന്നു.

**2. പുനരൈക്യം: ഏക ഇടയന്റെ സ്വരം കേൾക്കാനും അംഗീകരിക്കാനുമുള്ള വിളി**

'ആടുകൾ അവന്റെ സ്വരം കേൾ ക്കുന്നു. അവൻ തന്റെ ആടുകളെ പേരു ചൊല്ലി വിളിക്കുകയും പുറത്തേക്ക് നയിക്കുകയും ചെയ്യുന്നു. (യോഹ 10:3). പുനരൈക്യം ക്രിസ്തുവിന്റെ സ്വരം തിരിച്ചറിഞ്ഞ് അവനെ അനുഗമിക്കാനും ആദരവോടെ അനുസരിക്കാനുമുള്ള വിളിയാണ്. ഭിന്നിപ്പും ഭിന്ന സ്വരങ്ങളും സാത്താന്റെ പ്രലോഭനങ്ങളാണ്. അവൻ നുണയനും നുണയുടെ പിതാവുമാണ്. (യോഹ 8:44). വ്യത്യസ്തങ്ങളായ ശബ്ദങ്ങളെയും സ്വരങ്ങളെയും മാറ്റി ക്രിസ്തു സ്വരത്തിന് മാത്രം കാതുകൂർപ്പിക്കുവാൻ പുനരൈക്യം ക്ഷണിക്കുന്നു. 'വഞ്ചനചെയ്യുന്ന ഒരു വനും എന്റെ ഭവനത്തിൽ വസിക്കുകയില്ല. നുണ പറയുന്ന ഒരുവനും എന്റെ സന്നിധി യിൽ തുടരാ നാവുകയില്ല (സങ്കീ 101:7). പുനരൈക്യം യഥാർത്ഥത്തിൽ നുണയുടെയും അസത്യത്തിന്റെയും അധർമ്മത്തിന്റെയും വഴിയിൽ നിന്ന് മാറി സത്യധർമ്മത്തിന്റെ വഴിയിലൂടെ ക്രിസ്തു സ്വരം ശ്രവിച്ച് സഞ്ചരിക്കാനുള്ള വിളിയാണ്. പെരുന്നാട്ടിലെ മുണ്ടൻമലയിൽ ചാണകം മെഴുകിയ ആശ്രമ ചാപ്പലിന്റെയുള്ളിൽ ധ്യാനനിമഗ്നനായിരുന്ന മാർ ഈവാനിയോസ് തിരുമേനി ശ്രവിച്ചത് ഈ സത്യത്തിന്റെ സ്വരമായിരുന്നു. അതു കൊണ്ടാണ് സ്വന്തമായി പടുത്തുയർത്തിയ സകലതും വിട്ട് ആ ദിവ്യസ്വരത്തിന്റെ നിർദ്ദേശത്തിനനുസരിച്ച് സഞ്ചരിച്ചത്. പിൽക്കാലത്ത് ആ സഞ്ചാരവഴിയിൽ അതിരൂപതകളും രൂപതകളും പള്ളികളും പള്ളിക്കൂടങ്ങളും ആരോഗ്യ പരിപാലന കേന്ദ്രങ്ങളും ആശ്രമങ്ങളും മഠങ്ങളും ആധുനിക വിദ്യാഭ്യാസ സമുച്ചയങ്ങളും ഒക്കെ ചൂണ്ടുപലകകളായി നിലകൊണ്ടു. സത്യ സ്വരത്തിന് കീഴ്പ്പെടുവാൻ സന്യാസവര്യനായ മാർ ഈവാനിയോസ് തിരുമേനി കാണിച്ച നിശ്ചയദാർഢ്യമാണ് ഈ വിജയത്തിന് പിന്നിലുള്ളത്.

**3. പുനരൈക്യം: ഒരുമയുടെ സുവിശേഷ വ്യാഖ്യാനം**

'പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്ക് നൽകിയ അവിടുത്തെ നാമത്തിൽ അവരെ കാത്തുകൊള്ളണമെ' (യോഹ 17:11). ത്രിത്വേക ദൈവത്തിന്റെ ഒരുമയാണ് ഈ പ്രപഞ്ചത്തിന്റെ നിലനിൽപ്പിന്റെ ആധാരം. ഈ ഐക്യത്തിലേക്ക് എത്തുക എന്നതാണ് തിരുസഭയുടെ ദൗത്യവും അഥവാ ഈ ഐക്യത്തിന്റെ സന്ദേശം ലോകം എങ്ങും വ്യാപിക്കുകയാണ് തിരുസഭയുടെ കടമ. മലങ്കര സുറിയാനി കത്തോലിക്കസഭ ആഗോള കത്തോലിക്ക സഭയുടെ ആവൃതിക്കുള്ളിൽ പ്രവേശിച്ചപ്പോൾ ഈ ഒരുമയുടെ സുവിശേഷത്തിന്റെ അവകാശിയായി മാറി. പുനരൈക്യത്തിലൂടെ ലഭിച്ച ഈ മഹത്തായ ഭാഗ്യം ഇല്ലാത്തതുകൊണ്ടാണ് മലങ്കരയിലെ മറ്റു സഭാകൂട്ടായ്മകൾ ഇപ്പോഴും കോടതി വ്യവഹാരങ്ങൾക്കും പടലപിണക്കങ്ങൾക്കും അടിമകളായി കഴിയുന്നത്. മലങ്കര സുറിയാനി കത്തോലിക്ക സഭയെ റോമയിലെ പാപ്പായുടെ അടിമകൾ എന്ന് ആക്ഷേപിച്ചവർ അക്ഷരാർത്ഥത്തിൽ സ്വയം പിശാചിന്റെ അടിമകളാണ് എന്ന് വിലയിരുത്താൻ പോലും കഴിയാത്തവരായിമാറി. തൊണ്ണൂറ്റി മൂന്നാമത് പുനരൈക്യ വാർഷികം ഈ ഒരുമയുടെ സുവിശേഷം പ്രസംഗിക്കാനുള്ള അവസരമാണ്.

**4. പുനരൈക്യം: തായ്തണ്ടിനോട് ചേർന്ന് നല്ല ഫലം പുറപ്പെടു വിക്കാനുള്ള വിളി**

'നിങ്ങൾ എന്നിൽ വസിക്കുവിൻ. ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടു വിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കു ന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല. ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കും'

www.malankaralibrary.com



(യോഹ 15:4-5). പുനരൈക്യത്തിന്റെ സവിശേഷതയാണ് മെച്ചമായ ഫലങ്ങൾ. പുനരൈക്യത്തിലൂടെ നല്ല ഫലങ്ങൾ പുറ പ്പെടുവിക്കാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് സാധി ക്കുന്നു എന്നത് ഈ തൊണ്ണൂറ്റി മൂന്നാമത് പുനരൈക്യ വാർഷികത്തിൽ അനുസ്മരിക്കണം. പത്രോസിന്റെ സിംഹാസനത്തോട് ചേർന്ന് നിൽക്കാത്ത സഭാസമൂഹം കാട്ടുമുന്തിരി കായ്ക്കുന്ന മുന്തിരിച്ചെടിയാണ്. 'അവൻ അതു കിളച്ചു കല്ലുകൾ നീക്കി വിശിഷ്ടമായ മുന്തിരിച്ചെടികൾ നട്ടുപിടിപ്പിച്ചു; അതിന്റെ മധ്യത്തിൽ അവൻ ഒരു കാവൽമാടം പണിതു; മുന്തിരിച്ചക്കു കുഴിച്ചിടുകയും ചെയ്തു. അത് വിശിഷ്ടമായ മുന്തിരിപ്പഴം നൽകുമെന്ന് അവൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ, അതു പുറപ്പെടുവിച്ചതു കാട്ടുമുന്തിരിപ്പഴമാണ്.' (ഏശയ്യാ 5:2) പിതാവായ ദൈവം ഏറെ പ്രതീക്ഷയോടെയാണ് മുന്തിരിച്ചെടി കൾ നട്ടുപിടിപ്പിച്ചത്, എന്നാൽ ചിലതൊക്കെ പ്രതീക്ഷിച്ചതുപോലെ വന്നില്ല എന്നതാണ് യാഥാർത്ഥ്യം. തായ്തണ്ടിനോട് ചേർന്ന് നിൽക്കാൻ കഴിയാതെ പോയ സഭാസമൂഹങ്ങളെ ഓർത്ത് പ്രാർത്ഥിക്കാനും ഈ പുനരൈക്യ വാർഷിക ദിനത്തിൽ നമുക്ക് പരിശ്രമിക്കാം.

### 5. പുനരൈക്യം: ആത്മാവിന്റെ ഐക്യം നിലനിർത്തുന്ന അഭിഷേക ചാലകശക്തി

'കർത്താവിനുവേണ്ടി തടവുകാരനായിത്തീർന്നിരിക്കുന്ന ഞാൻ നിങ്ങളോടപേക്ഷിക്കുന്നു, നിങ്ങൾക്കു ലഭിച്ചവിളിക്കു യോഗ്യമായ ജീവിതം നയിക്കുവിൻ. പൂർണമായ വിനയത്തോടും ശാന്തതയോടും ദീർഘക്ഷമയോടും കൂടെ നിങ്ങൾ സ്നേഹപൂർവം അന്യോന്യം സഹിഷ്ണുതയോടെ വർത്തിക്കുവിൻ. സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ ജാഗരൂകരായിരിക്കുവിൻ. ഒരേ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ ഒരു ശരീരവും ഒരു ആത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളൂ. സകലതിലുമുപരിയും സകലതിലൂടെയും സകലതിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം' (എഫേസോസ് 4 :1-6). പുനരൈക്യത്തിലൂടെ വീണ്ടും ആർജ്ജിച്ചെടുത്തത് നഷ്ടപ്പെട്ടുപ്പോയ ആത്മാവിന്റെ ഐക്യമാണ്. ഈ ഐക്യം സമാധാനത്തിന്റെ തികവിൽ നിലനിൽക്കുന്നു. എവിടെ ഐക്യം ഇല്ലാതാകുന്നുവോ അവിടെ അസ്സമാധാനവും ഭിന്നതയും ഉണ്ടാകും. കാലങ്ങൾ കഴിഞ്ഞാലും പരിഹരിക്കാൻ പറ്റാത്ത ആന്തരികമുറിവായി അത് നിലനിൽക്കും. പുനരൈക്യത്തിലൂടെ മലങ്കര സുറിയാനി കത്തോലിക്ക സഭയ്ക്ക് ലഭിച്ചത് ഈ സമാധാനത്തിന്റെ ഐക്യമാണ്. ഒരു സഭയുടെ സൗന്ദര്യവും ശോഭയും ഈ ആന്തരിക സമാധാനത്തിൽ നിന്നാണ് ജ്വലിച്ച് നിൽക്കുന്നത്.

### ഉപസംഹാരം

പുനരൈക്യം സുവിശേഷത്തിന്റെ വ്യഖ്യാനത്തിന് അനുസരിച്ചുള്ള ഒരു മുന്നേറ്റമാണ്. ലോക രക്ഷകനായ ക്രിസ്തുവിന്റെ തിരുമൊഴികൾക്കനു സരിച്ച് വിവേകത്തോടെ മുന്നേറാൻ പുനരൈക്യം ഓർമ്മപ്പെടുത്തുന്നു. ഐക്യത്തിന്റെ ഊഷ്മളതയും ഹൃദ്യതയും നശിപ്പിക്കുന്നതിന് നുണയുടെ പിതാവായ പിശാച് നിരന്തരം പരിശ്രമിക്കുന്നുണ്ട് എന്ന് നാം മനസ്സിലാക്കണം. ജാഗരൂകതയോടെ ഓരോ ചുവടും മുന്നോട്ട് വയ്ക്കാൻ നിരന്തരം ബലിയർപ്പിച്ച് നിറമിഴിയോടെ പ്രാർത്ഥിക്കണം. തൊണ്ണൂറ്റി മൂന്നാം പുനരൈക്യ വാർഷികം മൂവാറ്റുപുഴ ഭദ്രാസനത്തിൽ ആഘോഷിക്കുമ്പോൾ നമ്മുടെ സഭയ്ക്ക് സഭകളുടെ കൂട്ടായ പ്രവർത്തനം, ഏകോപിക്കുവാൻ കൂടുതൽ ഉത്തരവാദിത്വം ഉണ്ട് എന്ന് നാം തിരിച്ചറിയണം. ഈ കഴിഞ്ഞ 93 വർഷങ്ങളിലൂടെ പരമകാരുണ്യവാനായ ദൈവത്തിലൂടെ ലഭിച്ച നന്മയെ തിരിച്ചറിഞ്ഞ് നന്ദിനിറഞ്ഞ ഹൃദയത്തോടെ മുന്നേറാൻ നമുക്ക് സാധിക്കട്ടെ. എവർക്കും പുനരൈക്യ വാർഷികാശംസകൾ.

www.malankaralibrary.com

സ്പെഷ്യൽ സ്റ്റോറി



# വിദ്യ പുറത്തായ വിദ്യാഭ്യാസം

മതനിരപേക്ഷ ജനാധിപത്യ ബോധവും സാമൂഹിക നീതിയും ഉറപ്പുവരുത്തുന്നതിൽ കേരളീയ വിദ്യാഭ്യാസരംഗം വഹിച്ചിട്ടുള്ള പങ്ക് സുപ്രധാനമാണ് വിവേചനങ്ങളുടെ അനീതി അസ്തമിപ്പിക്കാൻ യാഥാസ്ഥിതിക ശക്തികളോട് പൊരുതിക്കൊണ്ട് തിരിച്ചടികളിൽ നിരാശരാകാതെ മുന്നേറാനുള്ള കരുത്ത് പകർന്നുകൊടുത്തിട്ടുള്ളത് വിദ്യാഭ്യാസമാണ്. സ്വന്തം ഉയർച്ചയ്ക്ക് വേണ്ടി ഏതുതരത്തിലുള്ള മാർഗങ്ങളും സ്വീകരിക്കുകയും സംഘബോധവും സാമൂഹ്യപരതയും കൈവെടിഞ്ഞ് മൂല്യം നഷ്ടപ്പെട്ട ഒരു സാമൂഹ്യ വ്യവസ്ഥയിലേക്ക് പോകുന്ന വിധം വിദ്യാഭ്യാസം വഴി മാറിയിട്ടുണ്ടോ? ശാസ്ത്രീയവും സമഗ്രവുമായ ഒരു വിദ്യാഭ്യാസ സംവിധാനം നമ്മുടെ നാടിന്റെ വികസനത്തിന് അനിവാര്യമാണ്. മോചനമരുളുന്നത് എന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയുടെ ആപ്തവാക്യം ഇന്നും അർത്ഥവത്താണ്. അടിമത്തത്തിലേക്കു നയിക്കുന്ന അടിച്ചമർത്തലുകൾ വിദ്യാഭ്യാസരംഗത്തും വർധിച്ചു വരുന്ന പ്രവണതയാകുന്നു .

**ഡോ. റോസമ്മ ഫിലിപ്പ്**
പ്രിൻസിപ്പൽ
മൗണ്ട് താബോർ ട്രെയിനിംഗ് കോളേജ്, പത്തനാപുരം



സ്വാതന്ത്ര്യം, സമത്വം, മാനവികത, ജനാധിപത്യം എന്നീ മൂല്യങ്ങൾക്ക് വേണ്ടി നിലകൊള്ളേണ്ട വിദ്യാഭ്യാസം വ്യക്തി താല്പര്യങ്ങൾക്ക് അധിഷ്ഠിതമായി മാറുമ്പോൾ അത് ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുകയും മാനവ സമൂഹത്തിന് ഭീഷണിയായി മാറുകയും ചെയ്യുന്നു. വ്യക്തികളെ അടിച്ചമർത്തി അല്ല വ്യക്തിത്വ വികസനത്തിലൂടെയാണ് വിദ്യാഭ്യാസം മുന്നേറേണ്ടത് എന്ന് എല്ലാ വിദ്യാഭ്യാസ ചിന്തകന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട് എന്നാൽ സർവ്വ വ്യക്തിസ്വാതന്ത്ര്യങ്ങളെയും നൈസർഗിക കഴിവുകളെയും അടിച്ചമർത്തുകയും തയ്യാറാക്കപ്പെട്ടിട്ടുള്ള ചില വഴികളിലൂടെ മാത്രം സഞ്ചരിച്ചാൽ മതിയെന്ന് നിർബന്ധം പ്രകടിപ്പിക്കുകയും ചെയ്യുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങളെ തടവറയ്ക്ക് സമാനമാക്കി മാറ്റുന്നു. ധിഷണാശാലികളായ കുട്ടികൾ ഉന്നത ചിന്തകരായി രൂപാന്തരപ്പെടേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ശാരീ രികവും മാനസികവുമായ സമ്മർദ്ദങ്ങളിലേക്ക് കുട്ടി കളെ വീഴ്ത്തി ലഹരിയുടെയും, സങ്കുചിത രാഷ്ട്രീയ ചിന്തകളുടെയും താവളങ്ങൾ ആക്കി മാറ്റുന്നു. ആത്മ പരിശോധനയിലൂടെയും വിമർശനാത്മക ചിന്തകളി ലൂടെയും നവീകരിക്കപ്പെടേണ്ട മേഖല വിദ്യാഭാസമാണ്.

**സാക്ഷരത മാത്രമായ വിദ്യാഭ്യാസം**

സമ്പൂർണ്ണ സാക്ഷര സംസ്ഥാനം എന്നത് നാം എന്നും അഭിമാനിക്കുന്ന ഒന്നാണ്.അക്ഷരങ്ങളെ തിരിച്ചറിയുന്ന കഴിവിന്റെയോ ,അക്ഷരം വായിക്കുന്ന കഴിവിന്റെയോ അടിസ്ഥാനത്തിൽ നാട്ടിലെ ജനതയുടെ പ്രബുദ്ധത അളക്കാനാകില്ല. അക്ഷരങ്ങളുടെ അർഥവ്യാപ്തി ഉൾക്കൊണ്ട് ഉചിതമായ ബൗദ്ധിക തലങ്ങൾ വളർത്തുമ്പോഴാണ് സാക്ഷരതക്ക് അർഥമുണ്ടാ

www.malankaralibrary.com



കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മികവിന്റെ അടിസ്ഥാനമായി സാക്ഷരത പറയുമ്പോൾ പോലും,സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന നല്ലൊരു വിഭാഗത്തിനും അക്ഷരജ്ഞാനം ഇല്ലായെന്നത് നാം നേരിടുന്ന വെല്ലുവിളിയാണ്. അതിനാൽ തന്നെ വാക്കുകളെ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കാനോ, വാക്യങ്ങളുടെ അർഥം ഗഹിക്കാനോ കഴിയാതെ പോകുന്നുവെന്നത് നേർക്കാഴ്ചയാണ്.മാതൃഭാഷയിലോ വിദേശ ഭാഷയിലോ അർഥപൂർണമായി സംവദിക്കാൻ കഴിയാത്ത തലമുറ ആത്മവിശ്വാസമില്ലാതെ പ്രയാസപ്പെടുന്നു. അടിസ്ഥാന സാക്ഷരതനേടുന്നവർക്ക് ഭാഷാപരമായും ഗണിതപരമായും പ്രായോഗിക പരിജ്ഞാനത്തിലെത്തിക്കാൻ വേണ്ട നൈപുണികൾ കൂടി വിദ്യാലയങ്ങൾ ഉറപ്പാക്കേണ്ടതാണ്.

**സംസ്കാരം പോയ വിദ്യാഭ്യാസം**

വിദ്യാസമ്പന്നൻ എന്നാൽ സംസ്കാര സമ്പന്നൻ എന്നു കൂടി ആയിരുന്നു പണ്ട് അർഥം.എന്നാൽ ഇന്ന് വിദ്യാഭ്യാസ പരിഷ്ക്കരണങ്ങളും ചർച്ചകളും സംസ്കാരിക വികസനത്തിലേക്ക് എത്തുന്നില്ല. വിദ്യയും ബിരുദവും ഏറും തോറും ചില വിരുതുകൾ വർദ്ധിക്കുന്നുവെന്നല്ലാതെ സംസ്കാരം മെച്ചപ്പെടുന്നില്ല. സമാധാനപരമായ സഹവർത്തിത്വത്തിലേക്ക് വിദ്യാഭ്യാസത്തിന് എന്ത് സംഭാവനയാണ് നൽകാൻ കഴിയുന്നത്? ഭാവത്തിലും, സംസാരത്തിലും, പെരുമാറ്റത്തിലും വർധിച്ചു വരുന്ന ഹിംസ പ്രവണത ഒരു സാമൂഹ്യ വിപത്തായി മാറിക്കഴിഞ്ഞു. സഹിഷ്ണുതാബോധം കൈമോശം വന്ന ജനത സൂചിപ്പിക്കുന്നത്, വിദ്യാഭ്യാസം അവരെ സംസ്കാര സമ്പന്നരാക്കിയിട്ടില്ല എന്നതാണ്. ഡിജിറ്റൽ മാധ്യമങ്ങൾ ഉൾപ്പെടെ സർവ്വ ആശയവിനിമയ സംവിധാനങ്ങളും പകയും വിദ്വേഷവും പടർത്തി അന്യനെ തകർക്കുന്നതിന് ഉപയോഗിക്കുന്നു എന്നതിന് നാം നിത്യേന സാക്ഷികളാണ്. സഹോദരതുല്യരായി അന്യരെ ചേർത്തു നിർത്താൻ പ്രേരണ നൽകുന്ന ഒരു സംസ്കാരത്തിന്റെ നഷ്ടപ്പെട്ട പാരമ്പര്യം നാം വീണ്ടെടുക്കേണ്ടതാണ്.


**കാര്യക്ഷമതയില്ലാത്ത കരിക്കുലം**

പ്രീ പ്രൈമറി മുതൽ ഉന്നത വിദ്യാഭ്യാസംവരെ നിരന്തര കരിക്കുലം പരിഷ്ക്കരണങ്ങൾ നടപ്പിലാക്കുന്ന നാട്ടിൽ ഇവയൊന്നും ഉദ്ദേശലക്ഷ്യങ്ങൾ നേടാതെ അടുത്തതിലേക്ക് ചാടി പോകുന്നു. പരസ്പര ബന്ധിതമോ സാമൂഹ്യബന്ധിതമോ അല്ലാത്ത മാറ്റങ്ങൾ പ്രായോഗികമായി പരാജയപ്പെട്ട് പോകുന്നു. പാഠപുസ്തകങ്ങൾ പുതുക്കുന്നു, അധ്യാപക പരിശീലനങ്ങൾ നടത്തുന്നു എന്നതല്ലാതെ യഥാർഥ ആവശ്യകരായ വിദ്യാർഥികൾക്ക് ഗുണകരമായി ഒന്നും ലഭിക്കുന്നില്ല.ആഗോള നിലവാരത്തിലെത്താൻ പാശ്ചാത്യ രാജ്യങ്ങളിൽനിന്നു കടമെടുക്കുന്ന പലതും ഈ നാട്ടിൽ പ്രയോജനകരമല്ല എന്ന് വിവേകത്തോടെ തിരിച്ചറിയാൻ നമുക്ക് കഴിയാതെ പോകുന്നു. പരിഷ്കരണകമ്മിറ്റികൾ രൂപീകരിച്ചു ഉള്ളടക്കങ്ങൾ കണ്ടെത്തി സിലബസും പുസ്തകവുംആയി വരുന്ന കാല ദൈർഘ്യത്തിൽ തന്നെ പലതും കാലഹരണപ്പെടുന്നതായി കാണുന്നു. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കോഴ്സുകൾ പരീക്ഷിച്ചു തുടങ്ങിക്കഴിഞ്ഞു. വേണ്ടത്ര തയ്യാറെടുപ്പുകൾ ഒന്നുമില്ലാതെ, വർഷങ്ങൾ കൂട്ടിയാൽ നിലവാരം വർദ്ധിപ്പിക്കാമെന്ന ധാരണ വിദ്യാർഥി സമൂഹത്തെ ദോഷകരമായി ബാധിക്കും. സുസ്ഥിര വികസനത്തിലേക്ക് യോജ്യമായ, ജനാധിപത്യ സമൂഹസൃഷ്ടിക്കു വേണ്ടി അറിവും മനോഭാവവും നൈപുണിയും മൂല്യങ്ങളും ആർജിക്കുവാൻ വ്യക്തികളെ ശാക്തീകരിക്കുന്ന ദർശനമാണ് പരിഷ്കരണങ്ങളിലേക്കു നയിക്കേണ്ടത്.

**സംതൃപ്തി അകന്ന അധ്യാപനം**

അധ്യാപനം ഒരു സന്തോഷകരമായ തൊഴിൽ എന്ന സ്ഥിതി മാറിപ്പോയി. സമ്മർദ്ദങ്ങളുടെ തൊഴിൽ മേഖലയായി അസ്വസ്ഥപൂർണമായി പരിണമിച്ചു

www.malankaralibrary.com




കൊണ്ടിരിക്കുന്നു. പഠിപ്പിക്കുന്നതിനേക്കാൾ കൂടുതലായി ഇതര ജോലികളുമായി ബന്ധപ്പെട്ട് അധ്യാപകർ തിരക്കിലാണ്. തൊഴിൽ നഷ്ടപെടുമെന്ന അരക്ഷിത സാഹചര്യത്തിൽ പൊതു വിദ്യാലയങ്ങളിൽ അധ്യാപകർ കുട്ടികളെ നാട്ടിലിറങ്ങി കണ്ടെത്തി സ്കൂളിൽ ചേർക്കേണ്ടി വരുന്നു.ഒരു കുട്ടിക്കു വേണ്ടി വിവിധ വിദ്യാലയങ്ങൾ പിടിവലി നടത്തുമ്പോൾ സ്വാഭാവികമായും വാഗ്ദാനങ്ങളുടെ പട്ടികയും നൽകേണ്ടി വരുന്നു. പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം തുടങ്ങി കുട്ടിയുടെ സർവ്വ ആവശ്യങ്ങളും നിറവേറ്റാൻ അധ്യാപകർ കഷ്ടപ്പെടേണ്ട സാഹചര്യമുണ്ടാകുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ക്രെഡിറ്റ് &സെമസ്റ്റർ വന്നതോടെ അധ്യാപനം സാഹസിക തൊഴിലായി. പരീക്ഷ നടത്തൽ, മൂല്യനിർണയം, ഇവയൊന്നും തന്നെ സമയബന്ധിതമല്ല. അധ്യാപകർ വിവിധ തരം റിപ്പോർട്ടിംഗ്, ഡോക്യുമെന്റേഷൻ തുടങ്ങിയവയുടെ പിന്നാലെ അക്രഡിറ്റേഷൻ എന്ന ലക്ഷ്യത്തിലേക്ക് അഹോരാത്രം പണിയിലാണ്. എന്ത്' ഔന്നത്യമാണ്' കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസരംഗം നൽകുന്നത് എന്നത് പരിശോധനാവിധേയമാക്കേണ്ടതുണ്ട്.

**സുതാര്യമല്ലാത്ത സംവിധാനം**

യോഗ്യരായ അധ്യാപകരാണ് ഏതു വിദ്യാഭ്യാസ തലത്തിന്റെയും നെടും തൂണുകൾ. അക്കാദമിക മികവുള്ള അധ്യാപകരുടെ പരിശീലനം കുട്ടികൾക്ക് അനുഗ്രഹമാണ്. എന്നാൽ നിയമനം പിൻവാതിലുകളിലൂടെ എന്ന നയം വിദ്യാഭ്യാസ യോഗ്യതയുള്ള ഏവരുടെയും ഭാവിയ്ക്ക് വിഘാതമായി നിൽക്കുന്നു. സ്വന്തപ്പെട്ടവർ എന്നതാണ് ഏറ്റവും മികച്ച യോഗ്യത എന്നു സമൂഹം ലേബൽ ചെയ്യുന്ന തരത്തിൽ വിദ്യാഭ്യാസ രംഗത്ത് അഴിമതി വളർന്നിരിക്കുന്നു. പരീക്ഷകൾക്ക് എന്തു സുതാര്യത ? പരീക്ഷാ ഹാളുകളിൽ ക്യാമറയുൾപെട്ട സജ്ജീകരണങ്ങൾക്ക് നിർബ്ബന്ധം കാണിക്കുന്ന സർവ്വകലാശാല എഴുതാത്ത കുട്ടിക്ക് മാർക്ക് ലിസ്റ്റും, റാങ്ക് സെർട്ടിഫിക്കറ്റും നൽകും. പരീക്ഷാ പേപ്പറുടെ സ്റ്റോക്ക് വിവരങ്ങളുടെ കൃത്യത റിപോർട്ടു ചെയ്യാൻ കോളേജുകൾക്ക് നിർദ്ദേശമുണ്ട്. അതിന്റെ പരിശോധനയുമുണ്ട്. എന്നാൽ പരീക്ഷാ പേപ്പറുകൾ വേണ്ടപെട്ടവർക്ക് വീട്ടിലെത്തിച്ച് ഉത്തരക്കടലാസുകൾ സൃഷ്ടിക്കുന്ന മായാജാലം ഉണ്ട്. മാർക്ക് ലിസ്റ്റ് ആർക്കും എഴുതി പൂർത്തീകരിക്കാൻ വിധം ലഭ്യമാകുന്നു.ഡിഗ്രി പാസ്സാകാത്തവർ ഉന്നത ഡിഗ്രി പഠിക്കുന്നു. കോളേജിൽ ഇല്ലാത്തവർ കോളേജ് യൂണിയൻ ഭാരവാഹി ആകുന്നു. ഇത്യാദി വിദ്യാഭ്യാസ അഴിമതികൾ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിന്റെ മൂല്യം പാടെ തകർക്കുന്നു.

**വഷളായ ഗവേഷണ മേഖല**

ഏതൊരു ഉന്നത വിദ്യാഭ്യാസത്തിന്റെയും മേന്മ വിവിധ വിഷയങ്ങളുടെ ഗവേഷണഫലങ്ങളുടെ ഗുണനിലവാരവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിലെ ഗവേഷണ പ്രബന്ധങ്ങളുടെ നിലവാരം ദയനീയമാണെന്നു നിത്യേന പത്രമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നു. വസ്തുതകൾ പോലും നേരാംവണ്ണം എഴുതാൻ പറ്റാതെ ഗുരുതര തെറ്റുകളുടെയും, കോപ്പിയടിക്കപ്പെട്ട ആശയങ്ങളുടെയും സമാഹാരമായി ഗവേഷണ പ്രബന്ധങ്ങൾ മാറുന്നു.അറിവിന്റെ പുത്തൻ മേഖലകൾ തുറക്കുന്ന ഒരു സൃഷ്ടിയും നമ്മുടെ ഗവേഷണകേന്ദ്രങ്ങളിൽ നിന്നും വരുന്നില്ല. പരസ്പര സ്പർദ്ധ മൂലം മികവുള്ള ഗവേഷകരെ മുന്നേറാൻ അനുവദിക്കാതെ തളർത്തിക്കളയുന്നു. ഉന്നതങ്ങളിലെ സ്വാധീനം മാത്രം മതി, ഗവേഷണബിരുദം സ്വന്തമാക്കാം -രാഷ്ട്രീയ ബന്ധങ്ങൾ മതി ഏതു തൊഴിലും നേടാം എന്ന നടപ്പു രീതി കേരളത്തിലെ വിദ്യാഭ്യാസത്തെ തകർക്കുന്നു. മാതൃകകൾ ആകേണ്ട ഗവേഷണ മേൽനോട്ടക്കാർ ജാതി, ലിംഗ വിവേചനം കാട്ടുന്നു എന്ന പരാതികൾ ലജ്ജാകരമാണ്.

**പക്ഷപാത സമീപനങ്ങൾ**

കേരളത്തിൽ മികച്ച രീതിയിൽ കൃത്യമായ മോണിറ്ററിംഗ് സംവിധാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നിയന്ത്രണങ്ങൾ ഏറുന്നു. ആത്മവീര്യം തകർക്കുന്ന നടപടികൾ നേരിടേണ്ടതായി വരുന്നു. കുട്ടികളുടെ ഹാജർ , ക്ലാസ്സ് നടക്കുന്ന ദിവസങ്ങൾ, പഠനാനുബന്ധ പരിശീലനങ്ങൾ, ഇവയിൽ മുമ്പിട്ടു നിൽക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ എങ്ങനെയും തകർക്കാൻ ശ്രമിക്കുന്ന സാമൂഹ്യ ദ്രോഹികളെ പ്രോത്സാഹിപ്പിക്കുന്നത് തെറ്റാണ്. സുരക്ഷിതമായ സാഹചര്യത്തിൽ ധാർമ്മിക മൂല്യങ്ങൾ പകരുന്ന വിദ്യാഭ്യാസ നയങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന ന്യൂനപക്ഷ സ്ഥാപനങ്ങളെ ചൂഷണം ചെയ്യുന്ന സമീപനംപ്രതിഷേധകരമാണ്. സ്വാശ്രയ മേഖലയിലും എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ അനുചിത നിയന്ത്രണങ്ങളുമായി നേരിടുന്ന നിയമാവലികൾ ദോഷം മാത്രമാണുണ്ടാക്കുക.

**നാടു വിടുന്ന യുവത**

മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ വൈഷമ്യങ്ങളും വിദ്യഭ്യാസത്തിലുള്ള വിശ്വാസം നഷ്ടപ്പെടുന്നതിലേക്കു കുട്ടികളെ എത്തിക്കുന്നു. തൊഴിൽ പ്രാപ്തിയിലേക്കു

www.malankaralibrary.com



എത്തിച്ചേരുന്ന ഒന്നും തന്നെ നമ്മുടെ വിദ്യഭ്യാസത്തിലൂടെ നേടുന്നില്ലഎന്ന തിരിച്ചറിവാണ് ഇന്ന് നമ്മുടെ ഉന്നതവിദ്യാഭ്യാസം യുവതലമുറക്ക് നൽകുന്നത്. പഠിച്ചാൽ പരീക്ഷ നടക്കുമോ, സ്വന്തം മാർക്ക് തന്നെയാണോ കിട്ടുന്നത് ,പേപ്പർ നോക്കിയാണോ മാർക്ക് ഇപ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് നിലവാര തകർച്ച നേരിടാൻ യാതൊരു സംവിധാനങ്ങളും നമുക്കില്ല. നിരവധി സ്ഥാപനങ്ങളിൽ പഠിക്കാൻ കുട്ടികളില്ലാതെ പോകുന്നു. കുട്ടികൾ എത്തുന്നിടത്താകട്ടെ ശരിയായ പ്രൊഫഷണൽ പരിശീലനം നൽകുന്നില്ല. കൃത്യതയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഏതു വിധേനയും തകർക്കാൻ ശ്രമിക്കുന്ന വിരുദ്ധ ശക്തികളെ പ്രോത്സാഹിപ്പിക്കുന്ന ശക്തികളും ഏറുന്നു. സ്കൂൾ വിദ്യാഭ്യാസം കഴിയുന്നതോടെ കേരളം വിടാൻ വെമ്പൽ കൊള്ളുന്ന വിദ്യാർഥി സമൂഹം എങ്ങനെ രൂപപ്പെട്ടു? കേരളത്തിലെ പ്രൊഫഷണൽ കോളേജുകൾ പ്രയോജന ശൂന്യമാണെന്ന ധാരണയും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജീവിത വിജയത്തിനനുയോജ്യമല്ലെന്ന ബോധ്യവും കുട്ടികളിൽ വളരാനിടയായത് എങ്ങനെ? പ്രത്യാശ നഷ്ടപ്പെട്ട വിദ്യാഭ്യാസത്തിനു ഒരു സമൂഹത്തിൽ എന്ത് നിലനില്പാണുള്ളത്?

വരും തലമുറയുടെ ഉന്നമനത്തിനുതകുന്ന ഗുണമേന്മയുള്ള,മൂല്യവത്തായ വിദ്യാഭ്യാസത്തിലൂടെ മാത്രമാണ് സുസ്ഥിരവും സുരക്ഷിതവുമായ സാമൂഹ്യ സംവിധാനം സംജാതമാകുന്നത്. ഏറ്റവും യോഗ്യതയുള്ള അദ്ധ്യാപകരും മെച്ചപ്പെട്ടഅടിസ്ഥാന സൗകര്യങ്ങളുള്ള സ്ഥാപനങ്ങളും നമ്മുടെ സംസ്ഥനത്തിന്റെ വിദ്യാഭ്യാസത്തെ മികവിലേക്കാണ് നയിക്കേണ്ടത്. സങ്കുചിത രാഷ്ട്രീയ ചിന്തകൾ വെടിയാനും,സമുന്നത രാഷ്ട്ര നിർമ്മിതിയിലേക്കു പ്രേരണ സൃഷ്ടിക്കാനും വിദ്യാഭ്യാസം ഉണരേണ്ടതാണ്. പ്രതിബന്ധങ്ങളെ അതിജീവിച്ചുകൊണ്ടു മൂല്യവത്തായ വിദ്യ തലമുറകൾക്കു പകർന്ന സ്ഥാപനങ്ങൾ ആ ധർമ്മത്തിൽ തുടർന്നു പോകാൻ ഉറച്ച തീരുമാനം എടുക്കുകയും, യോജ്യമായ പാതകൾ പ്രകാശപൂർണ്ണമാക്കി സൂക്ഷിക്കുകയും ചെയ്യണമെന്ന ബോധ്യമാണ് നമുക്ക് വേണ്ടത് പൊതു സംവിധാനങ്ങളുടെ പരാജയങ്ങളുടെ വെറും വിമർശനങ്ങൾ മാത്രം പോരാ – മറിച്ചു നമുക്ക് എങ്ങനെ വിജയിക്കാം എന്ന പ്രേരകാത്മക ചിന്തയും പ്രവർത്ത നവും കർമപഥത്തിലാകുമ്പോൾ മാറ്റങ്ങൾ വരും. പ്രതീക്ഷ കൈവെടിയാതെ നമുക്കു മുന്നേറാം



## നിയുക്ത ആർച്ചുബിഷപ്പ് ജോർജ്ജ് പനംതുണ്ടിൽ റമ്പാൻ സ്ഥാനമേറ്റു

തിരുവനന്തപുരം: ഖസാക്കിസ്ഥാനിൽ വത്തിക്കാൻ സ്ഥാനപതിയായി നിയമിതനായ നിയുക്ത ആർച്ചു ബിഷപ്പ് ഡോ. ജോർജ്ജ് പനംതുണ്ടിൽ മലങ്കര കത്തോലിക്കാ സഭയുടെ പാരമ്പര്യമനുസരിച്ച് മെത്രാൻ സ്ഥാനാഭിഷേകത്തിന് മുമ്പുള്ള റമ്പാൻ പട്ടം സ്വീകരിച്ചു. പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രലിൽ വച്ച് നടന്ന ചടങ്ങിൽ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായിൽ നിന്നും റമ്പാൻ പട്ടം സ്വീകരിച്ചു. സ്ഥാനാരോഹണ ശുശ്രൂഷയ്ക്കിടയിൽ സന്യാസത്തെ സൂചിപ്പിക്കുന്ന കറുത്ത കുപ്പായവും പതിമൂന്ന് കുരിശുകൾ ആലേഖനം ചെയ്ത ശിരോ വസ്ത്രവും കുരിശ് മാലയും സ്വീകരിച്ചു. ചടങ്ങിൽ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, ബംഗ്ലാദേശിലെ മുൻ വത്തിക്കാൻ സ്ഥാനപതി ആർച്ചു ബിഷപ്പ് മാർ ജോർജ്ജ് കോച്ചേരി, ബിഷപ്പുമാരായ ജോസഫ് മാർ തോമസ്, തോമസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ തിയഡോഷ്യസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, എബ്രഹാം മാർ ജൂലിയോസ്, ആന്റണി മാർ സിൽവാനോസ്, മാത്യൂസ് മാർ പോളികാർപ്പസ്, റമ്പാന്മാർ, കോർ എപ്പിസ്കോപ്പമാർ, വികാരി ജനറൽമാർ, വൈദികർ, സന്യസ്തർ തുടങ്ങിയ നിരവധി പേർ ചടങ്ങിൽ സംബന്ധിച്ചു. ജോർജ്ജ് പനംതുണ്ടിൽ റമ്പാന്റെ മെത്രാഭിഷേകം സെപ്റ്റംബർ 9 ന് വത്തിക്കാനിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽ നടക്കും. ചടങ്ങുകൾക്ക് വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദ്ദിനാൾ പിയത്രോ പരോളിൻ മുഖ്യകാർമ്മികനായിരിക്കും. കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ സംബന്ധിക്കും.

www.malankaralibrary.com





# കാന്റർബറിയിലെ വി. ആൻസലം

**ആമുഖം**

ക്രിസ്തീയ വിശ്വാസ സംഹിതകളെ തന്റെ സൂക്ഷ്മമായ തത്വശാസ്ത്ര-ദൈവശാസ്ത്ര വിശകലനങ്ങളാൽ പരിപോഷിപ്പിച്ച പണ്ഡിത ശ്രേഷ്ഠനനായ കാന്റർബെറിയിലെ വി. ആൻസലം 'മതകീയ തത്വശാസ്ത്രത്തിന്റെ പിതാവ്' (*father of scholasticism*) എന്നറിയപ്പെടുന്ന വിശുദ്ധനാണ്. 'ശ്രേഷ്ഠനായ വേദപാരംഗതൻ' (doctor magnificus), 'മരിയൻ വേദപാരംഗതൻ' (*doctor Marianus*) തുടങ്ങിയ വിശേഷണങ്ങളും ലഭിച്ചിരിക്കുന്ന ആൻസലം യൂറോപ്യൻ തത്വശാസ്ത്രത്തിന്റെ ഏറ്റം ഭാസുരമായ ഒരു യുഗത്തിന്റെ ആരംഭകനാണ്. ഇറ്റലിയിൽ ജനിച്ച്, ഫ്രാൻസിൽ ബെനഡിക്റ്റീൻ സന്യാസ ആശ്രമാധ്യക്ഷനായി സേവനം ചെയ്തു, ഇംഗ്ലണ്ടിലെ കാന്റർബറി ആർച്ചുബിഷപ്പായി അനേകനാൾ അജപാലന നേതൃത്വം നൽകിയ ആൻസലം തീവ്രമായ ആത്മജ്ഞാനത്തോടെ ദൈവത്തെ സ്നേഹിക്കുകയും ആത്മാർത്ഥ ഹൃദയ ത്തോടെ മനുഷ്യനെ ആദരിക്കുകയും ചെയ്ത സന്യാസ ശ്രേഷ്ഠനാണ്. അദ്ദേഹത്തിന്റെ അതീന്ദ്രിയ ജ്ഞാനവും, ധിഷണയും ദൈവത്തെയും മനുഷ്യനെയും സംബന്ധിക്കുന്ന ചോദ്യങ്ങളും ഉത്തരങ്ങളും നിറഞ്ഞതായിരുന്നു. 'ധാരണ തേടുന്ന വിശ്വാസം' (faith seeking understanding) എന്ന പുതിയ തത്വശാസ്ത്ര ശൈലിയും പ്രയോഗവും അവതരിപ്പിച്ചുകൊണ്ട് വിശ്വസിക്കുന്ന കാര്യങ്ങൾ ആഴത്തിൽ ഗ്രഹിക്കാൻ വേണ്ടി ബുദ്ധിശക്തിയെയും യുക്തി വിചാരത്തെയും അദ്ദേഹം ഉപയോഗപ്പെടുത്തി. കൂടാതെ മെത്രാന്മാരുടെ നിയമനം ഉൾപ്പെടെയുള്ള സഭയുടെ അധികാരാവകാശങ്ങൾ ഇംഗ്ലണ്ടിലെ രാജാക്കന്മാർ കൈയ്യടക്കിയപ്പോൾ സഭയും രാഷ്ട്രവും സ്വതന്ത്ര അസ്തിത്വത്തോടെ നിലനിൽക്കുന്ന വ്യത്യസ്ത സ്ഥാപനങ്ങളെന്നും ഒന്ന് മറ്റൊന്നിന്റെമേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കരുതെന്നും ആൻസലം പഠിപ്പിച്ചു. സഭയുടെ അനന്യതയും അവകാശങ്ങളും സംരക്ഷിക്കുന്നതിനായി പോരാടിയതിന്റെ പേരിൽ രണ്ടു പ്രാവശ്യം പ്രവാസത്തിൽ കഴിയേണ്ടിവന്ന ആത്മീയ നേതാവുകൂടിയാണ് അദ്ദേഹം. മാനുഷിക വിജ്ഞാനമേഖലകളെ ദൈവമഹത്വത്തിനായി ഉപയോഗിക്കുന്നതിനും സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധങ്ങളെ ശരിയായി നിർവചിക്കുന്നതിനും വി. ആൻസലത്തെ അടുത്തറിയുന്നത് നമ്മെ സഹായിക്കും.

**റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ**



**ജനനം, ബാല്യം**

ഇറ്റലിയുടെ വടക്കുഭാഗത്തായി സ്വിറ്റ്സർലന്റിനോട് ചേർന്നു കിടക്കുന്ന ആൽപ്സ് പർവ്വതനിരകളുടെ താഴ്വാരത്തിലുള്ള അഓസ്ത എന്ന പ്രകൃതിരമണീയ

www.malankaralibrary.com




പട്ടണത്തിൽ 1033-ലാണ് ആൻസലം ജനിച്ചത്. ഈ നഗരം ഇന്ന് ഇറ്റലിയുടെ ഭാഗമാണെങ്കിലും ആൻസലത്തിന്റെ ജനനസമയത്ത് ഇന്നത്തെ ഫ്രാൻസ്, സ്വിറ്റ്സർലന്റ്, ഇറ്റലി തുടങ്ങിയ രാജ്യങ്ങളുടെ ചില ഭാഗങ്ങൾ ഉൾപ്പെടുന്ന ബർഗണ്ടി എന്നറിയപ്പെടുന്ന രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. ഈ പ്രദേശത്തെ ഭരണാധികാരികളായിരുന്ന ലൊംബാർഡുകളുടെ വംശപരമ്പരയിൽപ്പെട്ട ആൻസലത്തിന്റെ പിതാവിന്റെ പേര് ഗുൺഡുൾഫ് എന്നായിരുന്നു. മാതാവ് എർമൻബെർഗ ബർഗണ്ടിയിലെ രാജാവായ കോൺറാഡിന്റെ കൊച്ചുമകൾ ആയിരുന്നു. അഓസ്തയിലെ കത്തീഡ്രൽ ദേവാലയത്തോട് ചേർന്നുള്ള കൊട്ടാരത്തിലാണ് ആൻസലെം തന്റെ ബാല്യകാലം ചിലവഴിച്ചത്. അദ്ദേഹത്തിന് റിച്ചേര എന്ന പേരുള്ള ഒരു സഹോദരി ഉണ്ടായിരുന്നു എന്ന് ജീവ ചരിത്രരേഖകൾ സാക്ഷിക്കുന്നു. (അമ്മ ഈ സഹോദരിയുടെ ജനനത്തോടെ മരിച്ചു എന്നും പറയപ്പെടുന്നു). ഭക്തയും അനുകമ്പയുമുള്ള അമ്മ എർമെൻബെർഗ ആയിരുന്നു വീട്ടുകാര്യങ്ങളൊക്കെ കൈകാര്യം ചെയ്തിരുന്നത്. പിതാവ് വലിയ കടുംപിടുത്തക്കാരനും തന്റേടിയുമൊക്കെ ആയിരുന്നു.

അമ്മയുടെ വിശ്വാസതീക്ഷ്ണത ആൻസലത്തിന്റ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ചെറുപ്രായത്തിൽ തനിക്കുണ്ടായ ഒരു സ്വപ്നത്തെക്കുറിച്ചു അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. താൻ വീടിനടുത്തുള്ള ഒരു മല കയറി അവിടെയെത്തിയപ്പോൾ ഒരു രാജാവിനെ കണ്ടു. അദ്ദേഹത്തോട് അടുത്തിരുന്നു സംസാരിക്കുകയും തിളങ്ങുന്ന വെളുത്ത അപ്പം അദ്ദേഹം ഭക്ഷിക്കാനായി നൽകുകയും ചെയ്തു. തന്റെ ജീവിതത്തിൽ ഒരു സ്വർഗ്ഗീയ അനുഭ ത്തിന്റെ പ്രതീതി ജനിപ്പിച്ച ഈ സ്വപ്നത്തിന്റെ ഓർമ്മ കൾ ജീവിതകാലം മുഴുവൻ ആൻസലത്തോടൊപ്പം ഉണ്ടായിരുന്നു.

പതിനഞ്ചാമത്തെ വയസ്സിൽ ആൻസലെം സന്യാസ ജീവിതം നയിക്കുക എന്ന ലക്ഷ്യത്തോടെ വീട്ടിൽ നിന്നും വിദൂരത്തിലുള്ള ഒരു ആശ്രമത്തിലേക്ക് യാത്രയായി. എന്നാൽ പിതാവിന്റെ അനുവാദം ഇല്ല എന്ന കാരണത്താൽ അദ്ദേഹത്തിനു ആശ്രമാധികാരി പ്രവേശനം നിഷേധിച്ചു. പിതാവ് ഗുൺഡുൾഫ് തന്റെ മകൻ ഭൗതികമായി വലിയ സ്ഥാനങ്ങളിൽ എത്തണമെന്ന് അതിയായി ആഗ്രഹിച്ചിരുന്നതിനാൽ സന്യാസ ജീവിതത്തിനുള്ള അനുവാദം കൊടുത്തില്ല. കുറേനാളത്തെ പരാജയപ്പെട്ട പരിശ്രമത്തിന് ശേഷം ആൻസലം ഈ ശ്രമം ഉപേക്ഷിച്ചു. മാത്രമല്ല, പഠനത്തിലുമുള്ള താത്പര്യങ്ങൾ ഉപേക്ഷിച്ചുക്കുകയും നഗരത്തിലെ കായികമത്സരങ്ങളിൽ സ്ഥിരസാന്നിധ്യമായി സമയം ദുർവ്യയം ചെയ്തുകളയുകയുകയും ചെയ്തു.

**ഫ്രാൻസിലെ ബെനഡിക്റ്റീൻ ആശ്രമത്തിൽ**

അമ്മയുടെ അകാലമരണം സമ്മാനിച്ച വേദനകൾ പേറി ആൻസലം കുറേക്കാലം ഏകാകിയായി ജീവിക്കുകയും വ്യർത്ഥതയിൽ സമയം ചിലവഴിക്കുകയും ചെയ്തു. അവസാനം ഇരുപത്തിമൂന്നാമത്തെ വയസ്സിൽ ഒരു സഹായിയെയും കൂട്ടി ആൽപ്സ് പർവ്വതം കടന്ന് ഫ്രാൻസിൽ എത്തി മൂന്നു വർഷത്തോളം അലഞ്ഞു തിരിഞ്ഞു നടന്നു. ഈ സമയത്താണ് തന്റെ രാജ്യക്കാരനായ പവിയയിലെ ലാൻഫ്രാങ്ക് നോർമണ്ടിയിലെ ബക്കിലുള്ള ബെനഡിക്റ്റീൻ ആശ്രമത്തിലെ ആബട്ടാണെന്ന് അറിയുന്നതും അദ്ദേഹത്തെ സന്ദർശിക്കുന്നതും. ഈ ആശ്രമത്തിൽ ഏതാണ്ട് ഒരു വർഷ



www.malankaralibrary.com

ത്തോളം അതിഥിയായി വസിച്ചു. (ബെൻഡക്റ്റീൻ ആശ്രമാധിപനായ ലാൻഫ്രാങ്ക് പിന്നീട് കാന്റർബെറിയിലെ ആർച്ച്ബിഷപ്പായി നിയമിതനായി). സന്യാസ ജീവിതമെന്ന പഴയ ആഗ്രഹം ദൈവഹിതമാണോ എന്ന് തിരിച്ചറിയുന്നതിനായി ഉപദേശം തേടി ലാൻഫ്രാങ്കിന്റ അരികിലെത്തിയപ്പോൾ, തന്നേക്കാൾ ഇക്കാര്യത്തിൽ മാർഗ്ഗനിർദേശം നൽകാൻ കഴിവുള്ള റൂവെൻ രൂപതയിലെ ആർച്ചുബിഷപ്പ് മൗറില്ലിൻ ആണെന്ന് പറഞ്ഞുകൊണ്ട് ആൻസലത്തെ അദ്ദേഹത്തിന്റെ അടുത്തേയ്ക്ക് പറഞ്ഞു വിട്ടു. അദ്ദേഹം സന്യാസം തിരഞ്ഞെടുക്കാൻ ആൻസലത്തോട് ആവശ്യപ്പെടുകയും ചെയ്തു. ഈ സമയത്ത് പിതാവ് ഗുൺഡുൾഫ് തന്റെ ഭാര്യയുടെ വേർപാടിനു ശേഷം മാനസാന്തരപ്പെടുകയും എല്ലാം ഉപേക്ഷിച്ചു ഒരു ആശ്രമജീവിതം തിരഞ്ഞെടുക്കയും ചെതിരുന്നു. എന്നാൽ ആൻസലെം പിതാവിന്റെ അനുവാദം തേടി നാട്ടിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹവും ഈ ലോകത്തിൽ നിന്നും യാത്രയായിരുന്നു.

തന്റെ കുടുംബസ്വത്ത് ഏതു വിധത്തിൽ കൈകാര്യം ചെയ്യണം എന്നതിനെക്കുറിച്ചു പല പ്രഗത്ഭമതികളുമായി ആൻസലം ആലോചന നടത്തുകയും അവസാനം എല്ലാം പാവങ്ങൾക്ക് നല്കി ഇരുപത്തേഴാമത്തെ വയസ്സിൽ സന്യാസ ജീവിതം തിരഞ്ഞെടുക്കുകയും ചെയ്തു. തിരികെ ഫ്രാൻസിലെത്തി നോർമണ്ടിയിലെ ബെക്ക് ആശ്രമത്തിലെ സന്യാസാർത്ഥിയായി ആൻസലെം പുതിയൊരു ജീവിതം ആരംഭിച്ചു. അടുത്ത പത്തു വർഷം ആശ്രമവാസത്തിലൂടെ വി. ബെനഡിക്റ്റിന്റെ നിയമങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തെ രൂപപ്പെടുത്തുകയായിരുന്നു.

**ബെക്കിലെ ബെനഡിക്റ്റീൻ ആശ്രമാധിപൻ**

1078-ൽ ബെക്ക് ആശ്രമത്തിലെ ആബട്ടായിരുന്ന ഹേൾവിൻ അന്തരിച്ചപ്പോൾ സന്യാസിമാർ ചെറുപ്പക്കാരനായ ആൻസലത്തെ ആബട്ടായി തിര ഞ്ഞെടുത്തു. എന്നാൽ തന്നെ ആശ്രമാധിപനായി തിരഞ്ഞെടുത്തിരിക്കുന്നുവെന്നു മനസ്സിലാക്കിയ ആൻസലം ഈ സ്ഥാനം ഏറ്റെടുക്കാൻ വിസമ്മതിച്ചു. അവസാനം സഹസന്യാസിമാരുടെ നിർബന്ധം സഹിക്കവയ്യാതെ അദ്ദേഹം അവരുടെ മുൻപിൽ സാഷ്ടാംഗം പ്രണമിച്ചു തന്നെ ഈ വലിയ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചു. ആൻസലത്തിന്റെ അപ്രതീക്ഷിത പ്രതികരണം സന്യാസിമാരെ ചഞ്ചലചിത്തരാക്കി. എന്തുചെയ്യണമെന്നറിയാതെ അല്പസമയം പകച്ചു നിന്നതിന് ശേഷം അവരും അദ്ദേഹത്തെ അനുകരിച്ചുകൊണ്ട് സാഷ്ടാംഗ പ്രമാണം ചെയ്തുകൊണ്ട് ഒരേസ്വരത്തിൽ അദ്ദേഹത്തോട് സ്ഥാനം ഏറ്റെടുക്കണമെന്ന് അപേക്ഷിച്ചു. അവസാനം അവരുടെ നിർബന്ധത്തിനു വഴങ്ങിയും തന്റെ മനസാക്ഷിയുടെ ഉൾവിളിയാലും ആൻസലം ആശ്രമത്തിന്റെ ആബട്ട് സ്ഥാനം ഏറ്റെടുത്തു.

ആൻസലത്തിന്റെ നേതൃത്വത്തിൽ ബെക്ക് യൂറോ



പ്പിലെ ഏറ്റം പ്രശസ്ത ആശ്രമങ്ങളിൽ ഒന്നായി വളർന്നു. ഇറ്റലിയിൽ നിന്നും ഫ്രാൻസിൽ നിന്നും യൂറോപ്പിലെ മറ്റു പല രാജ്യങ്ങളിൽ നിന്നും ഇവിടേയ്ക്ക് പഠനത്തിനായി ധാരാളം വിദ്യാർത്ഥികൾ എത്തി. ഇക്കാലയളവിൽ തന്നെ ആൻസലെം തന്റെ വിഖ്യാത രചനകളും ആരംഭിച്ചിരുന്നു. വിജ്ഞാനത്തിന്റെ കേന്ദ്രമെന്ന പേരിൽ മാത്രമല്ല വിശുദ്ധിയുടെ പരിമളം പരത്തുന്നുന്ന സന്യാസ ഭവനം എന്ന നിലയിൽ കൂടിയാണ് ബെക്ക് പ്രസിദ്ധമായത്. ഇവിടെ എടുത്തുപറയേണ്ടുന്ന വസ്തുത ആശ്രമാധിപനായിരുന്ന ആൻസലത്തിന്റെ ലളിതവും അടുക്കും ചിട്ടയോയും കൂടിയുള്ളതുമായ മാതൃകാജീവിതമാണ്. പുതിയതായി ആശ്രമത്തിൽ എത്തുന്നവർക്ക് അച്ചടക്കവും, വിശുദ്ധിയും, ലാളിത്യവും ഉണ്ടെന്ന് ഉറപ്പുവരുത്തുന്ന പരിശീലന രീതി അദ്ദേഹം നടപ്പാക്കി. കൂടാതെ ആശ്രമത്തിന്റ ഭരണകാര്യങ്ങളിലും പരിശീലനത്തിലും പുറത്തു നിന്നും പ്രത്യേകിച്ചും ഭൗതീക ഭരണാധികാരികളുടെ നിയന്ത്രണങ്ങൾ ഒന്നും തന്നെ അദ്ദേഹം അനുവദിച്ചിരുന്നില്ല.

**ഇംഗ്ലണ്ടുമായുള്ള ബന്ധങ്ങൾ**

യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, പ്രത്യേകിച്ചു ഫ്രാൻസിന്റെ പടിഞ്ഞാറു നിന്നും വന്ന നോർമൻ വംശജർ 1066-ൽ ഇംഗ്ലണ്ടിൽ ആധിപത്യം സ്ഥാപിച്ചു. വലിയ കത്തോലിക്കാ വിശ്വാസികളായിരുന്ന ഇവിടുത്തെ ഭരണാധികാരികൾ ആശ്രമങ്ങളുടെയും പള്ളികളുടെയും വളർച്ചക്കായി അകമഴിഞ്ഞ സഹായങ്ങൾ ചെയ്തു കൊടുത്തിരുന്നു. ബെക്കിലെ ബെനഡിക്റ്റീൻ ആശ്രമത്തിനും അങ്ങനെ ഇംഗ്ലണ്ടിൽ ഭൂസ്വത്തുക്കൾ ലഭിച്ചു. ഈ വസ്തുവകകളുടെ മേൽനോട്ടത്തോടൊപ്പം

www.malankaralibrary.com



ബെക്കിലെ ആശ്രമാധിപനായിരുന്ന സമയത്ത് തന്റെ സുഹൃത്തായിരുന്ന ഇംഗ്ലണ്ടിലെ വില്യം ഒന്നാമൻ രാജാവിനെയും ആത്മീയ വഴികാട്ടിയായ കാന്റർബെറിയിലെ ആർച്ചുബിഷപ്പ് ലാൻഫ്രാങ്കിനെയും സന്ദർശിക്കാനായി ആൻസലം നിരവധി തവണ ഇംഗ്ലണ്ടിൽ എത്തിയിരുന്നു. ഈ സന്ദർശന സമയത്ത് കാന്റർബറിയിലെ കത്തീഡ്രൽ ചാപ്റ്റർ അംഗങ്ങൾക്ക് അദ്ദേഹത്തിന്റെ പെരുമാറ്റത്തിലും, ബുദ്ധിവൈഭവത്തിലും, വിശുദ്ധിയിലും മതിപ്പ് തോന്നുകയും ആൻസലത്തെ അടുത്ത കാന്റർബറി ആർച്ചുബിഷപ്പായി ലഭിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തു.

1089-ൽ ആർച്ചുബിഷപ്പ് ലാൻഫ്രാങ്ക് അന്തരിച്ചപ്പോൾ സഭയുടെ അവകാശങ്ങളും സമ്പത്തും രാജാവ് അവകാശപ്പെടുത്തി കൈകാര്യം ചെയ്യാൻ തുടങ്ങി. കാന്റർബറി ആർച്ചുബിഷപ്പ് സ്ഥാനത്തോട് അഭിവാഞ്ഛ ഇല്ലാതിരുന്നതിനാലും രാജാവുമായി ഒരു പ്രശ്നം ഉണ്ടാകാതിരിക്കുന്നതിനുമായി കാന്റർബെറിയിലേക്കുള്ള യാത്രകൾ ആൻസലം ഒഴിവാക്കി. ഈ അവസരത്തിലാണ് ഇംഗ്ലണ്ടിലെ ചെസ്റ്ററിലെ പ്രഭുവായിരുന്ന ഹ്യു ദ്'അവ്റാഞ്ചസ് ആൻസലത്തെ പല പ്രാവശ്യം അവിടേക്ക് ക്ഷണിക്കുകയും ആശ്രമങ്ങൾ തുടങ്ങാനായി സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തത്. അവസാനം ഇദ്ദേഹത്തിന്റെ നിർബന്ധത്തിന് വഴങ്ങി ആൻസലം ഇംഗ്ലണ്ടിൽ എത്തുകയും ആശ്രമങ്ങളുടെ പ്രവർത്തനങ്ങൾക്കായി ഒരു രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

വില്യം രണ്ടാമൻ രാജാവിന്റെ ലക്ഷ്യം സഭയുടെ നിയന്ത്രണം ഏറ്റെടുത്തുകൊണ്ട് എല്ലാ സ്വത്തുക്കളും തന്റെ ഇഷ്ടമനുസരിച്ചു കൈകാര്യം ചെയ്യുക എന്നതായിരുന്നു. തന്റെ ജീവിതകാലത്തു കാന്റർബറിയിൽ ഒരു ആർച്ചുബിഷപ്പ് ഉണ്ടായിരിക്കില്ല എന്ന് അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചു. എന്നാൽ അധികം താമസിയാതെ അദ്ദേഹത്തിന് മാരകമായ രോഗബാധയുണ്ടായി. മരണഭയത്താൽ വില്യം തിന്മയുടെ പാതയിൽ നിന്നും നന്മയിലേക്ക് സഞ്ചരിക്കാൻ ആഗ്രഹിച്ചുകൊണ്ട് ആൻസലത്തെ തന്റെ അരികിലേക്ക് വിളിച്ചുവരുത്തുകയും കുമ്പസാരിച്ചു അന്ത്യകൂദാശകൾ സ്വീകരിക്കുകയും ചെയ്തു. കൂടാതെ രാജ്യത്തെ അനേകം തടവുകാരെ മോചിപ്പിക്കുകയും കടങ്ങൾ ഇളച്ചുനല്കുകയും ചെയ്തു. ഇനിയും താൻ സുഖപ്പെടുമെങ്കിൽ എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ട് നീതിയോടെ ഭരണം നടത്തുമെന്നും പ്രഖ്യാപിച്ചു. അധികം താമസിയാതെ ആരോഗ്യം വീണ്ടെടുത്ത രാജാവ് 1093 മാർച്ച് 6-ന് ആൻസലത്തെ കാന്റർബെറിയിലെ ആർച്ചുബിഷപ്പായി നിർദേശിച്ചു.

**കാന്റർബറി ആർച്ചുബിഷപ്പ്**

അൻസലെം ബെക്ക് ആശ്രമത്തിലെ ആബ്ബട്ടായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഉണ്ടായ സംഭവങ്ങളുടെ തനിയാവർത്തനമായിരുന്നു ആർച്ചുബിഷപ്പ് സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടപ്പോഴും സംഭവിച്ചത്. രാജാവിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞപ്പോൾ ആർച്ചുബിഷപ്പ് സ്ഥാനം ഏറ്റെടുക്കുന്നതിനായി ബിഷപ്പുമാരും വൈദികരും അടങ്ങുന്ന സംഘം മുട്ടിന്മേൽ നിന്നുകൊണ്ട് അദ്ദേഹത്തോട് അഭ്യർത്ഥന

www.malankaralibrary.com

നടത്തി. എന്നാൽ ഈ സ്ഥാനത്തോട് യാതൊരു അഭിവാഞ്ചയും ഇല്ലാതിരുന്ന ആൻസലം അവരെ അനുകരിച്ചു മുട്ടിന്മേൽ നിന്നുകൊണ്ട് തന്നെ ഇതിൽ നിന്നും തന്നെ ഒഴിവാക്കിത്തരണമെന്ന് അവരോടു അപേക്ഷിച്ചു. അവിടെക്കൂടിയ എല്ലാവരും ഈ സമയത്ത് ആൻസലത്തിന്റെ കൈയിൽ അംശവടി ബലമായി പിടിപ്പിച്ചുകൊന് കത്തീഡ്രൽ ദേവാലയത്തിലേക്ക് പ്രദക്ഷിണമായി എടുത്തുകൊണ്ട് പോയി.

ഇത്രോയൊക്കെ നിർബന്ധം ഉണ്ടായെങ്കിലും തന്റെ പ്രായവും അനാരോഗ്യവും കാരണം ഈ സ്ഥാനം ഏറ്റെടുക്കില്ല എന്ന നിർബന്ധബുദ്ധിയോടെ ആൻസലം മാസങ്ങളോളം പിടിവാശിയിൽ കഴിഞ്ഞു. ബെക്കിലെ സന്യാസികൾ ഒരു കാരണവശാലം ആൻസലത്തെ അവിടെനിന്ന് പോകാൻ അനുവദിക്കുകയില്ല എന്നും പ്രഖ്യാപിച്ചു. ദുർഹമിലെ ബിഷപ്പ് വില്യമും മ്യൂളനിലെ പ്രഭു റോബെർട്ടും ഇടപെടുകയും അങ്ങനെ അവസാനം തന്റെ ആവശ്യങ്ങൾ രാജാവ് അംഗീകരിക്കുമെങ്കിൽ ഈ സ്ഥാനം സ്വീകരിക്കാം എന്ന് ആൻസലം അവരെ അറിയിക്കുകയും ചെയ്തു. ഒന്നാമതായി ഗ്രിഗോറിയൻ പരിഷ്കാരങ്ങൾ ഇംഗ്ലണ്ടിലും നടപ്പിലാക്കാൻ അനുവദിക്കുക. (ഗ്രിഗറി ഏഴാമൻ മാർപാപ്പ ധാർമ്മിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകി സഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനായി റോമൻ കൂരിയായിലും രാജ്യത്തും അക്കാലത്തു നടപ്പാക്കിയ പരിഷ്ക്കാരങ്ങളാണ് ഇവ). രാജാവ് സഭയിൽ നിന്നും കൈക്കലാക്കിയ വസ്തുവകകൾ തിരികെ നല്കുക, ആത്മീയ കാര്യങ്ങളിൽ രാജാവ് ആർച്ച്ബിഷപ്പിന്റെ ഉപദേശം തേടുക. എന്നാൽ പഴയകാര്യങ്ങൾ മറന്നുകൊണ്ട് വില്യം രാജാവ് ഈ നിബന്ധനകൾ സ്വീകരിക്കാൻ വലിയ വൈമുഖ്യം കാണിച്ചു. അവസാനം പൊതുസമൂഹത്തിന്റെ സമ്മർദ്ദം കാരണം താൻ സഭയോട് ചെയ്യുന്ന ഒരു ആനുകൂല്യമായി ചില സ്ഥലങ്ങൾ തിരികെ നൽകാമെന്ന് അദ്ദേഹം സമ്മതിച്ചു. അങ്ങനെ 1093 സെപ്റ്റംബർ 25-ന് ആൻസലം കാന്റർബെറിയിലെ ആർച്ചുബിഷപ്പായി സ്ഥാനമേറ്റു.

**അജപാലന വെല്ലുവിളികൾ**

വലിയ അധികാരവും സ്വാധീനവുമുള്ള കാന്റർബെറിയിലെ ആർച്ചുബിഷപ്പ് സ്ഥാനം ഏറ്റെടുത്തെങ്കിലും ഒരു സന്യാസിയുടെ ജീവിത ശൈലിയാണ് ആൻസലം അനുവർത്തിച്ചത്. അദ്ദേഹത്തിന്റെ അനുദിന പ്രവർത്തനങ്ങളിൽ ശ്രേഷ്ഠമായ കാര്യാധീശത്വവും ദീർഘദൃഷ്ടിയും പ്രാർത്ഥനാചൈതന്യവും നിഴലിച്ചിരുന്നു. ധ്യാനത്തോടെയും പ്രാർത്ഥനയിലും ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന ഒരു ദിനചര്യ തന്റെ ജീവിതത്തെ ദൈവകേന്ദ്രീകൃതമായി മുന്നോട്ട് കൊണ്ടുപോകുന്നതിനായി നിഷ്ഠയോടെ അദ്ദേഹം അനുവർത്തിച്ചു. സഭയുടെയും ദൈവജനത്തിന്റെയും താത്പര്യം മുൻനിർത്തി പല നവീകരണങ്ങളും അദ്ദേഹം തന്റെ അതിരൂപതയിൽ നടപ്പിലാക്കി. ഈ നവീകരണ പ്രവർത്തനങ്ങൾക്ക് രാജാവിന്റെ സഹായവും അദ്ദേഹം അഭ്യർത്ഥിച്ചു.

ആൻസലെം കാന്റർബെറിയിലെ ആർച്ചുബിഷപ്പ് സ്ഥാനം ഏറ്റെടുത്തു തന്റെ ഉത്തരവാദിത്വങ്ങൾ തീക്ഷ്ണതയോടെ ആരംഭിച്ചെങ്കിലും രാജാവിന്റെ ഭാഗത്തു നിന്നും വേണ്ടത്ര പിന്തുണ ലഭിച്ചില്ലെന്ന് മാത്രമല്ല അദ്ദേഹം പലവിധ പ്രശ്നങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. എട്ടാം നൂറ്റാണ്ടുമുതൽ സഭയിൽ നിലവിൽ വന്ന ഒരു പാരമ്പര്യമാണ് മാർപാപ്പ ആർച്ചുബിഷപ്പുമാർക്ക് അവരുടെ ആത്മീയ അധികാരത്തിന്റെ അടയാളമായി 'പാലിയം' ധരിപ്പിക്കുന്നത്. തന്റെ ചുമതലകൾ പൂർണ്ണമായും സ്വീകരിച്ചിരിക്കുന്നു എന്നതിന്റെ ഒരു ബാഹ്യ അടയാളം കൂടിയായിരുന്നു ഇത്. എന്നാൽ ഇത് സ്വീകരിക്കുന്നതിനായി റോമിലേക്ക് പോകുന്നതിന് ആൻസലത്തിനു വില്യം രാജാവ് അനുവാദം കൊടുത്തില്ല. രാജാവിന്റെ മനംമാറ്റത്തിനനുസരിച്ചു ഇംഗ്ലണ്ടിലെ മിക്ക ബിഷപ്പുമാരുടെയും മനോഭാവത്തിനും ചാഞ്ചല്യം സംഭവിക്കുന്നത് ആൻസലത്തിന് വലിയ വെല്ലുവിളി സമ്മാനിച്ചു.

**വില്യം രാജാവുമായുള്ള പ്രശ്നങ്ങൾ**

രാജ്യത്തിന്റെ മാത്രമല്ല, സഭയുടെയും അധികാരി താനാണെന്ന വില്യം രാജാവിന്റെ അവകാശവാദം അംഗീകരിക്കുന്നതിന് ആൻസലത്തിന് സാധിക്കുമായിരുന്നില്ല. ഇതിനുള്ള ആൻസലത്തിന്റെ മറുപടി രാജാവ് രാജ്യത്തിന്റെ തലവനും മാർപാപ്പ സഭയുടെ തലവനും, ഇംഗ്ലണ്ടിലെ പ്രഥമ രൂപതയെന്ന നിലയിൽ കാന്റർബെറിയിലെ ആർച്ചുബിഷപ്പ് ഇവിടുത്തെ സഭയുടെ ചുമതലക്കാരനും എന്നതായിരുന്നു. (സഭയുടെമേലും തങ്ങൾക്ക് അധികാരമുണ്ടെന്ന അവകാശവാദം പിന്നീട് വന്ന രാജാക്കന്മാരും ഉന്നയിച്ചിരുന്നു. 1534-ൽ ഹെൻഡ്രി എട്ടാമൻ രാജാവിന്റെ ഒന്നാം ഭാര്യ ആരഗണിലെ കാതറീനുമായുള്ള വിവാഹമോചനത്തിന് മാർപാപ്പ അനുവാദം കൊടുക്കാതിരുന്നതിനാൽ അദ്ദേഹം സഭയുടെ നേതൃത്വം ഏറ്റെടുക്കുകയും അങ്ങനെ ആംഗ്ലിക്കൻ സഭ നിലവിൽ വരികയും ചെയ്തു. ആറു വിവാഹം കഴിച്ച രാജാവുകൂടിയാണ് ഹെൻഡ്രി എട്ടാമൻ. ഇന്നും ആഗ്ലിക്കൻ സഭയുടെ ഔപചാരിക തലവൻ ഇംഗ്ലണ്ടിലെ രാജാവാണ്).

രാജ്യത്തിന്റെ അതിർത്തികൾ വിപുലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തന്റെ സഹോദരൻ റോബർട്ട് രണ്ടാമന്റെ ഭരണത്തിൻകീഴിലായിരുന്ന നോർമണ്ടി പ്രദേശം കൈക്കലാക്കാനായി വില്യം പരിശ്രമിച്ചു. അതിനായി തയ്യാറെടുപ്പുകൾ നടത്തുന്നതിന് ഫണ്ട് കണ്ടെത്തുന്നതിനു പണം നൽകാൻ തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റിൽ ആൻസലവും ഉണ്ടായിരുന്നു. അദ്ദേഹം യുദ്ധത്തിനുള്ള പണം കൊടുക്കാൻ തയ്യാറായില്ലെന്ന് മാത്രമല്ല, ആർച്ചുബിഷന്റെ അധികാരാവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പരിശ്രമങ്ങൾ

www.malankaralibrary.com

തുടങ്ങുകയും ചെയ്തു. ഇംഗ്ലണ്ടിൽ ബിഷപ്പില്ലാതിരിക്കുന്ന രൂപതകളിൽ ബിഷപ്പിനെ നിയമിക്കുക, സഭാനിയമങ്ങളുടെ നടത്തിപ്പ് ആർച്ചുബിഷപ്പിന് നൽകുക, ബിഷപ്പുമാരുടെ സമ്മേളനം ബാഹ്യ കൈകടത്തലുകൾ ഇല്ലാതെ നടത്താൻ അനുവദിക്കുക ഇതെല്ലം അദ്ദേഹത്തിന്റെ ആവശ്യങ്ങളായിരുന്നു. എന്നാൽ രാജാവിനെ ഏറ്റവും അധികം പ്രകോപിച്ചത് അഗമ്യഗാമിയായ (incestuous) വിവാഹങ്ങൾക്ക് വിലക്കേർപ്പെടുത്തുന്ന സഭാനിയമം നിർബന്ധമായും പാലിക്കണമെന്ന് ആവശ്യപ്പെട്ടതായിരുന്നു. കൂടാതെ രാജാവ് നൽകണമെന്ന് ആവശ്യപ്പെട്ട പണം അദ്ദേഹം കൈക്കലാക്കുന്നതിനു മുൻപായി പാവങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

**'പാലിയം' പ്രശ്നങ്ങൾ**

റോമിൽ ചെന്ന് ഉർബൻ രണ്ടാമൻ മാർപാപ്പയുടെ പക്കൽനിന്നും ആർച്ചുബിഷപ്പിന്റെ പാലിയം സ്വീകരിക്കാനുള്ള തയ്യാറെടുപ്പുകൾ ആൻസലം നടത്തി. എന്നാൽ രാജാവ് ഈ യാത്രയ്ക്ക് അനുവാദം നല്കാൻ തയ്യാറായില്ല. 1105 ഫെബ്രുവരി 25-ന് ഇംഗ്ലണ്ടിലെ ബിഷപ്പുമാരും പ്രഭുക്കന്മാരും ഈ വിഷയം ചർച്ച ചെയ്യാൻ ഒരുമിച്ചു കൂടി. രാജാവ് ഈ സംഗമത്തിലേക്ക് ഒരു കാരണവാശാലും ആൻസലത്തെ കാന്റർബെറിയിലെ ആർച്ചുബിഷപ്പായി അംഗീകരിക്കരുത് എന്ന സന്ദേശം അയച്ചു. ഇവിടെയെത്തിയ ബിഷപ്പുമാർ രാജാവിനെയും പ്രഭുക്കന്മാർ ആൻസലത്തെയും അനുകൂലിക്കുന്ന അസാധാരണ സാഹചര്യം ഉണ്ടാവുകയും അങ്ങനെ കാര്യത്തിന് തീരുമാനമാകാതെ പിരിയുകയും ചെയ്തു.

ഈ സംഭവത്തിന് ശേഷം വില്യം രാജാവ് സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നത് പല നാടകീയ സംഭവങ്ങൾക്കും സാക്ഷ്യം വഹിക്കുന്നു. ആർച്ച് ബിഷപ്പ് ജെറാൾഡിനെയും, ബിഷപ്പ് വില്യം വാറെൽവാസ്റ്റിനെയും രാജാവ് റോമിലേക്ക് തന്റെ ദൗത്യവുമായി അയച്ചു. അതിൽ പ്രധാനം മാർപാപ്പയുടെ പക്കൽനിന്നും കാന്റർബറി ആർച്ചുബിഷപ്പിന്റെ പാലിയം വാങ്ങിക്കൊണ്ടുവരിക എന്നതായിരുന്നു. എന്നാൽ ആൻസലത്തെ ബിഷപ്പ് സ്ഥാനത്തുനിന്നും നീക്കുക എന്ന ആവശ്യം ഇംഗ്ലണ്ടിലെ ബിഷപ്പുമാർ നിരസിച്ചു. പിന്നീട് പാലിയം പണം നൽകുന്ന വേറേതെങ്കിലും ബിഷപ്പിനു നൽകാൻ പരിശ്രമിച്ചെങ്കിലും ആ ശ്രമവും പരാജയപ്പെട്ടു. അവസാനം വില്യം തന്നെ ഇത് ആൻസലത്തെ അണിയിക്കാനും അങ്ങനെ രാജാവിനു സഭയുടെമേൽ അധികാരം ഉണ്ട് എന്ന് സ്ഥാപിക്കാനും ശ്രമിച്ചു. ഈ ശ്രമവും ദയനീയമായി പരാജയപ്പെട്ടപ്പോൾ മറ്റു മാർഗ്ഗങ്ങൾ ഒന്നുമില്ലാതെ, പാലിയം കാന്റർബെറി കത്തീഡ്രലിന്റെ അൾത്താരയിൽ വയ്ക്കുകയും ആൻസലെം 1095 ജൂൺ 10-ന് അതെടുത്തു അണിയുകയും ചെയ്തു.



**ഒന്നാം പ്രവാസം**

വില്യം രാജാവും ആർച്ചുബിഷപ്പ് ആൻസലേമും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പലരും പരിശ്രമിച്ചു. 'ഒന്നുകിൽ പ്രവാസം അല്ലെങ്കിൽ പൂർണ്ണമായ കീഴടങ്ങൽ' ഇതായിരുന്നു രാജാവിന്റെ നിർദേശം. ആൻസലം രാജ്യത്തിന് പുറത്തുപോവുകയാണെങ്കിൽ രാജാവ് കാന്റർബറി അതിരൂപത ഏറ്റെടുക്കാനും ആർച്ചുബിഷപ്പ് സ്ഥാനത്തു നിന്നും അദ്ദേഹത്തെ പുറത്താക്കാനും തീരുമാനിച്ചിരുന്നു. ഇനിയും രാജാവിനെ അനുസരിച്ചു കാന്റർബെറിയിൽ നില്ക്കാൻ തീരുമാനിക്കുന്ന പക്ഷം പിഴയടക്കുകയും റോമിലേക്ക് അപേക്ഷകൾ ഒന്നും അയക്കില്ലെന്ന് പ്രതിജ്ഞ എടുക്കുകയും വേണം എന്ന നിബന്ധനയും രാജാവ് മുന്നോട്ട് വച്ചു.

ആൻസലെം 1097 ഒക്ടോബറിൽ റോമിലേക്ക് യാത്ര ചെയ്തു. എന്നാൽ അദ്ദേഹം രാജ്യം വിട്ടയുടൻ വില്യം രാജാവ് സഭയുടെ സ്വത്തുക്കളും വരുമാനവും ഏറ്റെടുക്കുകയും ഭൗതീക ലക്ഷ്യത്തോടെ രൂപത ഭരിക്കാൻ ആരംഭിക്കുകയും ചെയ്തു. ആൻസലമാകട്ടെ റോമിലേക്കുള്ള യാത്രാമദ്ധ്യേ ഫ്രാൻസിലെ ലിയോൺ നഗരത്തിൽ ആയിരിക്കുമ്പോൾ തന്നെ ജോലിയിൽ നിന്നും വിരമിക്കുന്നതിന് അനുവദിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് മാർപാപ്പയ്ക്ക് കത്തെഴുതി. മാർപാപ്പ ഈ ആവശ്യം നിരസിച്ചു എന്ന് മാത്രമല്ല, 'പരിശുദ്ധാത്മാവിന്റെ ഗമനത്തെക്കുറിച്ചു' (Procession of the Holy Spirit) ഗ്രീക്ക് സഭയുമായുള്ള സംവാദത്തിനായി ഒരു ലേഖനം എഴുതാനായി ആവശ്യപ്പെടുകയും ചെയ്തു. റോമിലെത്തിയ ആൻസലത്തിന് മാർപാപ്പയുടെ വസതിയോട് ചേർന്ന് അദ്ദേഹം താമസം ഒരുക്കി. ഈ സമയത്ത് സരസീൻ മുസ്ലീംങ്ങളെ അദ്ദേഹം ക്രിസ്തീയ വിശ്വാസത്തിലേക്ക് കൊണ്ടുവരുന്നതിന് പരിശ്രമിച്ചെങ്കിലും വിജയിച്ചില്ല.

www.malankaralibrary.com

ഒക്ടോബർ മാസത്തിൽ ഇറ്റലിയിലെ പടിഞ്ഞാറുള്ള ബാരി നഗരത്തിൽ വച്ച് ഒരു സഭാകൗൺസിൽ കൂടി. അവിടെക്കൂടിയ 185 ബിഷപ്പുമാർക്കായി 'ഫീലിയോക്കെ' പ്രമാണത്തെ അനുകൂലിച്ചുകൊണ്ടും വി. കുർബാനയിൽ പുളിപ്പില്ലാത്ത അപ്പം ഉപയോഗിക്കുന്നതിനെ ന്യായീകരിച്ചുകൊണ്ടും ഒരു പ്രസംഗം നടത്തി. ഇവിടെ നടത്തിയ പ്രസംഗങ്ങൾ പിന്നീട് അൻസലെം ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചതാണ് 'പരിശുദ്ധാത്മാവിന്റെ ഗമനം' എന്നത്. ഈ കൗൺസിൽ വില്യം രണ്ടാമന്റെ പ്രവർത്തികളെ അപലപിച്ചുവെങ്കിലും ആൻസലത്തിന്റെ അഭിപ്രായത്തെ മാനിച്ചു അദ്ദേഹത്തെ സഭയിൽ നിന്നും പുറത്താക്കിയില്ല. ഇവിടെ നിന്ന് റോം, സ്ക്യാവി, ലിയോൺ എന്നീ സ്ഥലങ്ങളിലേക്കും അദ്ദേഹം യാത്ര ചെയ്തു.

**വില്യത്തിന്റെ പിൻഗാമി ഹെൻഡ്രി ഒന്നാമൻ**

വില്യം രാജാവ് 1100 ഓഗസ്റ്റ് 2-ന് ഒരു വേട്ടയ്ക്ക് പോയപ്പോൾ ആകസ്മികമായി കൊല്ലപ്പെട്ടു. അങ്ങനെ അദ്ദേഹത്തിന്റെ സഹോദരൻ ഹെൻഡ്രി ഒന്നാമൻ രാജാവായി. ഹെൻഡ്രി രാജാവ് ആൻസലത്തെ പ്രവാസം അവസാനിപ്പിച്ചു തിരികെയെത്താൻ മുകൈയെടുത്തു. ഇംഗ്ലണ്ടിൽ എത്തി തന്റെ ഉപദേ ശകനായി വർത്തിക്കണമെന്നും അദ്ദേഹം ആവശ്യ പ്പെട്ടു. തിരികെയെത്തിയ ആൻസലത്തോടു അംശ വടിയും മോതിരവും പുതിയതായി രാജാവിൽ നിന്നും സ്വീകരിക്കണമെന്ന അഭ്യർത്ഥന അദ്ദേഹം നിരസിച്ചു. ഇതിനെതിരെ പാസ്കൽ മാർപാപ്പയെ സമീപിച്ച ഹെൻഡ്രിയുടെ അപേക്ഷകൾ അവിടെയും നിരസിക്കപ്പെട്ടു.

ഇങ്ങനൊക്കെയാണെങ്കിലും ആൻസലം രാജ്യതാത്പര്യം മുൻനിർത്തി ഹെൻഡ്രിയെ പരസ്യമായി പിന്തുണച്ചു. അതുപോലെതന്നെ നോർമണ്ടിയിലെ രാജകുമാരി മറ്റിൽഡായുമായുള്ള വിവാഹത്തിനു മുൻകൈയെടുക്കുകയും ചെയ്തു. ഗ്രിഗോറിയൻ പരിഷ്ക്കാരങ്ങൾ ഇംഗ്ലണ്ടിൽ നടപ്പിലാക്കുന്നതിനായി ല്നിൽ 1102-ൽ ആൻസലെം ഒരു കൗൺസിൽ വിളിച്ചുകൂട്ടി. വിവാഹം സംബന്ധിച്ചും വൈദിക ജീവിതം സംബന്ധിച്ചും ധാരാളം നിയമങ്ങൾ ഇവിടെ നടപ്പിൽ വരുത്തി. അതുപോലെതന്നെ ഇംഗ്ലീഷ്കാർ നടത്തിയിരുന്ന അടിമവ്യാപാരത്തെ അപലപിക്കുകയും ചെയ്തു. ഈ പരിഷ്ക്കാരങ്ങൾ ഹെൻഡ്രി അനുകൂലിക്കുകയും ആൻസലത്തെ ഇംഗ്ലണ്ടിലെ പ്രഥമ ബിഷപ്പായി അംഗീകരിക്കുകയും ചെയ്തു.

**രണ്ടാം പ്രവാസം**

1103-ൽ ആൻസലെം റോമിലേക്ക് ഹെൻഡ്രി ഒന്നാമൻ രാജാവിന്റെ പ്രതിനിധി വില്യം വാറെൽവാസ്റ്റിനോടൊത്തു മാർപാപ്പയെ കാണാൻ യാത്രയായി. എന്നാൽ മാർപാപ്പ രാജാവിന്റെ ചില നയങ്ങൾക്ക് സഭയുടെ താത്പര്യം മുൻനിർത്തി അംഗീകാരം നിഷേധിച്ചു. ഇക്കാരണം പറഞ്ഞുകൊണ്ട് ആൻസലെം രാജ്യത്തു തിരികെയെത്തുന്നതിനു രാജാവ് തടസ്സം സൃഷ്ടിച്ചു. അങ്ങനെ ആൻസലം ഫ്രാൻസിലെ തന്റെ പഴയ ആശ്രമത്തിൽ താമസിക്കാൻ നിർബന്ധിതനായി. പാസ്ക്കൽ മാർപാപ്പ ഹെൻഡ്രിയെയും അദ്ദേഹത്തിന്റെ ഉപദേശകരെയും സഭയിൽ നിന്നും പുറത്താക്കും എന്ന് രാജാവിനെ രേഖാമൂലം അറിയിച്ചു. ഈ സമയത്ത് അൻസലം രാജാവിന്റെ സഹോദരി അദേല വഴി താൻതന്നെ അദ്ദേഹത്തെ പുറത്താക്കാൻ പോവുകയാണെന്നും അറിയിച്ചു.

ബിഷപ്പുമാരെയും ആബട്ടുമാരെയും നിയമിക്കാനുള്ള അധികാരം രാജാവിൽ നിന്ന് ആൻസലം ഏറ്റെടുക്കുകയാണെന്ന് പ്രഖ്യാപിച്ചു. ഇതോടൊപ്പം ഹെൻഡ്രി രാജാവിനെ പിന്തുണക്കാതിരുന്നതിന്റെ പേരിൽ ശിക്ഷാനടപടി നേരിട്ട ബിഷപ്പുമാരുടെ വിലക്കും എടുത്തുകളഞ്ഞു. അവർ ഇനിമുതൽ മാർപാപ്പയുടെ അധികാരത്തിൻകീഴിൽ ആയിരിക്കും എന്ന വ്യവസ്ഥയും ഉണ്ടാവുന്നു. രൂപതയുടെ വരുമാനം രാജാവിന് നൽകണം എന്ന നിബന്ധന മാറ്റുകയും വൈദിക ബ്രഹ്മചര്യം നിർബന്ധമാക്കുകയും ചെയ്തു. താൻ പ്രവാസം അവസാനിപ്പിച്ച് തിരികെയെത്തണമെങ്കിൽ ഈ വ്യവസ്ഥകൾക്ക് മാർപാപ്പയുടെ അംഗീകാരം ഉണ്ടാകണമെന്നും ആൻസലം റോമുമായുള്ള കത്തിടപാടിൽ നിബന്ധനയായി വച്ചു. 1106 മാർച്ച് 23-ന് ഈ തീരുമാനങ്ങൾക്ക് പാസ്ക്കൽ മാർപാപ്പയുടെ അംഗീകാരം ലഭിച്ചു. ഇതിന് ശേഷവും കാന്റർബെറിയിലേക്ക് തിരികെവരുന്നതിനു ആൻസലത്തിന് മടിയായിരുന്നു. എന്നാൽ ഹെൻഡ്രി രാജാവ് ഫ്രാൻസിലെ ബെക് ആശ്രമത്തിലായിരുന്ന ആൻസലത്തെ അവിടെ ചെന്ന് സന്ദർശിക്കുകയും താൻ പിടിച്ചെടുത്ത എല്ലാ ദേവാലയങ്ങളും തിരികെ നൽകാമെന്നും പ്രഖ്യാപിക്കുകയും ചെയ്തു. തന്റെ സഭയുടെ സ്ഥിതിഗതികൾ ഇനിയും മെച്ചപ്പെടുത്താൻ വ്യക്തിപരമായ സാന്നിധ്യം ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ ആൻസലം പ്രവാസം അവസാനിപ്പിച്ച് കാന്റർബെറിയിൽ തിരികെയെത്തി.

**മരണം, വിശുദ്ധൻ, വേദപാരംഗതൻ**

1107-ൽ സഭയും രാഷ്ട്രവും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപ്പിലായ 'ലണ്ടൻ കൊൺകോർദാത്ത്' വഴിയായി ബിഷപ്പുമാരെ നിയമിക്കാനുള്ള രാജാവിന്റെ അധികാരം എടുത്തുകളഞ്ഞു. ആൻസലത്തിന്റെ ജീവിതത്തിന്റെ അവസാന വർഷങ്ങൾ ഒരു അജപാലകന്റെ ദൗത്യങ്ങൾ നിഷ്ഠയോടെ നടപ്പാക്കി അദ്ദേഹം ജീവിച്ചു. ഇതുകൂടാതെ രാജാവിന്റെ പ്രേരണയ്ക്ക് വിധേയമായി സ്വതന്ത്രമായി പ്രവർത്തിച്ചിരുന്ന യോർക്ക് പോലെയുള്ള അതിരൂപതകളെയും കാന്റർബെറിയുടെ നേതൃത്വം അംഗീകരിച്ചു മുന്നോട്ട് പോകുന്നതിൽ ആൻസലെം വിജയം വരിച്ചു. 1109 ഏപ്രിൽ 21-ന് വിശുദ്ധവാരത്തിലെ ബുധനാഴ്ച ആൻസലെം തന്റെ സ്വർഗ്ഗസമ്മാനത്തിനായി ദൈവ

www.malankaralibrary.com



സന്നിധിയിലേക്ക് യാത്രയായി. അദ്ദേഹത്തെ അന്ന് അടക്കിയത് കാന്റർബറി കത്തീഡ്രലിലെ വി.ത്രിത്വത്തിന്റെ (ഇന്ന് വി. തോമസ് ബക്കറ്റിന്റെ) ചാപ്പലിലാണ്. 1170–ൽ നടത്തിയ ദേവാലയ പുനരുദ്ധാരണ സമയത്ത് ഇദ്ദേഹത്തിന്റെ തിരുശേഷിപ്പുകയും മാറ്റി സ്ഥാപിച്ചതായി ചരിത്ര രേഖകളിൽ കാണുന്നു.

1752 ഡിസംബറിൽ സാർദീനിയായിലെ ഇംഗ്ലണ്ടിന്റെ പ്രതിനിധി കൗണ്ട് പെറോൺ അവിടുത്തെ രാജാവായിരുന്ന ചാൾസ് ഇമ്മാനുവേലിന്റെ നിർദേശപ്രകാരം കാന്റർബെറിയിലെ ആംഗ്ലിക്കൻ ആർച്ച്ബിഷപ്പ് ഹെറിങ്ങിനോട് ആൻസലത്തിന്റെ തിരുശേഷിപ്പുകൾ ഇറ്റലിയിലേക്ക് കൊണ്ടുപോകുന്നതിനു അനുവദിക്കണമെന്ന് അപേക്ഷിച്ചു. ചാൾസ് രാജാവ് നേരത്തെ ആൻസലത്തിന്റെ ജന്മദേശമായ അഒസ്തയിലെ ഭരണാധികാരി ആയിരുന്നു. ആംഗ്ലിക്കൻ ആർച്ചുബിഷപ്പിന് ഇംഗ്ലീഷ് രാജാവിനോട് വിധേയത്വമില്ലാത്തിനിരുന്ന കത്തോലിക്കാ ബിഷപ്പിന്റെ തിരുശേഷിപ്പുകൾ അവിടെനിന്ന് കൊണ്ടുപോകുന്നത്തിനു എതിർപ്പില്ലായിരുന്നു. എന്നാൽ പ്രോട്ടസ്റ്റന്റ് നവീകരണ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ഭൗതീക ശരീരം ഇവിടെ നിന്നും മാറ്റാനുള്ള സാധ്യത പല ചരിത്രകാരന്മാരും ചൂണ്ടിക്കാണിക്കുന്നു. മാത്രമല്ല, കാന്റർബെറിയിലെ ആർച്ചുബിഷപ്പായിരുന്ന തെയോബാൾഡിന്റെ തിരുശേഷിപ്പും ആൻസലത്തിന്റേതായി തെറ്റിദ്ധരിച്ചു പലയിടത്തേയ്ക്കും കൊണ്ടുപോവുകയും ചെയ്തിട്ടുണ്ട്.

1163–ൽ ഫ്രാൻസിലെ ടൂർസിൽ കൂടിയ സിനഡിൽ വച്ച് കാന്റർബെറിയിലെ ആർച്ചുബിഷപ്പായിരുന്ന തോമസ് ബക്കറ്റാണ് അലക്സാണ്ടർ മൂന്നാമൻ മാർപാപ്പയോട് ആൻസലത്തെ അൾത്താര വണക്കത്തിലേക്ക് ഉയർത്തണമെന്ന് ഔദ്യോഗികമായി ആവശ്യപ്പെട്ടത്. 1170–ൽ തോമസ് ബക്കറ്റിന്റെ രക്തസാക്ഷിത്വത്തിന് മുൻപുതന്നെ ഇംഗ്ലണ്ടിലെ വിശ്വാസികൾ ആൻസലത്തെ വിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെടുത്തി പ്രാർത്ഥിച്ചിരുന്നു. 1494–ൽ അലക്സാണ്ടർ ആറാമൻ മാർപാപ്പ ഔദ്യോഗികമായി ആൻസലത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു എന്ന് സഭാ രേഖകൾ സാക്ഷിക്കുന്നു. അദ്ദേഹത്തിന്റെ തിരുനാൾ ഏപ്രിൽ 21–ന് കത്തോലിക്കാ സഭയും ആംഗ്ലിക്കൻ സഭയും കൊണ്ടാടുന്നു. പിന്നീട് 1720–ൽ ക്ലമന്റ് പതിനൊന്നാമൻ മാർപാപ്പ അദ്ദേഹത്തെ സഭയിലെ വേദപാരംഗതനായി പ്രഖ്യാപിച്ചു.

ആൻസലത്തിന്റെ പേരിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരസേവന സ്ഥാപനങ്ങളും ലോകമാസകലം ഉണ്ട്. റോമിലെ ബെനഡിക്റ്റീൻ ജനറലേറ്റിനോട് അനുബന്ധിച്ചുള്ള വി. ആൻസലെം പൊന്തിഫിക്കൽ അത്തെനെയം സർവ്വകലാശാല അതിൽ പ്രധാനപ്പെട്ടതാണ്. അദ്ദേഹത്തിന്റെ മരണത്തിന്റെ എണ്ണൂറാം വാർഷികം ആക്ഷിച്ചപ്പോൾ 1909 ഏപ്രിൽ 21–ന് പിയൂസ് പത്താം മാർപാപ്പ ആൻസലത്തെ പ്രകീർത്തിച്ചുകൊണ്ടു 'കമ്മൂണിയും റേരും' എന്ന ഒരു ചാക്രികലേഖനം പുറത്തിറക്കി. 2015–ൽ കാന്റർബെറിയിലെ ആംഗ്ലിക്കൻ ആർച്ചു ബിഷപ്പ് ജസ്റ്റിൻ വെൽബി 'പ്രാർത്ഥനയ്ക്കും പാവങ്ങളെ സേവിക്കുന്നതിനുമായി' ആൻസലത്തിന്റെ നാമത്തിൽ ഒരു സന്യാസ സമൂഹത്തിന് ആരംഭം കുറിച്ചു.

**രചനകൾ**

സഭയുടെ താത്പര്യങ്ങൾക്കുവേണ്ടി എന്നും പോരാടുകയും നിലകൊള്ളുകയും ചെയ്ത വിശുദ്ധനായിരുന്നു ആൻസലെം. തന്റെ ഈടുറ്റ രചനകളിലൂടെ യൂറോപ്പിലെ ചിന്താസരണിയിൽ പുതിയ ഒരു തത്വശാസ്ത്ര–ദൈവശാസ്ത്ര പാത അദ്ദേഹം തുറക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പേരിലറിയപ്പെടുന്ന മതകീയ തത്വശാസ്ത്രത്തിനു (scholastic philosophy) ഒരു നിർവചനം നൽകുക പ്രയാസമാണെങ്കിലും ക്രിസ്തീയ വിശ്വാസത്തെയും പ്രബോധനകളെയും തത്വശാസ്ത്ര വെളിച്ചത്തിൽ വിശദീകരിക്കാൻ ശ്രമിക്കുന്ന ഒരു ചിന്താഗതിയാണിത്. ആൻസലത്തിന്റ കൃതികളെ അതുവരെയുണ്ടായിരുന്ന രചനാരീതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത് അതിനായി അദ്ദേഹം ഉപയോഗിച്ചിരിക്കുന്ന ഭാഷാശൈലിയുടെയും ആശയസംവേദന സങ്കേതങ്ങളുടെയും പുതുമയാണ്. ഈ കൃതികൾ എല്ലാം തന്നെ സംഭാഷണ രൂപത്തിലോ അല്ലെങ്കിൽ വിചിന്തന രൂപത്തിലോ ആണ് അദ്ദേഹം രൂപപ്പെടുത്തിയിരിക്കുന്നത്. ഇതിലൂടെ ക്രിസ്തീയ പ്രമാണങ്ങളുടെ യുക്തിപരത ബോധനപരമായ കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താമെന്ന് തന്റെ വായനക്കാർക്ക് അദ്ദേഹം പകർന്നു നൽകി. താൻ ജീവിച്ച കാലത്തെ സഭ നേരിട്ട വലിയ വെല്ലുവിളികളോടുള്ള ഉത്തരം നല്കുന്നതിനായിരുന്നു അദ്ദേഹം തന്റെ തൂലിക ചലിപ്പിച്ചത്.

www.malankaralibrary.com

ഒരു സന്യാസിയായും പിന്നീട് ആശ്രമാധിപനായും ഫ്രാൻസിലെ ബെക് ബെനഡിക്റ്റീൻ ആശ്രമത്തിൽ മുപ്പതിലധികം വർഷങ്ങൾ ചിലവഴിച്ച ആൻസലം തന്റെ പ്രധാന കൃതികളിൽ ചിലത് ഇവിടെ വച്ചാണ് രൂപപ്പെടുത്തിയത്. 'വ്യാകരണപണ്ഡിതനെക്കുറിച്ച്' (*De Grammatico*) എന്ന ഗ്രന്ഥം ലത്തീൻ ഭാഷയിലെ വ്യാകരണത്തെക്കുറിച്ചുള്ള ഒരു ആധികാരിക വിശദീകരണമാണ്. തന്റെ 'സംഭാഷണം' (*Proslogion*) എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ സ്കോളാസ്റ്റിസിസത്തിന്റെ ഇപ്പോഴും ഉദ്ധരിക്കപ്പെടുന്ന ബുദ്ധിയും വിശ്വാസവും തമ്മിലുള്ള ബന്ധത്തെ എടുത്തുകാട്ടുന്ന രണ്ടു വാചകങ്ങൾ നമുക്ക് കണ്ടെത്താൻ സാധിക്കും. 'ഉൾക്കാഴ്ച അന്വേഷിക്കുന്ന വിശ്വാസം' (*Fides quaerens intellectum*) 'ഞാൻ വിശ്വസിക്കുന്നു അതിനാൽ എനിക്ക് ഗ്രഹിക്കാൻ കഴിയുന്നു' (*Credo, ut intelligam*). ദൈവത്തിന്റെ അസ്തിത്വത്തിന്റെ ജീവതത്ത്വശാസ്ത്രമായ (*ontological*) തെളിവുകൾ 'സംഭാഷണം' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം നല്കാൻ പരിശ്രമിക്കുന്നു. 'ധാരണ തേടുന്ന വിശ്വാസം' (*faith seeking understanding*) സ്കോളാസ്റ്റിസിസത്തിന്റെ അടിസ്ഥാന പ്രമാണമായി നിലകൊള്ളുന്നു. വി. തോമസ് അക്വീനാസ്, ഹേഗൽ, ദെക്കാർഡ്, ഇമ്മാനുവേൽ കാന്ത് തുടങ്ങിയ തത്വജ്ഞാനികൾ ഈ വിഷയങ്ങൾ വലിയ രീതിയിൽ വിശകലന വിധേയമാക്കിയിട്ടുണ്ട്.

'എന്തുകൊണ്ട് മനുഷ്യാവതാരം?' (*Cur Deus Homo*) അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ എഴുതിയതാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള ചോദ്യങ്ങളുടെ ഉത്തരമാണിതിൽ. മനുഷ്യന്റെ പാപവീഴ്ചയിൽ നിന്നും അവനെ രക്ഷിക്കുന്നതിന് ദൈവം തയ്യാറാക്കിയ രക്ഷാകരപദ്ധതിയുടെ ഭാഗമായിരുന്നു ഇതെന്ന് യുക്തിപരമായി അദ്ദേഹം ഈ ഗ്രന്ഥത്തിൽ സ്ഥാപിക്കുന്നു. പാപം ദൈവത്തിന്റെ മാഹാത്മ്യത്തെ ഭംഗപ്പെടുത്തുന്നതാണ്. ഈ തെറ്റിന് പരിഹാരം ചെയ്താൽ ദൈവീക ജീവിതത്തിലേക്കുള്ള തിരിച്ചുവരവ് സാധ്യമാണ്. എന്നാൽ കാലം കഴിയും തോറും ഈ അവസ്ഥ മോശമായി ത്തീരുകയാണുണ്ടായത്. യഥാർത്ഥ മനുഷ്യനും അനന്ത ശ്രേഷ്ഠതയും ഉള്ള ഒരാൾക്ക് മാത്രമേ ദൈവവുമായുള്ള ഈ ബന്ധം അതിന്റെ പാരമ്യത്തിൽ പുനഃസ്ഥാപിക്കുന്നതിനു സാധിക്കൂ. ഇതാണ് യേശുക്രിസ്തു. ദൈവത്തിന്റെ കരുണ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു.

'വിശ്വാസത്തിന്റെ കാരണത്തെക്കുറിച്ചുള്ള ഒരു ആത്മഗതം' (*Monoloquium de Ratione Fidei*) എന്ന ഗ്രന്ഥത്തിൽ അഗസ്റ്റിന്റെ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള പ്രതിപാദനത്തിന്റെ തുടർച്ചയാണ്. ഒരു സാമാന്യബുദ്ധിയുള്ള ആളിന് പോലും തന്റെ യുക്തി ഉപയോഗിച്ച് ദൈവത്തെ അറിയാൻ സാധിക്കും എന്നും ഈ ഗ്രന്ഥത്തിൽ അദ്ദേഹം വാദിക്കുന്നു. കൂടാതെ പരിശുദ്ധാത്മാവിനെക്കുറിച്ചും സഭയുടെ കൂദാശകളെക്കുറിച്ചും മറിയത്തിന്റെ കന്യകാത്വത്തെക്കുറിച്ചുമൊക്കെ അദ്ദേഹം വിശദമായി എഴുതിയിട്ടുണ്ട്.

**ഉപസംഹാരം**

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രാമാണിക തത്വങ്ങൾ ദൈവീക വെളിപാടുകളുടെ അടിസ്ഥാനത്തിൽ നാം മനസ്സിലാക്കുമ്പോൾത്തന്നെ തത്വശാസ്ത്രത്തിന്റെയും മാനുഷിക ബുദ്ധിയുടെയും  തത്വങ്ങൾ ഉപയോഗിച്ചുകൊണ്ട് ദൈവത്തെയും അവിടുത്തെ നടത്തിപ്പുകളെയും വിശകലനം ചെയ്യാൻ സാധിക്കുമെന്ന് ആൻസലം തെളിയിച്ചു. വി. അഗസ്തീനോസിന്റെ ചിന്തയെ അനുധാവനം ചെയ്തുകൊണ്ട് ആൻസലം എഴുതി: "എന്തെന്നാൽ, ഞാൻ കാര്യങ്ങൾ ഗ്രഹിക്കാൻ പരിശ്രമിക്കുന്നത് വിശ്വസിക്കാൻ വേണ്ടിയല്ല, മറിച്ച് ഞാൻ വിശ്വസിക്കുന്നു അതിനാൽ യാഥാർത്ഥ്യം ഞാൻ തിരിച്ചറിയുന്നു. ഇതെന്റെ വിശ്വാസമാണ്:  ഞാൻ വിശ്വസിക്കുന്നില്ലെങ്കിൽ, എനിക്ക് ഗ്രഹിക്കാൻ കഴിയില്ല." ദൈവത്തെ എല്ലാ ആഗ്രഹങ്ങളോടെയും അഭിലഷിക്കുകയും തന്റെ വിജ്ഞാനത്തിൽ ദൈവത്തെ മാത്രം അന്വേഷിക്കുകയും ചെയ്ത വി. ആൻസസലം ദൈവത്തോട് ഇപ്രകാരം പറയുമായിരുന്നു: "അങ്ങാണ് തേനിന് മാധുര്യം പകർന്നു നൽകിയിരിക്കുന്നത്... എന്നാൽ അങ്ങാകട്ടെ മധുവിനേക്കാൾ മാധുര്യവാനുമാകുന്നു. എല്ലാ സുഗന്ധ വ്യഞ്ജനങ്ങൾക്കും പരിമളം നൽകുന്ന അങ്ങിലെ സുഗന്ധം എല്ലാത്തിനേക്കാൾ ആസ്വാദ്യകരമാണ്." വി. ആൻസലം എന്നും ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു: "എന്റെ ദൈവമേ, അവിടുത്തെ എവിടെ, എങ്ങനെ അന്വേഷിക്കണമെന്ന് എന്റെ ഹൃദയത്തെ പഠിപ്പിക്കുക. എന്റെ നഗ്ന നേത്രങ്ങൾ ദർശിച്ചിട്ടില്ലാത്ത അവിടുന്നാണ് എന്റെ ദൈവം, എന്റെ സർവ്വസ്വവും. അവിടുന്നെന്നെ മെനഞ്ഞുണ്ടാക്കി. എനിക്കാവശ്യ മുള്ളതെല്ലാം അവിടുന്ന് നൽകിയെങ്കിലും  അവിടുത്തെ ഞാൻ ശരിയായി അറിഞ്ഞില്ല. അവിടുത്തെ മാത്രം അന്വേഷിക്കാൻ എന്നെ പഠിപ്പിക്കേണമേ... എന്റെ ആഗ്രഹത്തിൽ ഞാൻ അങ്ങയെ അന്വേഷിക്കട്ടെ, എന്റെ അന്വേഷണത്തിൽ ഞാൻ അങ്ങയെ ആഗ്രഹിക്കട്ടെ. അവിടുത്തെ സ്നേഹിച്ചുകൊണ്ട് ഞാൻ അങ്ങയെ കണ്ടെത്തട്ടെ, ഞാൻ അവിടുത്തെ കണ്ടെത്തുമ്പോൾ പൂർണ്ണമായും ആ  സ്നേഹത്തിൽ അലിയട്ടെ". ആമേൻ

www.malankaralibrary.com





# ഖജനാവ് കാലിയായാലെന്ത്, സ്വന്തം കീശ വീർക്കുമല്ലോ!

കുറച്ചുദിവസം മുമ്പ് വായിച്ചതാണ്. ഇടുക്കി ജില്ലയിൽ പ്രളയകാലത്ത് ഒഴുകിവന്ന് അപകട നിലയിൽ ഉയരത്തിലിരിപ്പുറപ്പിച്ച കൂറ്റൻ പാറ പൊട്ടി ച്ചുനീക്കേണ്ടത് ആവശ്യമായി വന്നു. സർക്കാർ സംവിധാനങ്ങൾ അതിനായി എസ്റ്റിമേറ്റ് തയാറാക്കി. 4,91000 രൂപ. ടെൻഡർ വിളിച്ചപ്പോൾ പലരും എത്തി. 43000 രൂപ മുതൽ 5 ലക്ഷം വരെ ക്വോട്ട് ചെയ്തവരുണ്ട്. 43000 രൂപ പറഞ്ഞയാൾക്ക് ഉറപ്പിച്ചു. പാറ കീറി മാറ്റി ചെറു കഷണങ്ങളാക്കി സർക്കാരിന് കൈമാറുകയും ചെയ്തു. സർക്കാർ സംവിധാനങ്ങളിൽ എങ്ങനെയാണ് ചെലവ് പെരുപ്പിക്കുന്നത് എന്നതിന്റെ നേർ ഉദാഹരണമാണ് ഇത്. സർക്കാർ സംവിധാനങ്ങൾ കണക്കാക്കിയതിന്റെ പത്തിലൊന്നു തുകയ്ക്ക് കാര്യം കഴിഞ്ഞു. ഒരു പക്ഷേ, സുരക്ഷാ സംവിധാനം ഏർപ്പെടുത്തൽ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഉൾപ്പെടുത്തിയാവും എസ്റ്റിമേറ്റ് തയാറാക്കുന്നത്. പക്ഷേ, എന്താണ് നടക്കുകയെന്ന് എല്ലാവർക്കും അറിയാം.

**ബോബി ഏബ്രഹാം**



അടുത്തിടെ ഒരു ജനപ്രതിനിധി നിർമിച്ച വെയ്റ്റിങ് ഷെഡ് കണ്ടു. കഷ്ടിച്ച് 100 ചതുരശ്ര അടി വരും. 5 ലക്ഷം രൂപയാണ് നിർമാണച്ചെലവ്. കഷ്ടിച്ച് ഒരു ലക്ഷം പോലും വേണ്ട അതു നിർമിക്കാനെന്ന് എല്ലാവർക്കും അറിയാം. നാട്ടിലുടനീളം നിർമിക്കുന്ന വെയ്റ്റിങ് ഷെഡുകളിൽ നിന്ന് ചോരുന്നതെത്ര എന്നൊരു കണക്കെടുക്കാൻ ആർക്കെങ്കിലും ധൈര്യമുണ്ടാവുമോ? ഇതുപോലെയാണ് ഹൈമാസ്റ്റ് ലൈറ്റുകളുടെ കാര്യം. വലിയ തുകയാണ് അതിനായി കൈമാറ്റം ചെയ്യപ്പെടുന്നത്. അടുത്തിടെ ഒരു മന്ത്രി മന്ദിരത്തിൽ കൊതുകുവല സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റ് കണ്ടു. 9 ലക്ഷം രൂപയോളം വരും. ഒരു ടോയ്‌ലറ്റിന് നാലര ലക്ഷം വരുന്ന മറ്റൊരു എസ്റ്റിമേറ്റും കണ്ടു. പാവപ്പെട്ടവന് ലൈഫ് പദ്ധതിയിൽ വീട് നിർമിക്കാൻ നാലര ലക്ഷം മാത്രം നീക്കിവയ്ക്കുന്ന ഒരു സംസ്ഥാനത്താണ് ഈ അവസ്ഥയെന്നത് കാണാതിരിക്കരുത്.

എന്താണ് മാനദണ്ഡം. എങ്ങനെയാണ് സർക്കാർ നിർമിതികളുടെ ചെലവ് കണക്കാക്കുന്നത്? സ്വകാര്യ വ്യക്തികൾ നടത്തുന്ന നിർമാണങ്ങളേക്കാൾ പതിന്മടങ്ങ് എങ്ങനെയാണ് സർക്കാർ നിർമാണങ്ങൾക്ക് ചെലവ് വരുന്നത്? ചോദ്യം ചോദിക്കാൻ ജനവും ഉത്തരം പറയാൻ സർക്കാരും ബാധ്യസ്ഥരാണ്. പണമില്ല എന്നതാണ് സർക്കാരിന്റെ സ്ഥിരം പല്ലവി. പണമില്ലാത്തതല്ല, പണം പാഴായി പോകുന്നതാണ് യഥാർഥ പ്രശ്നം. വൻതുക മുടക്കി പണിയുന്ന തിന്റെയൊന്നും ഗുണനിലവാരം പരിശോധിക്കുകയുമില്ല.

പത്തനംതിട്ടയിൽ മിനി സിവിൽ സ്റ്റേഷൻ പണിതിട്ട് 30 വർഷം ആകുന്നതേയുള്ളു. ഇപ്പോൾ ഏതാണ്ട്

www.malankaralibrary.com

മുഴുവൻ പൊളിച്ചുപണിയേണ്ട സ്ഥിതിയാണ്. കെട്ടിടം പണിതത് സർക്കാർ എൻജിനീയർമാരുടെ മേൽനോട്ടത്തിലാണ് എന്നാണു വയ്പ്. പൊതുമരാമത്ത് വകുപ്പിന് ഒരു മാനുവൽ ഉണ്ട്. അതിൽ പറയുന്ന രീതിയിലാണ് നിർമാണം. പക്ഷേ, ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ കെട്ടിടം തകരാറിലാകുന്നു. തിരുവനന്തപുരത്ത് ഒട്ടേറെ സർക്കാർ നിർമിതികളുണ്ട്. സെക്രട്ടേറിയറ്റ് മുതൽ യൂണിവേഴ്സിറ്റി കോളജ് വരെ. ഇതൊക്കെ പണിതിട്ട് നൂറ്റാണ്ടിലേറെയായി. ഇപ്പോഴും കാര്യമായ തകരാറൊന്നുമില്ല. നാലു നൂറ്റാണ്ടു മുമ്പ് ആഗ്രയിൽ പണിത ടാജ്മഹലും ആഗ്ര കോട്ടയും ഒക്കെ കാര്യമായ പ്രശ്നമൊന്നുമില്ലാതെ ഇപ്പോഴും നിലനിൽക്കുന്നു. ഇത്രയും സാങ്കേതിക വിദ്യകളൊന്നുമില്ലാത്ത കാലത്താണ് ഈ കെട്ടിടങ്ങളൊക്കെ നിർമിച്ചത്. എന്നാലും അവ നിലനിൽക്കുന്നു. പുതിയ നിർമിതികൾ പൊളിച്ചുമാറ്റേണ്ടിയും വരുന്നു. പത്തനംതിട്ടയിൽ തന്നെ കെഎസ്ആർടിസി ടെർമിനൽ നിർമിച്ച് കൈമാറിയിട്ട് ഒരു വർഷം കഴിയുന്നതേയുള്ളു. ഏതാണ്ട് എട്ടുകോടിയിലേറെ മുടക്കി നിർമിച്ച കെട്ടിടം. മഴ പെയ്താൽ വെള്ളം മുഴുവൻ ടെർമിനലിനകത്തേക്ക് കയറും. പലയിടത്തും ചോർച്ചയാണ്. ടൈൽസ് മുഴുവൻ ഇളകിയ നിലയിലാണ്. ഓടയ്ക്കായി നിർമിച്ച സ്ലാബുകൾ അപകടാവസ്ഥയിലായതിനാൽ അവയ്ക്കു മുകളിൽ വീപ്പകൾ പിടിച്ചുവച്ചിരിക്കുകയാണ്.

സ്കൂളുകളിൽ കുട്ടികൾ കുറയുകയാണ്. പല സ്കൂളുകളിലും ആവശ്യത്തിനു കുട്ടികൾ ഇല്ലാതെ അടച്ചുപൂട്ടലിന്റെ വക്കിലാണ്. എന്നാൽ അത്തരം സ്കൂളുകൾക്കു വേണ്ടിയും അടുത്ത കാലത്ത് വമ്പൻ കെട്ടിടങ്ങൾ പണിതുയർത്തി. ഇതിൽ പലതും ഇപ്പോൾ ഉപയോഗിക്കുന്നുമില്ല. പണിത കെട്ടിടങ്ങൾ പലതും പൊളിഞ്ഞുവീഴുകയും ചെയ്തു. പലർക്കും കാശ് ധാരാളമായി പോക്കറ്റിൽ വന്നുകാണും.

കോഴിക്കോട്ട് കെഎസ്ആർടിസി സ്റ്റാൻഡിൽ നിർമിച്ച കെട്ടിടത്തിന്റെ അവസ്ഥ ഇതിലും കഷ്ടമാണ്. കേരള ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപറേഷന്റെ ചുമതലയിലായിരുന്നു നിർമാണം. രൂപകൽപന തന്നെ പാളി. ബസുകൾ കയറുമ്പോൾ തൂണുകളിലിടിക്കുന്നത് പതിവായി. അതിനുപുറമേയാണ് ബലക്ഷയം കണ്ടെത്തിയത്. നിർമിച്ച് ഏതാനും വർഷങ്ങളേ ആയുള്ളു. വിദഗ്ധ സംഘം നടത്തിയ പഠനത്തിൽ വീണ്ടും കോടികൾ മുടക്കിയുള്ള പുനരുദ്ധാരണം ആണ് പറഞ്ഞിരിക്കുന്നത്. ആരാണ് ഉത്തരവാദി? തിരുവല്ലയിൽ കെഎസ്ആർടിസി സ്ഥലത്ത് കെടിഡിഎഫ്സി പണിത ടെർമിനലും സമാന സ്ഥിതിയിലാണ്. അതിലെ മുകൾ നില തിയറ്റർ നടത്താൻ ഉദ്ദേശിച്ചുണ്ടാക്കിയതാണ്. പക്ഷേ, അതിനാവശ്യമായ രീതിയിലല്ല നിർമാണം എന്നതിനാൽ സുരക്ഷാ പരിശോധനയിൽ പരാജയപ്പെട്ടു. കെട്ടിടം ഇപ്പോൾ വെറുതേ കിടക്കുന്നു. അതായത് പണമില്ലാത്തതല്ല പ്രശ്നം. പണം വേണ്ട രീതിയിൽ വിനിയോഗിക്കാത്തതാണ്.



നമ്മുടെ റോഡുകളുടെ സ്ഥിതി ഇതിലും കഷ്ടമാണ്. റോഡുകളെല്ലാം രാജ്യാന്തര നിലവാരത്തിലാണെന്നാണ് പറയുക. പക്ഷേ, രാജ്യാന്തരം എന്നത് ചെലവാക്കുന്ന പണത്തിൽ മാത്രമേ ഉള്ളു. ബിഎംബിസി ടാറിങ് ശ്രദ്ധേയമായ മാറ്റമായിരുന്നു. പക്ഷേ, അതും പണംതട്ടാനുള്ള മാർഗം മാത്രമായി മാറിയിരിക്കുന്നു. പഴയ റോഡ് പൊളിച്ചുകളഞ്ഞ് കൃത്യമായ മാനദണ്ഡങ്ങളോടെ പുതിയത് പണിയുകയാണ് യഥാർഥത്തിൽ വേണ്ടത്. കേരളത്തിൽ അങ്ങനെ പണിത ഒന്നാണ് എംസി റോഡിന്റെ തിരുവനന്തപുരം– ചെങ്ങന്നൂർ ഭാഗം. പണിതത് പതിബെൽ എന്ന കമ്പനിയായിരുന്നു. മലേഷ്യൻ കമ്പനിയായ പതിയും ഇന്ത്യൻ കമ്പനിയായ ഭഗീരഥയും ചേർന്ന സംയുക്ത സംരംഭം. പഴയ റോഡ് മുഴുവൻ പൊളിച്ചുകളഞ്ഞ് കൃത്യമായ രാജ്യാന്തര മാനദണ്ഡങ്ങളോടെ പണിതതാണ് ഈ റോഡ്. അത് കാണാനുമുണ്ട്. പണിതിട്ട് 20 വർഷത്തോളമായിട്ടും കാര്യമായ പരുക്കില്ല. പക്ഷേ, ഉദ്യോഗസ്ഥർക്കും രാഷ്ട്രീയക്കാർക്കും കൈക്കൂലി കൊടുക്കാത്തതുകൊണ്ടാവും അവരുടെ ബിൽ പാസാക്കിയില്ല. ഒടുവിൽ പതി കമ്പനിയുടെ ചുമതലക്കാരൻ ആത്മഹത്യ ചെയ്തു.

ഇപ്പോൾ കേരളമെമ്പാടും ബിഎംബിസി റോഡ് നിർമാണമാണ്. പഴയ റോഡിനു മുകളിൽ കുറച്ച് കനത്തിൽ ടാറിങ് നടത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. നിർബന്ധമായും ചെയ്യേണ്ട ഷോൾഡറിങ് പോലും ചെയ്യുകയില്ല. ഈ റോഡുകൾ അതിവേഗം പൊട്ടിപ്പൊളിയുമെന്നു മാത്രമല്ല, ഷോൾഡറിങ് ഇല്ലാത്തതിനാൽ ഇരുചക്രവാഹന യാത്രക്കാർ ഉൾപ്പെടെ മിക്കപ്പോഴും അപകടത്തിൽപെടുകയും ചെയ്യും. അതായത് വലിയ തുക ചെലവാകുന്നുണ്ട്, പക്ഷേ ചെറിയ തുക മാത്രമേ റോഡിൽ വരുന്നുള്ളു. കേരളത്തിലെ ഒട്ടുമിക്ക റോഡ് പണികളും ഇങ്ങനെയാണ്. പെരുപ്പിച്ചുകാട്ടുന്ന എസ്റ്റിമേറ്റും കുറഞ്ഞ തുകയ്ക്ക് പണി തീർത്ത് ബാക്കി പണം വീതിച്ചെടുക്കലും. ഉദ്യോഗസ്ഥ ലോബി എല്ലാ സഹായവും ചെയ്തു കൊടുക്കും. കഴിയുമെങ്കിൽ പണി നടക്കുന്നിടത്തേക്കു പോവുകയേ ഇല്ല. വ്യവസ്ഥകളിൽ പറഞ്ഞിരിക്കുന്നത്ര വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടോയെന്നു നോക്കില്ല. അതുകൊണ്ടാണ് പാലാരിവട്ടം പോലെ പാലങ്ങൾ

www.malankaralibrary.com

തകർച്ചയിലാകുന്നത്. ദേശീയ പാതകളിൽ ഇങ്ങനെ പെരുപ്പിച്ചു കാട്ടുന്ന എസ്റ്റിമേറ്റിന്റെ കെടുതി അനുഭവിക്കുന്നത് നാട്ടുകാരാണ്. ഈ തുകയും അതിന്റെ പല മടങ്ങും ഈടാക്കുന്നതുവരെ ടോൾ കൊള്ള സഹിക്കണം.

അടുത്തകാലത്തായി ടെൻഡർ ഇല്ലാതെ സർക്കാർ കരാറുകൾ ഏറെയും കിട്ടുക ഒരു ലേബർ സൊസൈറ്റിക്കാണ്. ഇത് സുതാര്യമായ നടപടിയേ അല്ല. പക്ഷേ, അവർക്ക് സർക്കാരിൽ നിർണായക സ്വാധീനമുള്ളതിനാൽ അതൊക്കെ സാധിക്കും. അവർ കൃത്യമായി പണി ചെയ്തോ എന്നു നോക്കാൻ ഉദ്യോഗസ്ഥർക്ക് ധൈര്യമുണ്ടാകില്ല. അടുത്ത കാലത്ത് ആലപ്പുഴ – ചങ്ങനാശേരി റോഡ് പുതുക്കിപ്പണിതു. വലിയ മഴയുണ്ടാകുമ്പോൾ സ്ഥിരമായി വെള്ളം കയറുന്ന റോഡ് പുനരുദ്ധാരണം കഴിയുമ്പോൾ പ്രശ്നം പൂർണമായി ഒഴിവാകുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ജൂണിലെ കനത്ത മഴയിൽ ഈ ഉറപ്പും ഒഴുകിപ്പോയി എന്നു പറയാതെ വയ്യ.

അടുത്തകാലത്തായി ധാരാളം പണികൾ പാതിവഴിയിൽ ഉപേക്ഷിച്ചുപോകുന്നുമുണ്ട്. കുറേ പണം മുടക്കുക, പിന്നെ പണി നിർത്തുക. പുനലൂർ – മൂവാറ്റുപുഴ റോഡിൽ റാന്നി ഭാഗത്ത് നിലവിലുള്ള പാലത്തിന് സമാന്തരമായി മറ്റൊരു പാലം കൂടി നിർമിക്കാൻ പദ്ധതിയിട്ടു.ബൈ പാസ് എന്നൊക്കെ പറഞ്ഞാണ് തുടങ്ങിയത്. നാലു തൂണുകൾ നിർമിച്ചതോടെ പണി നിർത്തി. കോഴഞ്ചേരിയിലെ സമാന്തര പാലം പണിയും നിലച്ചുപോയി. ഫലത്തിൽ ഇതുവരെ മുടക്കിയ കോടികൾ വെള്ളത്തിലായി. ഇത്തരത്തിൽ ഉപേക്ഷിക്കപ്പെട്ട പദ്ധതികളുടെ കണക്കെടുത്താൽ സഹസ്ര കോടികൾ വരും.

ഉത്തരവാദിത്തമില്ലാത്ത ഉദ്യോഗസ്ഥ വർഗമാണ് കേരളത്തിന്റെ ശാപം. എങ്ങനെയും പണം വാരണം. അതിനായി എന്തു വൃത്തികേടും ചെയ്യും. തട്ടിക്കൂട്ട് പദ്ധതികളുണ്ടാക്കി പണം തട്ടുകയാണ് മുഖ്യ അജണ്ട. കല്ലട പദ്ധതി പോലെ ഒരു കാലത്തും തീരാത്ത പദ്ധതികളൊത്തിരിയുണ്ട്. മൂവാറ്റുപുഴ വാലി പദ്ധതിക്കായും മുടക്കി കുറേയേറെ കോടികൾ. എത്ര മുടക്കി എന്ന് സർക്കാരിനും വ്യക്തതയുണ്ടാവില്ല. പദ്ധതികൾ ഉദ്യോഗസ്ഥർക്ക് കറവപ്പശുവാണ്.

അടുത്ത കാലത്തായി എത്ര ഉദ്യോഗസ്ഥരാണ് കൈക്കൂലി കേസിൽ അറസ്റ്റിലാകുന്നതെന്നു നോക്കുക. എന്നിട്ടും കൈക്കൂലി നിർബാധം തുടരുക യാണ്. കൈക്കൂലി പിരിക്കാനായി ഇടനിലക്കാരെ നിയോഗിക്കുകയാണ്. മോട്ടർ വെഹിക്കിൾ വകുപ്പിൽ അവർ ഏജന്റൻമാരായി വരും. റജിസട്രേഷൻ വകുപ്പിലും കൈക്കൂലി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ആധാരമെഴുത്തുകാർ നമ്മളോട് ഒരു തുക മൊത്തത്തിൽ പറയുകയാണ്. അതിൽ ഓഫിസിൽ കൊടുക്കേണ്ട കാശുമുണ്ട്. 1000 രൂപ പത്രത്തിൽ എഴുതുന്ന ആധാരത്തിന് ഇത്ര രൂപയാണ് ഫീസ് എന്ന് സർക്കാർ നിശ്ചയിച്ചാൽ തീരുന്ന പ്രശ്നമേ ഉള്ളു. പക്ഷേ, അതു ചെയ്യില്ല. പിരിവ് മുടങ്ങുമല്ലോ. കറന്റ് കിട്ടാൻ, വെള്ളം കിട്ടാൻ അങ്ങനെ എന്തിനും ഏതിനും കൈക്കൂലി കൊടുക്കാൻ നിർബന്ധിതരാവുകയാണ് ജനം. പ്രതികരിച്ചാൽ ജോലി തടസ്സപ്പെടുത്തി എന്ന വകുപ്പിൽ കേസും വരും, കാര്യം നടക്കുകയും ഇല്ല എന്നറിയാവുന്നതിനാൽ ആരും പ്രതികരിക്കില്ല. ചിലരൊക്കെ പെട്രോളൊഴിച്ച് കത്തിക്കുക തുടങ്ങിയ അക്രമ മാർഗങ്ങളിലേക്കു തിരിയാറുണ്ട്. പക്ഷേ, അതല്ലല്ലോ പരിഹാരം.

ഏതു പദ്ധതിക്കും ജനകീയ ഓഡിറ്റ് നിർബന്ധമാക്കുകയാണ് പരിഹാര മാർഗം. ഒരു പദ്ധതിയുടെ എസ്റ്റിമേറ്റ് എങ്ങനെയാണ് തയാറാക്കിയിരിക്കുന്നതെന്ന് ജനത്തിനും പരിശോധിക്കാൻ അവസരമുണ്ടാകണം. ആ രീതിയിലാണോ പണി നടന്നതെന്നു പരിശോധിക്കാനും അവകാശമുണ്ടാകണം. പക്ഷേ, രാഷ്ട്രീയ നേതൃത്വത്തിനുൾപ്പെടെ അതിൽ താൽപര്യമില്ലല്ലോ. വിവരാവകാശ നിയമത്തിൽപ്പോലും വെള്ളം ചേർക്കുകയാണല്ലോ ചെയ്തുകൊണ്ടിരിക്കുന്നത്.

**മാസപ്പടിയിൽ ഒറ്റക്കെട്ട്**

ഉദ്യോഗസ്ഥർക്ക് ലക്ഷങ്ങളിലാണ് കമ്മിഷൻ എങ്കിൽ രാഷ്ട്രീയക്കാർക്ക് അതു കോടികളിലാണ്. അത് രസീത് മുഖേനയും രസീതില്ലാതെയും അക്കൗണ്ടിലും വാങ്ങും. ചിലത് കരാറുകളുടെ കമ്മിഷനാകും. മറ്റുചിലത് ബിസിനസ് സുഗമമായി നടത്തിക്കൊണ്ടുപോകാനുള്ള കൈക്കൂലി ആവും. ഏറ്റവും ഒടുവിൽ കരിമണൽ ഖനനത്തിലൂടെ കോടികൾ കൊയ്യുന്ന വ്യവസായിയിൽ നിന്നാണ് പണം കൈപ്പറ്റിയിരിക്കുന്നത്. ഈ പണം കൈപ്പറ്റൽ ശ്രദ്ധേയമായത് ആദായ നികുതി ഇന്ററിം സെറ്റിൽമെന്റ് ബോർഡ് വിധിയിലൂടെയാണ്. മുഖ്യമന്ത്രിയുടെ മകൾക്കും മകളുടെ കമ്പനിക്കും കൊച്ചി ആസ്ഥാനമായ സിന്തറ്റിക് റൂട്ടൈൽസ് ആൻഡ് മിനറൽ കമ്പനി (സിഎംആർഎൽ) മാസം തോറും നൽകിയിരുന്ന തുകയ്ക്ക് ആനുപാതികമായി പ്രത്യേക സേവനമൊന്നും ചെയ്തിരുന്നില്ലെന്നാണ് ബോർഡ് കണ്ടെത്തിയത്. അപ്പീൽ കൊടുക്കാൻ സാധ്യമല്ലാത്ത വിധിയാണ് ബോർഡ് നൽകിയത്. മുഖ്യമന്ത്രിയുടെ മകളുടെ കമ്പനി കരിമണൽ സംസ്കരണ കമ്പനിക്കു നൽകുന്ന സേവനത്തിനാണ് പ്രതിഫലമെന്ന് സിപിഎം നേതൃത്വം പറയുന്നുണ്ട്. എന്നാൽ ആ



www.malankaralibrary.com




പ്രതിഫലം എന്തുകൊണ്ട് ഇൻകം ടാക്സ് റിട്ടേൺ സമർപ്പിച്ചപ്പോൾ കാണിച്ചില്ലെന്ന മാത്യു കുഴൽനാടൻ എംഎൽഎയുടെ ചോദ്യത്തിന് ഉത്തരവുമില്ല. മാത്ര മല്ല, കമ്പനികൾ തമ്മിലുള്ള സേവനത്തിന് കമ്പനി യിലെ ഉദ്യോഗസ്ഥ (അല്ലെങ്കിൽ ഉടമ) എങ്ങനെ പ്രത്യേകം പ്രതിഫലം വാങ്ങുമെന്ന ചോദ്യത്തിനും ഉത്തരമില്ല. 1.72 കോടി രൂപയാണ് കൈപ്പറ്റിയത്. സാധാരണക്കാരന് ചിന്തിക്കാൻ കഴിയാത്ത തുക. മന്ത്രി മുഹമ്മദ് റിയാസിന്റെ ഭാര്യ കൂടിയാണ് മുഖ്യമന്ത്രിയുടെ മകൾ. അതുകൊണ്ടു തന്നെ തിരഞ്ഞെടുപ്പ് സത്യവാങ്മൂലത്തിൽ ഭാര്യയുടെ വരുമാനവും കൃത്യമായി കാണിക്കേണ്ടതുണ്ട്. പക്ഷേ, അതു കാണിച്ചിട്ടില്ലെന്നാണ് മനസ്സിലാകുന്നത്.

ഇതാദ്യമായല്ല മുഖ്യമന്ത്രിയുടെ മകളുടെ കമ്പനി എക്സാലോജിക് വിവാദത്തിലാകുന്നത്. കോടിയേരി ബാലകൃഷ്ണൻ സംസ്ഥാന സെക്രട്ടറിയായിരിക്കെ അദ്ദേഹത്തിന്റെ മകനെതിരെ കേസ് വന്നപ്പോൾ ന്യായീകരണത്തിന് പാർട്ടി നിന്നിരുന്നില്ല. എന്നാൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മകളുടെ കാര്യമായ പ്പോൾ പാർട്ടി നേതൃത്വവും അണികളും ചാടിവീണ് ന്യായീകരിക്കുന്നുണ്ട്. പക്ഷേ, പാർട്ടി സംസ്ഥാന സെക്രട്ടറി മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് ഉത്തരം നൽകാതെ ഇറങ്ങിപ്പോവുകയായിരുന്നു. മുഖ്യമന്ത്രിയുടെ മരുമകൻ കൂടിയായ മന്ത്രി മുഹമ്മദ് റിയാസ് മാധ്യമ പ്രവർത്തകരെ ആക്ഷേപിക്കുന്ന തരത്തിലാണ് മറുപടി പറഞ്ഞത്. ഈ വാർത്ത പുറത്തു കൊണ്ടുവന്ന മാധ്യമ പ്രവർത്തകന്റെ കുടുംബാംഗ ങ്ങളെ വരെ പേരെടുത്ത് പറഞ്ഞ് അസഭ്യം പറയുക യാണ് ഇടതു സൈബർ പോരാളികൾ. എന്നിട്ടും മുഖ്യമന്ത്രി മൗനമാണ്. ആരോപണങ്ങളുണ്ടാകുമ്പോൾ മിണ്ടാതിരിക്കുക അദ്ദേഹത്തിന്റെ ശൈലിയാണ്. സ്വപ്ന സുരേഷ് ആവർത്തിച്ച് മുഖ്യമന്ത്രിക്കും കുടുംബത്തിനു മെതിരെ ആരോപണം ഉന്നയിച്ചിട്ടും ഒരു മാനനഷ്ട കേസ് പോലും കൊടുക്കാൻ അദ്ദേഹം തയാറായിട്ടുമില്ല. മുഖ്യമന്ത്രിയുടെ കുടുംബാംഗത്തിന് വലിയ തുക കൈമാറുക വെറുതെയാവില്ലല്ലോ. ഗുണം പ്രതീക്ഷിച്ചുതന്നെയാണ്. അതുകൊണ്ടാണല്ലോ എല്ലാ ജനകീയ എതിർപ്പുകളെയും അവഗണിച്ച് ആലപ്പുഴ തീരത്തുനിന്ന് നിർബാധം കരിമണൽ ഖനനം ചെയ് തെടുക്കാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ ഈ പണം കൈപ്പറ്റൽ ഗുരുതര മാനങ്ങളുള്ളതാണ്. അനർഹമായ സഹായത്തിനുള്ള പ്രതിഫലം എന്നു ജനം ചിന്തിച്ചാൽ കുറ്റപ്പെടുത്താനാവില്ല.

എന്നാൽ ആലിൻകായ പഴുത്തപ്പോൾ കാക്കയ്ക്ക് വായ്പുണ്ണ് എന്നു പറഞ്ഞതുപോലെയായി പ്രതി പക്ഷ ത്തിന്റെ അവസ്ഥ. കരിമണൽ വ്യവസായി യുടെ പറ്റ് ബുക്കിൽ ഭരണ, പ്രതിപക്ഷ നേതാക്കളുടെ പേര് ഉണ്ടെന്നു കണ്ടതോടെ പ്രതിപക്ഷ വീര്യം ചോർന്നുപോയി. നിയമസഭയിൽ പോലും ഉന്നയിക്കാൻ നിൽക്കാതെ ആദർശ ധീരനായ പ്രതിപക്ഷ നേതാവ് സ്ഥലംവിട്ടു. കിട്ടിയ അവസരത്തിൽ മാത്യു കുഴൽനാടൻ നിയമസഭയിൽ വിഷയം അവതരിപ്പിച്ചെങ്കിലും അതെല്ലാം രേഖയിൽ നിന്നു നീക്കുകയായിരുന്നു സ്പീക്കർ. എല്ലാവരും ചേർന്നുള്ള ഒത്തുകളിയിൽ സ്പീക്കർ അദ്ദേഹത്തിന്റെ പങ്കും നിർവഹിക്കണമല്ലോ.

രാഷ്ട്രീയ കക്ഷികൾ ജനങ്ങളിൽ നിന്നു മാത്രം പണം പിരിച്ച് പ്രവർത്തിച്ചിരുന്ന കാലമുണ്ടായിരുന്നു. അന്ന് അവർ സമ്പന്നരുടെ അടിമകളായിരുന്നില്ല. എന്നാൽ ഇന്ന് ഉന്നത രാഷ്ട്രീയ നേതാക്കളിൽ ഭൂരി ഭാഗവും ആരുടെയെങ്കിലും പണം വാങ്ങുന്നവരാണ്. കേരളത്തിലെ ക്വാറികളിൽ നിന്നും ക്രഷറുകളിൽ നിന്നും നിയമാനുസൃതം റോയൽറ്റി പിരിച്ചാൽ കേരള ത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് വലിയ പരിഹാര മാകും. പക്ഷേ, അതിനുപകരം ക്വാറികളെ തങ്ങളുടെ ധന ഖനികളാക്കി മാറ്റുകയാണ് രാഷ്ട്രീയ നേതൃത്വം. കരിമണൽ കേരളത്തിന്റെ സമ്പത്താണ്. അതും സ്വകാര്യ കമ്പനിക്ക് കൊള്ളലാഭം ഉണ്ടാക്കാനായി ഉപ യോഗിക്കുകയാണ്. ആലപ്പുഴ ജില്ലയിൽ രണ്ടു പഞ്ചായത്തുകൾ ഈ ഖനനം കാരണം ഗുരുതര പ്രതിസന്ധിയിലാണ്. അവിടെ വന്നടിയുന്നതിനേക്കാൾ മണലാണ് വാരി മാറ്റുന്നത്. അതിനെതിരെ സമരം ചെയ്ത രാഷ്ട്രീയ കക്ഷികളുടെ നേതാക്കളും പണം പറ്റിയവരിലുണ്ടെന്നാണ് മനസ്സിലാകുന്നത്. എന്തൊരു വഞ്ചനയാണ് അവർ കാണിച്ചത്. ചില മാധ്യമ പ്രവർ ത്തകരും സ്ഥാപനങ്ങളും പണം കൈപ്പറ്റിയിട്ടുണ്ടത്രേ. ഇത്തരം കാശ് കൈപ്പറ്റുന്നവരുടെ നിരയിലേക്ക് മാധ്യമ പ്രവർത്തകരും വരുന്നുണ്ടെന്നത് ഏറെ വിഷമ



www.malankaralibrary.com



## ആരാധനാക്രമ പരമ്പര

# ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്)

**സഭയുടെ ആരാധനാക്രമത്തിന്റെ ദൈവശാസ്ത്രമാനങ്ങൾ പഠന വിഷയമാക്കുന്ന പുതിയ പരമ്പര ആരംഭിക്കുന്നു**

**റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.**



പ്രസിദ്ധനായ ആരാധനാ ദൈവശാസ്ത്രജ്ഞൻ അലക്സാണ്ടർ ഷ്മെമൻ മതാത്മകതയെ നിർവചിച്ചിരിക്കുന്നത് തികച്ചും ശ്രദ്ധേയമാണ്: 'മതാത്മകത എന്നാൽ മറ്റെന്തിനെക്കാൾ ദൈവത്തിനുവേണ്ടിയുള്ള ദാഹമാണ്... ഭക്തൻ അർപ്പിക്കുന്ന യാഗത്തിൽ അവൻ സ്വയമായും സ്വന്തമായിട്ടുള്ളതും ദൈവത്തിന് സമർപ്പിക്കുന്നു; കാരണം അറിഞ്ഞ ദൈവത്തെ സ്നേഹിക്കുവാനും, സ്നേഹിക്കുന്ന ദൈവത്തോട് ഐക്യപ്പെടുവാനും പരിശ്രമിക്കുന്നു'. ക്രിസ്തീയ ജീവിതം അടിസ്ഥാനപരമായി മതാത്മകമായ ഒരു അവബോധവും ദൈവത്തോടുള്ള ഭക്തിയുമാണ്. വി.മാമ്മോദീസായ്ക്കു

---

മുണ്ടാക്കുന്നു. ഈ മാധ്യമ പ്രവർത്തകരിൽ എത്ര പ്രമുഖരുണ്ട് തുടങ്ങിയ വിവരങ്ങളെല്ലാം പുറത്തുവരേണ്ടതുണ്ട്. പക്ഷേ, ഒരു രാഷ്ട്രീയ കക്ഷിക്കും താൽപര്യമില്ലല്ലോ. ജനം വിഡ്ഢികളാക്കപ്പെടുന്നു. രാജ്യം 77 –ാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുമ്പോൾ അത് ചിലർക്ക് കൈയിട്ടുവാരാനുള്ള സ്വാതന്ത്ര്യമായി മാറുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. കേരളത്തെ വികസിത രാജ്യത്തിന്റെ നിലവാരത്തിലേക്കെത്തിക്കാനുള്ള വിഭവ ശേഷി നമുക്കുണ്ട്. പക്ഷേ, കള്ളും ലോട്ടറിയും വിറ്റും നികുതി വല്ലാതെ കൂട്ടിയും മാത്രം പണം കണ്ടെത്താനാണല്ലോ ശ്രമം. ആരെങ്കിലും തരുന്ന കാശ് പോക്കറ്റിലിട്ട് ചിലർക്ക് കൊള്ളലാഭം ഉണ്ടാക്കാനുള്ള വഴിതുറക്കലാണ് രാഷ്ട്രീയ നേതൃത്വത്തിന്റെ താൽപര്യം. ഫൈവ് സ്റ്റാർ ജീവിതമാണല്ലോ എല്ലാവരുടെയും ആഗ്രഹം.

തീർച്ചയായും സമസ്ത മേഖലകളിലും ജനകീയ ഓഡിറ്റ് ആവശ്യമാണ്. ആവശ്യമില്ലാത്ത പദ്ധതികൾ നിർത്തിവയ്ക്കാൻ, ആവശ്യമുള്ളവയ്ക്ക് മാത്രം പണം ചെലവാക്കാനും സംസ്ഥാനത്തിന്റെ വിഭവ ശേഷി പൊതുതാൽപര്യത്തിനായി ഉപയോഗിക്കാനും തീരുമാനിച്ചാൽ ധനപ്രതിസന്ധി തീരും. പക്ഷേ, അതിന് ആര് തയാറാകുമെന്നതാണ് പ്രശ്നം.

www.malankaralibrary.com

ശേഷം ക്രിസ്ത്യാനിക്ക് ലഭിക്കുന്ന അഭിധാനം 'ഭക്തൻ' എന്നുമാണ്; അഥവാ അത്തരം ഒരു ജീവിതശൈലി യാണ് ക്രിസ്തീയ മുന്നേറ്റം സമഗ്രതയിൽ നേടിയെടു ക്കേണ്ടത്. പ്രാരംഭ കൂദാശാസ്വീകരണം നിമിത്തം ഭക്തൻ ഉന്നതിയിലേക്കുള്ള ആരോഹണക്രമത്തിൽ സ്ഥാനം ഉറപ്പിക്കുന്നു. ക്രിസ്തുവിലേക്കുള്ള ഒരു പരി വർത്തനം ജീവിതലക്ഷ്യമാണ്. അത്തരം ആത്മീയ പ്രയാണത്തിൽ ക്രിസ്തു, കേന്ദ്രവും മാതൃകയുമാണ്. ദൈവശാസ്ത്ര വിശകലനത്തിൽ ക്രിസ്തു 'പ്രാഥമിക കൂദാശ' അഥവാ കൗദാശിക ജീവിതത്തിന്റെ അടി സ്ഥാനമാണ്. ജീവിതത്തിന്റെ സമർപ്പണവും വിശുദ്ധീ കരണവും ക്രിസ്തുമാർഗ്ഗത്തോട് ബന്ധപ്പെട്ടിരിക്കുന്നു. 'എസ്കത്തോൺ' എന്ന മഹാരഹസ്യത്തിൽ ദൈവരാ ജ്യത്തിന്റെ മാർഗ്ഗവും ലക്ഷ്യവുമായി ക്രിസ്തുജീവിതം നിർവചിച്ചിരിക്കുന്നു.

**മനുഷ്യൻ ഒരു 'ഹൈബ്രിഡ്'**

മഹാനായ ഗ്രിഗറി നസിയാൻസെൻ മനുഷ്യജീവി തത്തിന്റെ മാഹാത്മ്യത്തെ വർണിച്ചിരിക്കുന്നത് 'ഹൈബ്രിഡ്'-മിശ്രിതം- എന്ന നിർവചനത്താലാണ്. മനുഷ്യനെന്ന രഹസ്യം (mystery) ഭൗതികവും ആത്മീ യവുമായ യാഥാർത്ഥ്യത്തിന്റെ മിശ്രിതമാണ്. ലോക സൃഷ്ടാവ് മനുഷ്യനെന്ന സൃഷ്ടികർമ്മത്തിന് രണ്ട് 'സാധ്യതകൾ' നൽകി അനുഗ്രഹിച്ചു. ദൈവസ്നേഹ ത്തിന്റെ ഉപാസകനായ മനുഷ്യൻ ദൃശ്യമായ അടയാള ങ്ങളിലൂടെ അദൃശ്യരഹസ്യത്തെ ധ്യാനിക്കുന്നു. ഭൗതി കനെങ്കിലും ആത്മീയതയിലേക്ക് വളരേണ്ടവനാണവൻ. ടേണ്ടത് 'ഹോമോ അഡോറൻസ്' ആരാധനയുടെ മനു ഷ്യൻ - എന്നാണ്. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം ദൈവത്തെ മഹത്വപ്പെടുത്തുക എന്നതാണ്. ആരാധ നയുടെ മനുഷ്യനായ ദൈവസൃഷ്ടി, 'ഒരു പുരോഹി തനായി' പരിലസിച്ചുകൊണ്ട് ദൈവ കൃപയ്ക്ക് നന്ദി പറയുന്നു; പ്രത്യുപകാരമായി ജീവിതം തന്നെ ദൈവ ത്തിന് സമർപ്പിക്കുന്നു. മലങ്കര സഭയുടെ ആരാധനാ ക്രമം തന്നെ മാനവനെ ഇപ്രകാരം പരിചിതമാക്കുന്നു: '...നിന്റെ വിലയേറിയ തിരുശരീരരക്തങ്ങൾ സ്വീകരി ക്കുന്ന ആരാധകരുടെ ഈ സംഘത്തെ ആശീർവദി ക്കേണമേ' (വി. കുർബാന തക്സാ).

**സെമിറ്റിക് നരവംശശാസ്ത്രം**

സെമിറ്റിക് നരവംശശാസ്ത്രം, ദാർശനിക സമീപ നത്തെക്കാൾ അധികമായി തിരുവചനത്തിലും വിശ്വാ സപാരമ്പര്യത്തിലും അധിഷ്ഠിതമാണ്. ശ്രേഷ്ഠമായ സംഭാവന എന്ന രീതിയിൽ സുറിയാനിസഭ, സൃഷ്ടി, വെളിപാട്, ക്രിസ്തുവിന്റെ മനുഷ്യാവതാരം എന്നിവ ദൈവീക മുന്നേറ്റത്തിലെ സംയോജിത പ്രക്രിയകളായി അവതരിപ്പിക്കുന്നു. സുറിയാനി സഭാ ദർശനത്തിന് തനതായ സംഭാവന നൽകിയ സിറിയായിലെ വി. അപ്രേം, മനുഷ്യനെ, ക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യത്തിന്റെ വെളിച്ചത്തിലാണ് ആവിഷ്കരിക്കു ന്നത്. മനുഷ്യത്വത്തിന്റെ ഇടമുറിയാത്ത രൂപാന്തരമാ യിട്ടാണ് ആ ജീവിതത്തെ അവതരിപ്പിക്കുന്നത്. ദൈവീകവാസത്തിന് യോഗ്യമായ 'കൂടാരമായി' മനു ഷ്യശരീരത്തെ വീക്ഷിക്കുകയാണ്. ദൈവ സാന്നിദ്ധ്യ



ഭൗമികതയും സ്വർഗ്ഗീയതയും തമ്മിലുള്ള കണ്ടുമുട്ട ലിന് ജീവിതത്തെ അവൻ ക്രമീകരിക്കുന്നു. അനശ്വര തയുടെ ഭക്തനാകാൻ അവൻ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതായതിനാൽ ദൈവമഹത്വത്തിനും ദൈവഹിതത്തിനും സ്വയം സമർപ്പിതനാകണം. വി. ഗ്രിഗറി നസിയാൻസെൻ പരി ചിതമാക്കുന്ന 'ഹൈബ്രിഡ്'എന്ന ആത്മീയ ആശയം മാനവനെ ആത്യന്തികമായ ഒരു ഭക്തനും ആരാധക നുമായി മഹത്വപ്പെടുത്തുന്നു. തത്ഫലമായി ആരാധനാ എന്നത് മാനവന്റെ അടിസ്ഥാന ജീവിതശൈലിയായും 'ദൈവവിളിയായും' അവതരിപ്പിക്കുന്നു. അലക്സാണ്ടർ ഷ്മെമൻ പറയുന്ന പ്രകാരം ദൈവസൃഷ്ടി യായ മനു ഷ്യൻ, മറ്റ് എന്ത് നിർവചനങ്ങളെക്കാളും അറിയപ്പെ ത്തിന്റെ വാസസ്ഥം എന്നുള്ള ദർശനമാണിവിടെ വീക്ഷിക്കുന്നത്. അനന്തരഫലമായി സഭ തന്നെ 'ക്രിസ്തുവിന്റെ ശരീരമായി' അവതരിപ്പിക്കുമ്പോഴും ആരാധനാസംഘമായിട്ടാണ് വിശകലനം ചെയ്യുന്നത്. മനുഷ്യാവതാര രഹസ്യത്തെ വിവരിക്കുന്നത് മാനവനെ 'സംഗീതം പഠിപ്പിക്കുവാൻ'- യഥാർത്ഥ ആരാധന-ഉള്ള ഒരു അധ്യാപനമാർഗ്ഗം (pedagogy) ആയിട്ടാണ്. യഥാർത്ഥ ആരാധനയിലൂടെ സ്വർഗ്ഗവും ഭൂമിയും സമ്മേ ളിക്കുന്നു; ദൈവവും മനുഷ്യനും ഐക്യത്തിന്റെ ഉട മ്പടി ബന്ധം ആഘോഷിക്കുന്നു. പറുദീസായിലെ പുറ ത്താക്കൽ, ദൈവ മഹത്വീകരണത്തിൽ സംഭവിച്ച കൃത്യവിലോപം ആയിട്ടാണ് ഇത്തരണത്തിൽ സുറി യാനി പിതാക്കൻമാർ ദർശിക്കുന്നത്. ആരാധനയുടെ

www.malankaralibrary.com



ആഘോഷത്തിലൂടെ, പറുദീസായുടെ പുന:പ്രവേശനവും സംഭവ്യമാകുന്നു.

ദൈവഛായയിലും സാദൃശ്യത്തിലുമുള്ള സൃഷ്ടി വിവരണം മാനവനെ സൃഷ്ടിയുടെ മകുടമായും സ്വർഗ്ഗത്തെയും ഭൂമിയെ ബന്ധിപ്പിക്കുന്ന കണ്ണിയായും അവതരിപ്പിക്കുന്നു. സുറിയാനി പിതാക്കമാരിൽ അഗ്രഗണ്യനായ സ്രൂഗിലെ മാർ യാക്കോബ് ദൈവസാദൃശ്യത്തിന്റെ നാല് അതുല്യ സവിശേഷതകൾ സൂചിപ്പിക്കുന്നു: സൃഷ്ടിയിൽ സഹകാരിയാകുക, മനുഷ്യന് നൽകപ്പെട്ട അനന്യകഴിവുകളുടെ (ഭാവന, അവബോധം, അഭിനിവേശം, ധാരണ, ഓർമ്മ, യുക്തി) ആത്മീയ പ്രയോഗം, സംസാരശേഷി, സ്വതന്ത്ര ഇച്ഛാശക്തിയുടെ ഉടമസ്ഥത. ഇതിൽ സംസാരശേഷി എന്നത് ദൈവമഹത്വത്തിനായുള്ള സാധ്യതയായിട്ടാണ് വീക്ഷിക്കപ്പെടുന്നത്. ദൈവവുമായുള്ള പ്രസ്തുത ഐക്യം 'ആരാധനാ മനുഷ്യൻ'എന്ന സംജ്ഞക്ക് ഭക്തനെ അർഹനാക്കിതീർക്കുന്നു. മനുഷ്യന്റെ അസ്തിത്വം തന്നെ ആരാധനയോട് ഒട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. ശ്ഹീമോ നമസ്കാരം അത് സാക്ഷ്യപ്പെടുത്തുന്നു: 'ആറാം ദിവസമതിൽ, ആദിയിലാദാമെ പൂഴിയിൽ നിന്നു മനഞ്ഞവനാത്മാവേകി, വാചാലത നൽകി, സ്രഷ്ടാവിനെയേവം ഹാ-ഹാ-സ്തോത്രം പാടീടാൻ' (വെള്ളി, സന്ധ്യ). ചുരുക്കത്തിൽ, ദൈവം മാനവനെ ആരാധനയുടെ വ്യക്തിയായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു; മനുഷ്യ ജീവിതത്തിന്റെ മാഹാത്മ്യമാകട്ടെ ആരാധനയുടെ ആചരണത്തിനുമായി നൽകപ്പെട്ടിരിക്കുകയും ചെയുന്നു.

**ക്രിസ്തീയ അസ്തിത്വവും ആരാധനയുടെ ജീവിതവും**

സങ്കീർത്തനത്തിന്റെ പ്ശിത്താ തർജ്ജിമ ഇപ്രകാരം കുറിച്ചിരിക്കുന്നു: 'ആരംഭം മുതൽ അവസാനം വരെ നീ എന്നെ അറിയുന്നുവല്ലോ ദൈവമേ; കാരണം നീ എന്നെ സൃഷ്ടിച്ചു; നിന്റെ കരം എന്മേലുണ്ടായിരുന്നു' (139:5). സെമിറ്റിക് ശൈലിയിൽ 'നിന്റെ കരം എന്റെ മേൽ വച്ചു' എന്ന് പറയുന്നത് 'നീ എന്നെ പുരോഹിതനായി നിയമിച്ചു/വാഴിച്ചു'എന്നാണ് വ്യഖ്യാനിക്കുന്നത്. അപ്രകാരം സുറിയാനി പിതാക്കന്മാരുടെ കാഴ്ച്ചപ്പാടിൽ ആദം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, ദൈവമുമ്പാകെ എല്ലാസൃഷ്ടിക്കുവേണ്ടി നിൽക്കുവാനാണ്. നന്ദി പ്രകാശനത്തിന്റെയും സ്തുതിയുടെയും ജീവിതമാണ് ആദത്തിലൂടെ മനുഷ്യവർഗ്ഗത്തിന് നൽകിയിരിക്കുന്നത്. സൃഷ്ടാവിനെ സ്തുതിക്കുക എന്നത് സൂചിപ്പിക്കുന്നത് ജീവിതത്തിൽ പാലിക്കേണ്ടതായ സമഗ്രമായ ഒരു അഭിവിന്യാസമാണ്. വി. അപ്രേം ഇത്തരണത്തിൽ പ്രസ്താവിക്കുന്നതും ശ്രദ്ധേയമാണ്: 'എന്റെ കർത്താവേ, നിന്റെ സ്തുതിയിൽ നിന്ന് എന്റെ വീണയ്ക്ക് എങ്ങനെ വിശ്രമിക്കാനാകും?' (വിശ്വാസഗീതങ്ങൾ 14:9). അപ്രകാരം സ്തുതിപ്പിന്റെ ആരാധനയുടെ ജീവിതമെന്നത് ദൈവവുമായി സംസർഗ്ഗത്തിൽ കഴിയുവാനുള്ള ഗൃഹാതുരത്വത്തിന്റെ ആവിഷ്കാരമാണ്; ഒപ്പം നഷ്ടപ്പെട്ടുപോയ വാസസ്ഥലവും അനന്തരാവകാശവും വീണ്ടെടുക്കുവാനുള്ള ആഗ്രഹവുമാണ്. ആയതിനാൽ ആരാധന എന്നാൽ അർത്ഥമാക്കുന്നത്, സൃഷ്ടി അടിസ്ഥാനമായി എന്തായിരിക്കണമോ, അത് ആയിത്തീരുന്ന അവസ്ഥയാണ്.

മാമ്മോദീസയിലൂടെ 'വീണ്ടും ജനനം' സാധ്യമാകുമ്പോൾ പറുദീസായെന്ന വാസസ്ഥലത്തിന്റെ പ്രവേശനം സാധ്യമാകുന്നു. ദൈവസ്തുതി ക്രിസ്ത്യാനിയുടെ കടമയാകുന്നു; അപ്രകാരമുള്ള തിരിച്ചറിവും ആഘോഷവും ക്രിസ്തീയ ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നു. ആരാധന ക്രിസ്ത്യാനിയുടെ വിളിയും പ്രത്യുത്തരവുമാണ്. ദൈവത്തെ സ്തുതിക്കുകയെന്നാൽ, സുറിയാനി പാരമ്പര്യ പ്രകാരം, നൽകപ്പെട്ട ദൈവവിളിയെ തിരിച്ചറിഞ്ഞ് പ്രതികരണങ്ങൾ സൃഷ്ടിക്കുകയാണ്.

*(തുടരും)*

www.malankaralibrary.com




RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)284/2021-2023
Date of Publication 29-8-2023

www.malankaralibrary.com

**Christavakahalam Monthly, SEPTEMBER 2023**
Annual Subscription Rs. 150/-
bbbbSingle Copy Rs. 15/-

**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....**

ക്രൈസ്തവ കാഹളം




**വായിക്കുക
വരിക്കാരാകുക
പ്രചരിപ്പിക്കുക**

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com